# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും” (യാക്കോബ് ൪:൮)

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 04 ഏപ്രിൽ–2013 ലക്കം 4**

ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


സർക്കുലർ .......................................................... 03
മേയ്ദിന സന്ദേശം .................................................. 06
50-ാം ലോകദൈവവിളി ദിനം ................................... 14
രൂപതാകച്ചേരി വാർത്തകൾ .................................... 20
ഊട്ടി സെന്റ് ജോസഫ്സ് ഇടവകയാക്കി
ഉയർത്തിക്കൊണ്ടുള്ള ഡിഗ്രി .................................... 23
വൈദിക സമ്മേളനം റിപ്പോർട്ട് ................................. 27
പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ............................. 29
*Pastoral Council Members* ......................................... 32
വിശ്വാസവർഷം .................................................... 35
മതബോധനരംഗം ................................................... 37
ചെറുപുഷ്പമിഷൻലീഗ് ............................................ 52
കെ.സി.വൈ.എം. .................................................... 57
കെ.സി.വൈ.എം. പഠനരേഖ ..................................... 61
കുടുംബപ്രേഷിതത്വം ............................................ 71
വിൻസെന്റ് ഡി പോൾ സൊസൈറ്റി........................... 76
സിയോൻ വാർത്തകൾ ............................................ 80
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........................... 84
സാമൂഹ്യ സേവനരംഗം (WSSS).................................. 84
കേരള ലേബർ മൂവ്മെന്റ് ....................................... 86
***Mary Matha Arts & Science College*** .......................... 87
റേഡിയോ മാറ്റൊലി ............................................... 89
*CHRISTIAN CIVIC SERVICE SOCIETY (CCSS)* ....................... 91
മീഡിയാകമ്മീഷൻ .................................................. 92
അറിയിപ്പുകൾ ...................................................... 93
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................. 97
ബിഷപ്സ് പ്രോഗ്രാം ............................................... 98



## പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയ്ക്ക്

### മാനന്തവാടി രൂപതയുടെ

### പ്രാർത്ഥനാ നിർഭരമായ

**അനുമോദനങ്ങൾ!**

**ആശംസകൾ!**

# റവ. ഫാ. ജോസഫ് നെച്ചിക്കാട്ട് സുവർണ്ണജൂബിലിയുടെ നിറവിൽ



മാനന്തവാടി രൂപതയിലെ സീനിയർ വൈദികനും പ്രശസ്ത എഴുത്തുകാരനുമായ ബഹു. ജോസഫ് നെച്ചിക്കാട്ട് അച്ചൻ 2013 മാർച്ച് 19-ാം തീയതി പൗരോഹിത്യത്തിന്റെ 50-ാം വർഷം പൂർത്തിയാക്കി. 1937 ഏപ്രിൽ 26-ാം തീയതി പാലായ്ക്കടുത്ത് ചേർപ്പുങ്കൽ എന്ന സ്ഥലത്ത് ജനിച്ചു. 1963 മാർച്ച് 19-ന് പൗരോഹിത്യം സ്വീകരിച്ചു. ദൈവശാസ്ത്ര ത്തിൽ ലാറ്ററൻ യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദവും ലുവൈൻ യൂണിവേഴ്സിറ്റി യിൽ നിന്നും ലൈസൻഷ്യേറ്റും കരസ്ഥമാക്കി. മനഃശാസ്ത്രത്തിൽ ബിരുദവും പൊളിറ്റിക്കൽ സയൻസ്, ഹിസ്റ്ററി, റിലീജിയസ് സ്റ്റഡീസ് എന്നീ വിഷയങ്ങളിൽ ബിരുദാന ന്തരബിരുദവും നേടിയിട്ടുള്ള നെച്ചിക്കാട്ടച്ചൻ യൂറോപ്യൻ രാജ്യങ്ങൾ, ആഫ്രിക്കൻ രാജ്യ ങ്ങൾ, അറബി-ഇസ്രയേൽ നാടുകൾ, സോവിയറ്റ് യൂണിയൻ, അമേരിക്ക, കാനഡ എന്നീ രാജ്യങ്ങളിൽ പലവട്ടം പര്യടനം നടത്തുകയും താമസിക്കുകയും ചെയ്തിട്ടുണ്ട്. തലശ്ശേരി രൂപതയിലെ ഉദയഗിരി, താബോർ, ഭീമനടി, നടുക്കലക്കാട് എന്നീ ഇടവകകളിലും ബൽത്തങ്ങാടി രൂപതയിലെ തോട്ടത്താടി, ജഡിക്കൽ ഇടവകകളിലും സേവനം ചെയ്ത അച്ചൻ മാനന്തവാടി രൂപതയിലെ മരകാവ്, മുള്ളൻകൊല്ലി, തവിഞ്ഞാൽ, ആറാട്ടുതറ, ദീപ്തിഗിരി, ബത്തേരി, വടക്കനാട്, കല്ലുമുക്ക്, ചുള്ളിയോട്, ചെറുകാട്ടൂർ, കാരയ്ക്കാമല, കണിയാരം സെന്റ് ജോസഫ്സ് കത്തീഡ്രൽ, കാട്ടിക്കുളം എന്നീ ഇടവകകളിൽ വികാ രിയായി സേവനം ചെയ്തു. മാനന്തവാടി രൂപത സ്കൂൾ കോർപ്പറേറ്റ് മാനേജർ, ന്യൂമാൻസ് കോളേജ് പ്രിൻസിപ്പാൾ, സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ ഡയറക്ടർ എന്നീ സ്ഥാന ങ്ങളിലും ദീർഘകാലം സേവനം ചെയ്തു. ശ്രീ. ടി.യു. ജേക്കബിനും ഫാ. വടക്കനുമൊപ്പം 1965 ൽ പുൽപ്പള്ളി കുടിയിറക്കിനെതിരെ ജനകീയ സമരം നയിച്ചു. നിരവധി ദേവാല യങ്ങളും വൈദീക മന്ദിരങ്ങളും നിർമ്മിക്കാൻ നേതൃത്വം നൽകി. 1962 മുതൽ നിര വധി പത്രമാസികകളിൽ ധാരാളം ലേഖനങ്ങൾ എഴുതിവരുന്നു. 13 വർഷമായി ദീപനാളം, സൺഡേശാലോം, അപ്നാദേശ്, സ്നേഹധാര, ചെറുപുഷ്പം, ഡോൺബോസ്കോ, മേരീവിജയം, റിന്യൂവൽ വോയ്സ്, ജീവജ്വാല, അമ്മ തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ പ്രചോദനാത്മകമായ ലേഖനങ്ങൾ പ്രസിദ്ധീകരിച്ച് വരുന്നു. തിരുമുൽകാഴ്ച, ജീവിതം ഒരു വെല്ലുവിളി (3വാല്യം), ഇരുണ്ട വൻകരയിലൂടെ, ഇരുമ്പുയവനികയിൽ തുറന്നിട്ട ജാലകം, ദിവ്യസന്ദേശം (2 വാല്യം), ജീവിത ചിന്തകൾ (6 വാല്യം), വചനസന്ദേശം, വച നവിരുന്ന്, സംസാരിക്കുന്ന സംഭവങ്ങൾ (3 വാല്യം) തുടങ്ങി ഇരുപതിലധികം ഗ്രന്ഥ ങ്ങൾ രചിച്ചിട്ടുണ്ട്. മികച്ച സാഹിത്യ പ്രവർത്തനത്തിനുള്ള മേരി വിജയം അവാർഡിനും, ശാലോ മീഡിയ അവാർഡിനും അച്ചൻ അർഹനായി. ദ്വാരകയിലുള്ള വിയാനിഭവനിൽ താമസിച്ചുകൊണ്ട് വായനയിലും, എഴുത്തിലും, അധ്യാപനത്തിലും മുഴുകിയിരിക്കുന്നു. ലളിതമായ ജീവിതശൈലിയും ദീർഘദൂര നടത്തവും എഴുപത്തഞ്ചാം വയസ്സിലും നെച്ചിക്കാട്ടച്ചനെ നല്ല ആരോഗ്യവാനായിരിക്കുവാൻ സഹായിക്കുന്നു. മാനന്തവാടി രൂപതയിൽ അച്ചൻ ചെയ്ത സേവനങ്ങളെ നന്ദിയോടെ അനുസ്മരിച്ചുകൊണ്ട് രൂപതാ കുടുംബത്തിന്റെ പേരിൽ സുവർണ്ണജൂബിലി മംഗളങ്ങൾ നേരുന്നു.

# സർക്കുലർ

***Circular Letter No. 07/2013***
***Prot. No. 13427/2013***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ആഗോളവ്യാപകമായ കത്തോലിക്കാ തിരുസഭയെ നയിക്കാൻ അർജന്റീനായിലെ ബ്യൂനെസ്അയേഴ്സ് അതിരൂപതയുടെ മെത്രാപ്പോലീത്താ ആയിരുന്ന കർദ്ദിനാൾ ഹോർഹേ മാരിയോ ബെർഗോളിയോയെ ഫ്രാൻസീസ് എന്ന പേരിൽ മാർപ്പാപ്പയായി ദൈവം നമുക്ക് നൽകിയിരിക്കുകയാണല്ലോ. *ഞങ്ങളെ നിത്യം കാത്തുപരിപാലിക്കുന്ന നല്ല ദൈവമേ, അങ്ങയുടെ അജഗണമായ ഞങ്ങളെ നയിക്കുന്നതിന് അങ്ങയുടെ തിരുമനസ്സിന് ഇണങ്ങിയ അജപാലകരെ അങ്ങ് നൽകുന്നുവല്ലോ* എന്ന നമ്മുടെ പ്രാർത്ഥന അന്വർത്ഥമാക്കിക്കൊണ്ടാണ് അദ്ദേഹം മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. കാരണം അദ്ദേഹം ആ ഗണത്തിൽ പെടുന്നു എന്ന് അദ്ദേഹത്തിന്റെ ആദ്യപ്രവർത്തനങ്ങൾ തന്നെ തെളിയിച്ചിരിക്കുന്നു. പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പായുടെ തെരഞ്ഞെടുപ്പ് സഭയ്ക്കും ലോകത്തിനും വലിയ പ്രത്യാശയ്ക്ക് വക നൽകിയിരിക്കുകയാണ്. നമുക്ക് തലവനും വഴികാട്ടിയുമായി അദ്ദേഹത്തെ നൽകിയ നല്ല ദൈവത്തെ സ്തുതിച്ച് വാഴ്ത്താം. അവിടുത്തേയ്ക്ക് നന്ദി പറയാം. അതോടൊപ്പം പുതിയ പാപ്പായുടെ ആയുരാരോഗ്യത്തിനുവേണ്ടിയും പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന സഭയെ നയിക്കുന്നതിനാവശ്യമായ വിശുദ്ധിയും വിജ്ഞാനവും വിവേകവും അദ്ദേഹത്തിന് ലഭിക്കുന്നതിനുവേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം.

പലതരത്തിലും പ്രത്യേകതകളുള്ളതായിരുന്നു ഫ്രാൻസീസ് പാപ്പായുടെ തെരഞ്ഞെടുപ്പ്. ആധുനിക യൂറോപ്പിന് പുറത്ത് നിന്ന് മാർപാപ്പയായി തെരഞ്ഞെടുക്കപ്പെടുന്ന ആദ്യവ്യക്തിയാണ് അദ്ദേഹം. സ്ഥാനത്യാഗം ചെയ്ത മാർപാപ്പ ജീവിച്ചിരിക്കുമ്പോഴാണ് അദ്ദേഹം

തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത് എന്ന പ്രത്യേകതയും ഉണ്ട്. എല്ലാമുണ്ടായിരുന്നിട്ടും ഒന്നുമില്ലാത്തവനേപ്പോലെ ജീവിച്ച അസ്സീസിയിലെ വിശുദ്ധ ഫ്രാൻസീസിന്റെ ജീവിത മൂല്യങ്ങളെ ഉൾക്കൊണ്ട് സഭയെ നയിക്കാൻ ആ പേര് സ്വീകരിച്ച ആദ്യമാർപ്പാപ്പയാണ് പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ. തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ജനത്തെ ആശീർവദിക്കുന്നതിന് മുമ്പ് ആ ജനത്തിന്റെ ആശീർവ്വാദം തേടിയ വ്യക്തിയാണ് അദ്ദേഹം. തന്റെ സഹശുശ്രൂഷകരായ കർദ്ദിനാളന്മാരുടെ ഇടയിൽ അവരിൽ ഒരാളായി കരുതപ്പെടാൻ ആഗ്രഹിക്കുകയും അവർക്ക് ലഭ്യമാക്കിയിരിക്കുന്ന സൗകര്യങ്ങൾ കൊണ്ട് തൃപ്തിപ്പെടുകയും ചെയ്യുന്ന ഒരു മാർപ്പാപ്പയാണ് അദ്ദേഹം. തെരഞ്ഞെടുപ്പിന് മുമ്പ് താൻ താമസിച്ച ലോഡ്ജിൽ തിരിച്ചുചെന്ന് സ്വയം മുറിവാടക കൊടുക്കാൻ അദ്ദേഹം സന്മനസ്സ് കാണിച്ച് ഉത്തരവാദിത്വബോധത്തിന്റേയും നന്ദിയുടേയും അപരനെ പരിഗണിക്കുന്നതിന്റേയും മഹത്തായ മാതൃക അദ്ദേഹം നമുക്ക് കാണിച്ച് തന്നു.

പാവങ്ങളോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും പ്രകൃതിയോടും ഏറെ അടുത്തിരിക്കാൻ ആഗ്രഹിക്കുന്ന ഒരാളാണ് പുതിയ മാർപ്പാപ്പ. അദ്ദേഹം തന്റെ ആദ്യ പ്രസംഗങ്ങളിൽ തന്നെ പറഞ്ഞത് സഭ പാവപ്പെട്ടതും പാവങ്ങൾക്ക് വേണ്ടിയും ആയിരിക്കണം എന്നതാണ്. സഭ എന്ന് പറയുമ്പോൾ എല്ലാ സഭാംഗങ്ങളേയും ഉദ്ദേശിച്ചാണ് അദ്ദേഹമത് പറഞ്ഞത് എന്ന് നാം മനസ്സിലാക്കണം. ഓരോ ക്രൈസ്തവ വിശ്വാസിയും എപ്രകാരമുള്ള മനോഭാവം വച്ച് പുലർത്തണം എന്നാണ് അദ്ദേഹം ഓർമ്മപ്പെടുത്തുന്നത്. സഭ പാവപ്പെട്ടതായിരിക്കണം എന്ന് പറഞ്ഞപ്പോൾ അദ്ദേഹം അർത്ഥമാക്കിയത് കേവലം സാമ്പത്തിക കാര്യത്തിലുള്ള ഇല്ലായ്മയല്ല എന്നും വ്യക്തമാണ്. എന്തെല്ലാം ഉണ്ടെങ്കിലും ക്രൈസ്തവവിശ്വാസികൾ അവയിൽ തങ്ങളുടെ ആശ്രയം വയ്ക്കാതെ ദൈവത്തിൽ ആശ്രയം വയ്ക്കുകയും തങ്ങൾക്കുള്ളത് ഇല്ലാത്തവരുമായി പങ്കുവയ്ക്കാൻ തയ്യാറാകുകയും ചെയ്യണം എന്നാണദ്ദേഹം പറഞ്ഞതിന്റെ പൊരുൾ. അതിന്റെ സൂചനയെന്നോണം അദ്ദേഹം ഈ വർഷം പെസഹാവ്യാഴാഴ്ച കാലുകഴുകൾ ശുശ്രൂഷ നടത്താൻ പോകുന്നത് റോമാപ്പട്ടണത്തിനടുത്ത് സ്ഥാപിച്ചിട്ടുള്ള ഒരു ജെയിലിലെ തടവുകാരുടെ കാൽ കഴുകിക്കൊണ്ടാണ്. ഞാൻ വന്നിരിക്കുന്നത് ആരോഗ്യമുള്ളവരെ അന്വേഷിച്ചല്ല പ്രത്യുത രോഗികളെ അന്വേഷിച്ചാണ് എന്ന കർത്താവിന്റെ വചനം പരിശുദ്ധപിതാവ് ഇവിടെ പ്രായോഗികമാക്കുന്നു.

തന്റെ സ്ഥാനാരോഹണച്ചടങ്ങിന് റോമിലേയ്ക്ക് യാത്രയാകാൻ തയ്യാറെടുത്ത് നിന്ന നൂറുകണക്കിനുള്ള അർജന്റീനാക്കാരെ അദ്ദേഹം ഉപദേശിച്ചത് യാത്രയ്ക്ക് അവർ മുടക്കാൻ ഉദ്ദേശിക്കുന്ന പണം ഉപയോഗിച്ച് നാട്ടിലുള്ള ദരിദ്രരെ സഹായിക്കാനാണ്. സഭയിലെ ഓരോ അംഗത്തിനും പ്രത്യേകിച്ച് സഭാനേതൃത്വത്തിലുള്ളവർക്കും പരിശുദ്ധപിതാവ് ഫ്രാൻസീസ് പാപ്പ കൊടുക്കുന്ന പുതിയ ദിശാബോധമാണിത്. അങ്ങനെ മാത്രമേ കത്തോലിക്കാസഭ ഇനി ഈ ലോകത്തിൽ പ്രസക്തിയുള്ളതാകുകയുള്ളു എന്ന് അദ്ദേഹം വിശ്വസിക്കുന്നതായി നാം മനസ്സിലാക്കണം. എങ്ങോട്ടാണ് സഭയെ നയിക്കാൻ പുതിയ പാപ്പാ ഉദ്ദേശിക്കുന്നത് എന്നതിന്റെ സൂചനകളാണ് ഇതെല്ലാം എന്ന് ഞാൻ കരുതുന്നു. അറുനൂറ് വർഷത്തിനിടയിൽ ആദ്യമായി സ്ഥാനത്യാഗം ചെയ്ത ബെനഡിക്ട് മാർപ്പാപ്പ സഭയിലെ അധികാരത്തെപ്പറ്റി നമുക്ക് തന്ന ദിശാബോധത്തിൽ നിന്നും ഒരു പടികൂടി നമ്മെ മുമ്പോട്ട് നയിക്കുകയാണ് ഫ്രാൻസീസ് മാർപ്പാപ്പ ചെയ്യുന്നത്. നമുക്ക് അദ്ദേഹത്തിന്റെ മാതൃക ഉൾക്കൊണ്ട് അദ്ദേഹത്തിന്റെ വാക്കുകൾ പ്രായോഗികമാക്കാം. ദൈവം ഇതാണ് ഈ കാലഘട്ടത്തിൽ നാമാകുന്ന സഭയിൽ നിന്ന് പ്രതീക്ഷിക്കുന്ന ജീവിതശൈലി എന്ന മനസ്സിലാക്കി പരിശുദ്ധപിതാവിനോടൊപ്പം നമുക്കും നമ്മുടെ വിശ്വാസത്തിൽ മുന്നേറാം. കർത്താവിന്റെ കൃപ നിങ്ങളോടു കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2013 മാർച്ച് മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2013 ഏപ്രിൽ മാസം 7-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# മേയ്ദിന സന്ദേശം - 2013

## കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീ സഹോദരന്മാരേ,

1. വിശ്വാസവർഷത്തിന്റെ ആചരണം, ലോകത്തിലെ സകല അധികാരികൾക്കും മാതൃകയായ പരിശുദ്ധ ബെനഡിക്ട് പതിനാറാമൻ പാപ്പായുടെ സ്ഥാനത്യാഗം, സഭയ്ക്ക് പുതിയ ഉൾക്കാഴ്ചകൾ നൽകി ഇന്നിന്റെ വെല്ലുവിളികളെ അതിജീവിച്ച്, ധാർമ്മികതയെ ഉയർത്തിപ്പിടിച്ച് മുന്നോട്ടു നയിക്കുന്നതിനായി ദൈവം കനിഞ്ഞുനല്കിയ ഫ്രാൻസീസ് മാർപാപ്പായുടെ നേതൃത്വം എന്നീ മൂന്നു മഹത്തരങ്ങളായ കാര്യങ്ങളുടെ സന്തോഷത്തിലും ആത്മവിശകലനത്തിനും മധ്യേയാണ് ഇത്തവണത്തെ അന്താരാഷ്ട്ര തൊഴിലാളിദിനം വന്നെത്തുന്നത്. മെയ്ദിനത്തിന്റെ എല്ലാവിധ ആശംസകളും ദൈവാനുഗ്രഹവും എല്ലാ തൊഴിലാളി സഹോദരങ്ങൾക്കും നേരുന്നു.

2. മനുഷ്യൻ അറിവിൽ നിറഞ്ഞ് പ്രപഞ്ചത്തെ കീഴ്പ്പെടുത്തുന്ന കാഴ്ചയാണ് ഇന്ന് നമുക്ക് മുന്നിലുള്ളത്. പക്ഷേ എല്ലാ മേഖലകളിലും അശാന്തിയും അസ്വസ്ഥതയും പെരുകി വരുന്നു. അതൃപ്തനായ തൊഴിലാളി ഇന്നത്തെ സമൂഹത്തിന്റെ സൃഷ്ടിയാണ്. ആശ നശിച്ച രാഷ്ട്രീയ വീക്ഷണം. സ്വാർത്ഥത നിറഞ്ഞ, ധാർമ്മികതയില്ലാത്ത നേതാക്കൻമാർ, അഴിമതിയിലും അവിഹിതത്തിലും കുളിച്ചു നിൽക്കുന്ന അധികാരികളും ഉദ്യോഗസ്ഥരും, അസ്വസ്ഥത പടരുന്ന കുടുംബാന്തരീക്ഷം, സുരക്ഷിതത്വം നഷ്ടമാകുന്ന ജനത എന്നിവയെല്ലാം ഇന്നിന്റെ പ്രത്യേകതയായിരിക്കുന്നു. ഇവിടെയാണ് ക്രിസ്തു തുടങ്ങിവെച്ച സമഗ്രവിമോചനദൗത്യം അവസാനത്തെ വ്യക്തിയും മോചിതനാകുന്നതുവരെ തുടരുവാനുള്ള ഉത്തരവാദിത്വം നാമോരോരുത്തരിലേക്കും നീളുന്നുവെന്ന് വിശ്വാസവർഷം ഓർമ്മപ്പെടുത്തുന്നത്.

3. ഭൗതികലോകം പൂർണ്ണതയിലേക്ക് പ്രയാണം ചെയ്യുന്നത് ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരിലൂടെയാണ്. ഇതിന് ദൈവം മനുഷ്യനു നൽകിയ കൈമുതലാണ് വേല ചെയ്യാനുള്ള കഴിവ്. നഷ്ടപ്പെട്ടുപോയ ത്രിവിധ പൊരുത്തങ്ങളായ മനുഷ്യവ്യക്തിയുടെ ആന്തരിക പൊരുത്തവും സ്ത്രീ പുരുഷ പൊരുത്തവും മനുഷ്യനും പ്രകൃ

തിയും തമ്മിലുള്ള പൊരുത്തവും വീണ്ടെടുത്ത് ഉത്ഭവനീതി പുനഃസ്ഥാപിക്കേണ്ടത് നെറ്റിയിലെ വിയർപ്പിലൂടെയാണ് (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, 379).

4. വ്യക്തി ജീവിതത്തെയും സാമൂഹികജീവിതത്തെയും നവീകരിക്കുക എന്ന ലക്ഷ്യത്തോടെ പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ പാപ്പാ വിശ്വാസവർഷം പ്രഖ്യാപിച്ചപ്പോൾ സഭയുടെ ശ്രദ്ധപതിയേണ്ട മേഖലകൾ എടുത്തുകാട്ടുകയുണ്ടായി. ദരിദ്രർക്ക് നീതി, ഉൾഗ്രാമങ്ങളിൽ വിദ്യാഭ്യാസം, ഒറ്റപ്പെടുന്നവർക്ക് സുരക്ഷയും ചികിത്സയും, ദാരിദ്ര്യത്തിൽ നിന്ന് മോചനം, പാർശ്വവത്കരിക്കപ്പെട്ടവർക്ക് പുനരധിവാസം, വികസനത്തിനുള്ള സഹായം, ജീവനോടുള്ള ആദരം എന്നിവയാണ് അവ. സൂക്ഷ്മതലത്തിൽ പരിശോധിക്കുമ്പോൾ ഇവയോരോന്നും അസംഘടിത തൊഴിലാളി വിഭാഗങ്ങൾ അതിജീവിക്കേണ്ട വൈതരണികളാണെന്ന് കാണാം. വിശ്വാസവർഷത്തിൽ പ്രവർത്തനങ്ങളുടെ ശ്രദ്ധാകേന്ദ്രം അസംഘടിതരായ ജനസമൂഹമാണെന്ന് മാർപാപ്പാ വ്യക്തമാക്കി.

5. നീതിപൂർവ്വകമായ സാമൂഹിക സാഹചര്യത്തിന്റെ പുനഃസൃഷ്ടിക്കായി വിയർപ്പു ചിന്തുമ്പോഴും, അപര്യാപ്തമായ കൂലിയും ഏറി വരുന്ന ആവശ്യങ്ങളും സാമൂഹിക സുരക്ഷാ സംവിധാനങ്ങളുടെ അഭാവവും ചൂഷണ സംവിധാനങ്ങളും തൊഴിലാളിയുടെ ജീവിതസാഹചര്യത്തെ ക്ലേശപൂർണ്ണമാക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. ദൈവവും മനുഷ്യനും പ്രകൃതിയും സമഞ്ജസമായി സമ്മേളിച്ച പറുദീസ മാനവ സമൂഹത്തിന് നഷ്ടമായത്, ആസ്വാദ്യകരമായ ഭൗതികതയിലൂടെ ദൈവത്തെ കീഴ്പ്പെടുത്താമെന്ന മനുഷ്യന്റെ വ്യാമോഹംമൂലമാണ്. നീതി നിറഞ്ഞതും വിശുദ്ധവുമായ സാഹചര്യത്തിൽ പിറവിയെടുക്കാനുള്ള ദൈവികമായ മനുഷ്യാവകാശത്തെ വീണ്ടെടുക്കാനുള്ള നിക്ഷേപമാണ് ഓരോ തുള്ളി വിയർപ്പും.

6. തൊഴിലിനും ജീവിതവൃത്തിക്കുമുള്ള അവസരം അന്യായമായ വിവേചനമില്ലാതെ എല്ലാവർക്കും ലഭിക്കണം (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, 2433) എന്നതാണ് സഭയുടെ എക്കാലത്തെയും നിലപാട്. എന്നാൽ നമ്മുടെ രാജ്യത്തെ തൊണ്ണൂററിമൂന്നു ശതമാനം തൊഴിലാളികൾക്കും ഇത്തരമൊരു അവസരം ലഭിക്കുന്നില്ല. സാമൂഹിക സുരക്ഷ, തൊഴിൽപരിരക്ഷ, നിയമപരിരക്ഷ എന്നിവ ലഭ്യമാകാത്ത അസംഘടിത തൊഴിലാളികളാണിവർ. രാജ്യത്തിന്റെ ആഭ്യന്തരോത്പാദനത്തിന്റെ അറുപത്തഞ്ചു ശതമാനവും ഇവരുടെ സംഭാവനയാണ്. സാമ്പത്തികമേഖലയെ കാർഷികം, വ്യാവസായികം, സേവനം

എന്നിങ്ങനെ മൂന്നായിട്ടാണു തരം തിരിച്ചിരിക്കുന്നത്. ഇതിൽ സേവനമേഖലയിലും വ്യാവസായിക മേഖലയിലുമാണ് സംഘടിത തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും പ്രവർത്തിച്ചുവരുന്നത്. എന്നാൽ, കാർഷിക മേഖലയിലെ തൊഴിലിന്റെ മുഖ്യപങ്കും നിർവഹിക്കുന്നത് അസംഘടിതതൊഴിലാളികളാണ്. എണ്ണത്തിൽ വളരെ കുറവാണെങ്കിലും, ഉയർന്ന വേതനവും ത്രിവിധസുരക്ഷയുമുള്ള സംഘടിതതൊഴിലാളികൾ സമ്പന്നരും ഇടത്തരക്കാരുമായി മാറുമ്പോൾ മഹാഭൂരിപക്ഷം വരുന്ന അസംഘടിത തൊഴിലാളികൾ ദരിദ്രവിഭാഗമായി പാർശ്വവത്കരിക്കപ്പെട്ടുപോകുന്നു. സ്ഥിരമായ ജോലിയുടെ അഭാവം, കുറഞ്ഞ കൂലി, മോശമായ തൊഴിൽ സാഹചര്യം, ആരോഗ്യ പ്രശ്നങ്ങൾ, പാർപ്പിട പ്രശ്നങ്ങൾ, വിദ്യാഭ്യാസത്തിന്റെ അഭാവം, വികലമായ സർക്കാർ നയങ്ങൾ എന്നിവ ഇവരെ കൂടുതൽ കൂടുതൽ പിന്നിലേക്ക് തള്ളിമാറ്റുന്നതിന് കാരണമാകുന്നു. തുല്യജോലിക്ക് തുല്യവേതനവും മിനിമം കൂലിയും ഉൾപ്പെടെ ഒട്ടേറെ തൊഴിൽ നിയമങ്ങൾ നിലനിൽക്കുന്നിടത്താണ് ഇത് നടക്കുന്നത് എന്നത് നാം കാണേണ്ടതുണ്ട്. അസംഘടിത മേഖലയ്ക്കായി ദേശീയ-സംസ്ഥാന സർക്കാരുകൾ നീക്കിവെയ്ക്കുന്ന ബജറ്റ് തുകകൾ പരിശോധിച്ചാൽ ഈ വിവേചനത്തിന്റെ ആഴം നമുക്ക് മനസ്സിലാകും.

7. ഇക്കഴിഞ്ഞദിനങ്ങളിൽ പാർലമെന്റിൽ അവതരിപ്പിച്ച സ്ഥിതിവിവരക്കണക്കുകൾ പ്രകാരം നടപ്പു സാമ്പത്തിക വർഷത്തെ രാജ്യത്തിന്റെ വളർച്ചാനിരക്കു കേവലം അഞ്ചു ശതമാനം മാത്രമായി ചുരുങ്ങിയിരിക്കുകയാണ്. രാജ്യത്തെ ബഹുഭൂരിപക്ഷം പേരും ഉപജീവനത്തിനായി ആശ്രയിക്കുന്ന കാർഷിക മേഖലയിലെ വളർച്ച വെറും 1.8 ശതമാനം മാത്രമാണ്. കാർഷികരംഗത്ത് കേരളത്തിന്റെ അവസ്ഥ വളരെ പരിതാപകരമാണ്. നടപ്പുവർഷത്തെ വളർച്ച രേഖപ്പെടുത്തിയിരിക്കുന്നത് മൈനസ് 0.7 ശതമാനമാണെന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. എന്നാൽ, സ്വത്തിന്റെ കേന്ദ്രീകരണവും വരുമാനത്തിലുള്ള അന്തരവും വർദ്ധിച്ചുവരികയാണെന്നാണു കണക്കുകൾ സൂചിപ്പിക്കുന്നത്. പുത്തൻ സാമ്പത്തികനയങ്ങളും കമ്പോളസാഹചര്യങ്ങളും സംഘടിതതൊഴിൽ മേഖലയെ തകർക്കുന്നതും അസംഘടിതതൊഴിൽ മേഖലയെ ദുരിതപൂർണ്ണമാക്കുന്നവയുമാണ്. സംഘടിതമേഖലയിലെ കരാർനിയമനം, ദിവസവേതന നിയമനം, സുസ്ഥിര പെൻഷൻ പദ്ധതിയിൽ നിന്നുള്ള പിൻമാറ്റം, പ്രൊവിഡന്റ് ഫണ്ടിന്റെ നിറുത്തലാക്കൽ, ഗ്രാറ്റുവിറ്റി എടുത്തുകളയൽ തുടങ്ങിയവ ഈ മേഖലയിലെ തൊഴിൽ സുരക്ഷയും സാമൂഹിക സുര

ക്ഷയും തകരാൻ കാരണമായേക്കാം. അനിയന്ത്രിതമായ വിലക്കയറ്റം, പൊതുവിതരണ രംഗത്തിന്റെ തകർച്ച, ക്ഷേമനിധികളുടെയും ബോർഡുകളുടേയും കെടുകാര്യസ്ഥത, പെൻഷൻ വിതരണത്തിലെ മരവിപ്പ് തുടങ്ങിയ പ്രശ്നങ്ങൾ അസംഘടിതതൊഴിലാളികളെ വീർപ്പുമുട്ടിക്കുന്നു. അസംഘടിതതൊഴിലാളികളുടെ സമഗ്ര വളർച്ചയ്ക്കും വികസനത്തിനും വേണ്ടി 2008-ൽ കേന്ദ്രസർക്കാർ രൂപം നൽകിയ അസംഘടിതതൊഴിലാളി സാമൂഹികസുരക്ഷാനിയമം ഫലപ്രദമായി നടപ്പിലാക്കാനോ, ബജററിൽ ആവശ്യമായ തുക നീക്കിവെയ്ക്കാനോ വേണ്ട സംവിധാനങ്ങൾ ഒരുക്കാനോ ഇന്നും കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല.

8. കേരളത്തിലും അസംഘടിത തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായിട്ടാണു കാണുന്നത്. എറണാകുളം ജില്ലയിലെ തൊഴിലാളികളിൽ 89 ശതമാനം പേരും അസംഘടിത തൊഴിലാളികളാണെന്നാണ് കേരള ലേബർ മൂവ്മെന്റ് ഈയിടെ നടത്തിയ പഠനത്തിൽ നിന്നും വെളിവാകുന്നത്. കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തിനിടയിലാണു ഈ വലിയ വർദ്ധന ഉണ്ടായിട്ടുള്ളത്. രാജ്യത്തിനു തന്നെ അനുകരണീയമായ രീതിയിൽ അസംഘടിത തൊഴിലാളികൾക്കായി മുപ്പതോളം ക്ഷേമനിധികൾ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ, ഇവയിൽ ഭൂരിപക്ഷം ക്ഷേമനിധികളുടെയും ഇന്നത്തെ പ്രവർത്തനം തൃപ്തികരമല്ലെന്നു വിലയിരുത്തേണ്ടി വന്നിരിക്കുകയാണ്. ഒരു ക്ഷേമനിധിക്കും തന്നെ ആവശ്യമായ ജീവനക്കാരോ സംവിധാനങ്ങളോ ഇല്ല. പലതിനും ഭരണനിർവഹണം നടത്തുന്നതിനുള്ള ബോർഡ് പോലും ഇല്ല. ക്ഷേമനിധികൾക്കുള്ള ബജററ് വിഹിതം കുറവാണെന്നു മാത്രമല്ല, അനുവദിക്കപ്പെട്ടിട്ടുള്ളതു പോലും വേണ്ടസമയത്ത് നൽകപ്പെടുന്നില്ല. ആയതിനാൽ തൊഴിലാളികൾക്കു അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. പെൻഷൻ ലഭിക്കാൻ അപേക്ഷിച്ചിട്ടു വർഷങ്ങളായി കാത്തിരിക്കുന്നവരുണ്ട്. ഇക്കാര്യങ്ങളിൽ ബന്ധപ്പെട്ടവർ വേണ്ടഗൗരവം കാണിച്ചു സമയബന്ധിതമായി പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു. കാർഷികകടാശ്വാസപദ്ധതികൾ പോലെയുള്ള അസംഘടിത വിഭാഗങ്ങൾക്കുള്ള സാമൂഹിക ക്ഷേമപദ്ധതികളിലുള്ള അഴിമതിക്ക് തടയിടേണ്ടിയിരിക്കുന്നു.

9. സാമ്പത്തിക പ്രവർത്തനത്തിലും വ്യവസ്ഥിതിയിലും വ്യക്തിപരമായ സ്വാതന്ത്ര്യത്തിന്റെയും സ്വകാര്യസ്വത്തിന്റെയും സുനിശ്ചിതത്വവും ഉറപ്പുമുള്ള നാണ്യവ്യവസ്ഥയും കാര്യക്ഷമമായ പൊതുസേവ

നങ്ങളും മുൻവ്യവസ്ഥ എന്ന നിലയിൽ ഉണ്ടായിരിക്കണം. (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, 2431). കാരണം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവന്റെ അവകാശമാണ് രാഷ്ട്ര ത്തിൽ നിന്നും ലഭ്യമാകേണ്ട പരിരക്ഷ. അതിനാൽ സാമൂഹിക ക്ഷേമരംഗങ്ങളിൽ നിന്നുള്ള സർക്കാരിന്റെ പിന്മാറ്റം ദരിദ്രരുടെ ജീവി തത്തെ കൂടുതൽ ദുരിതപൂർണ്ണമാക്കുകയാണ്. സബ്സിഡികൾ വെട്ടിക്കുറയ്ക്കുന്നതും ഇല്ലാതാക്കുന്നതും പൊതുഗതാഗതം, പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യപദ്ധതികൾ, പൊതുവിതരണം മുതലായവയിൽ നിന്നുള്ള സർക്കാരിന്റെ പിൻമാററവും പരിഗണനക്കുറവും താറുമാറാക്കുന്നത് അസംഘടിത തൊഴിലാളിക ളുടെ കുടുംബങ്ങളെയാണ്. അതിനാൽ ജനകീയ സർക്കാരിന്റെ മുഖ്യശ്രദ്ധ വികസനത്തിന്റെ ഫലങ്ങൾ എല്ലാ പൗരന്മാർക്കും നീതി പൂർവ്വകമായി ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കലാണ്. ഇതിന് കോട്ടം തട്ടി യാൽ, തങ്ങളുടെ പ്രവാചക ശബ്ദത്താൽ അധികാരികളുടെ ശ്രദ്ധ ദരിദ്രരിലേക്ക് തിരിക്കാൻ ക്രൈസ്തവസമൂഹത്തിനു കഴിയേണ്ടതുണ്ട്. സ്ഥലത്തിനും കാലത്തിനുമനുസരിച്ച് നീതിയുടെ പുനഃസ്ഥാപനത്തി നായി പരിശ്രമിക്കുന്നതാണ് യഥാർത്ഥ വിശ്വാസജീവിതം. സഭ എക്കാ ലത്തും സ്ഥലകാലങ്ങളോട് നീതി പുലർത്തിക്കൊണ്ടാണ് പാർശ്വവത്ക രിക്കപ്പെട്ടവന്റെയും ദരിദ്രന്റെയും പക്ഷം ചേർന്നിട്ടുള്ളത് (സഭ ആധുനിക ലോകത്തിൽ, 1).

10. 1769-ൽ ജയിംസ്വാട്ട് ആവിയന്ത്രം കണ്ടുപിടിക്കുന്നതുവരെ മനുഷ്യകരങ്ങളായിരുന്നു അധ്വാനത്തിനുള്ള പ്രധാന ഉപാധി. തീയും കാറ്റും വെള്ളവും മനുഷ്യന്റെ പിടിയിൽ ഒതുങ്ങിയതോടെ അധ്വാന ത്തിന്റെ രീതിമാറി. വ്യവസായവിപ്ലവത്തിന്റെ ഫലമായി അനേകം വ്യവ സായങ്ങളും തൊഴിൽ സാധ്യതകളും രൂപംകൊള്ളുകയുണ്ടായി. പക്ഷേ വ്യവസായ ഉടമകളുടെ അതിരറ്റ ലാഭക്കൊതി മൂലം, സമൂഹത്തിലെ ഏററവും തകർക്കപ്പെട്ട വിഭാഗമായി തൊഴിലാളികൾ മാററപ്പെട്ടു. 'റേരും നൊവാരും'എന്ന ചാക്രിക ലേഖനത്തിലൂടെ തിരുസ്സഭ തൊഴി ലാളികൾക്കൊപ്പമുള്ള നിലപാടു പരസ്യമായി പ്രഖ്യാപിച്ചു. പരിശീല നത്തിനു വരുന്ന തൊഴിലാളിയെ പുത്രനെപ്പോലെ കരുതാമെന്ന് ബൈബിൾതൊട്ട് സത്യം ചെയ്തു പരിശീലിപ്പിച്ചിരുന്ന മദ്ധ്യകാലഘട്ട ത്തിലുണ്ടായിരുന്ന യൂറോപ്പിലെ ലേബർ ഗിൽഡുകളുടെ പാരമ്പര്യം തിരുസ്സഭ തുടരുകയാണു ചെയ്തത്. 1891-ൽ ലിയോ പതിമൂന്നാം പാപ്പാ പ്രഖ്യാപിച്ച തിരുസ്സഭയുടെ തൊഴിലാളിസമൂഹത്തോടുള്ള നിലപാടു കൾ രണ്ടാംവത്തിക്കാൻസൂനഹദോസ് അടിവരയിട്ടുറപ്പിച്ചപ്പോൾ,

തൊഴിൽ മനുഷ്യനു വേണ്ടിയാണ്, മനുഷ്യൻ തൊഴിലിനുവേണ്ടിയല്ല എന്ന തിരുസഭയുടെ ശബ്ദം ആധുനികലോകത്തിൽ മാറ്റൊലി ക്കൊണ്ടു.

11. 1935–ൽ മധുരയിലെ കാരിമേട് എന്ന സ്ഥലത്ത് നെയ്ത്തു തൊഴിലാളികളെ സംഘടിപ്പിച്ച മിഷനറി വൈദികനും ഈശോസഭാംഗ വുമായ ഫാ. ഗാലിയോ ഭാരതത്തിൽ തൊഴിലാളി സംഘാടനത്തിന് തുടക്കമിട്ടു. 1940 കളുടെ അവസാനത്തിൽ ആലുവ വ്യവസായ മേഖലയിലെ ആദ്യകാല രജിസ്ട്രേഡ് ട്രേഡ് യൂണിയനു കളിലൊ ന്നിനു നേതൃത്വം നൽകിയതു ഫാ. ജെറോം പയ്യപ്പിള്ളി ഒ.സി.ഡി. ആയിരുന്നു. എന്നാൽ, അതിനു മുമ്പു തന്നെ കൊച്ചി കേന്ദ്രമാക്കി ആദ്യമായി തൊഴിലാളികളെ സംഘടിപ്പിക്കാൻ ആരംഭിച്ചത് ഫാ. ബെനവെഞ്ചെർ ഒ.സി.ഡി. യായിരുന്നു. കേരള കത്തോലിക്കാസഭയുടെ നേതൃത്വത്തിലുള്ള ആദ്യ തൊഴിലാളി സംഘാടകനായി ഇദ്ദേഹത്തെ വിശേഷിപ്പിക്കാം. 1957–ൽ തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ–പുതുക്കാട് പ്രദേശങ്ങളിലെ ഓട്ടുകമ്പനി തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ടു ഫാ. ജനേസിയൂസ് സി.എം.ഐ, തൊഴിലാളി മേഖലയിൽ ഇട പെടുകയും കാത്തലിക് ലേബർ അസ്സോസിയേഷൻ എന്ന കത്തോലിക്കാ തൊഴിലാളി പ്രസ്ഥാനത്തിനു പ്രാരംഭം കുറിക്കുകയും ചെയ്തു. ഇതിന്റെ തുടർച്ചയായിട്ടാണു കെ.എൽ.എം. രൂപം കൊണ്ടത്. ഇന്നും ഏററവും കൂടുതൽ അവഗണിക്കപ്പെട്ടു കൊണ്ടിരിക്കുന്ന മൽസ്യത്തൊഴിലാളികളുടെ സംഘാടനത്തിനായി 1970–കളിലും തുടർന്നും നേതൃത്വം വഹിച്ച വൈദികരുടെ സേവനം അവിസ്മരണീയമാണ്.

12. ഇന്നും പല മേഖലകളിലും ജോലിചെയ്യുന്ന അസംഘടിത തൊഴിലാളികൾ കൊടിയ ചൂഷണത്തിന് വിധേയമാകുന്ന സാഹചര്യം നിലവിലുണ്ട്. സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെയും ജീവ നക്കാരുടെയും കാര്യം മുൻവർഷം പ്രതിപാദിച്ചതാണ്. തത്തുല്യ ഗൗരവം ഉള്ള ഒരു മേഖലയാണ് കേരളത്തിലെ അൺഎയ്ഡഡ് സ്വാശ്രയവിദ്യാഭ്യാസ രംഗം. ഈ രംഗം ചെയ്യുന്ന സേവനം ഒട്ടും കുറച്ചുകാണുന്നില്ല. പക്ഷേ, ഇവയിൽ ഒട്ടേറെ സ്ഥാപനങ്ങൾ തങ്ങ ളുടെ ജീവനക്കാരുടെ വേതനത്തിന്റെ കാര്യത്തിലും തൊഴിൽ സുര ക്ഷയുടെയും സാമൂഹികസുരക്ഷയുടെയും കാര്യത്തിലും തൊഴിൽ സാഹചര്യത്തിന്റെയും വിശ്രമത്തിന്റെയും കാര്യത്തിലും നീതിപൂർവ്വം പ്രവർത്തിക്കുന്നുണ്ടോ എന്നും ആത്മശോധന ചെയ്യണം. രാജ്യത്തിൽ

നിലവിലുള്ള നിയമസംവിധാനങ്ങൾക്കനുസരിച്ചു സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകാൻ മാനേജ്മെന്റുകൾ ശ്രദ്ധിക്കണം.

13. തൊഴിൽബന്ധങ്ങളിൽ നീതി നടപ്പാക്കുന്നതിനുള്ള ഏററവും പ്രധാനപ്പെട്ട മാർഗമാണു പ്രതിഫലം നൽകൽ. നീതിപൂർവകമായ കൂലി, തൊഴിലിന്റെ നിയമാനുസൃതമായ ഫലമാണ്. നീതിപൂർവകമായ കൂലി കൊടുക്കാതിരിക്കുകയോ തക്ക സമയത്തും ചെയ്യപ്പെട്ട ജോലിക്കു ആനുപാതികമായും കൂലി കൊടുക്കാതിരിക്കുകയോ ചെയ്യുന്നവർ അനീതി ചെയ്യുന്നു.... കൂലിയുടെ തുകയെ സംബന്ധിച്ചു തൊഴിലാളിയും തൊഴിൽദായകനും തമ്മിൽ നടത്തുന്ന ലളിതമായ ഉഭയസമ്മതം മാത്രം മതിയാവുകയില്ല, സമ്മതിപ്പിക്കപ്പെട്ട ശമ്പളത്തെ നീതിപൂർവ്വകമായ കൂലിയെന്നു വിശേഷിപ്പിക്കാൻ. കാരണം, നീതിപൂർവ്വകമായ കൂലി, തൊഴിലാളിയുടെ ജീവസന്ധാരണത്തിന്റെ തലത്തിൽ നിന്നും താണതായിരിക്കരുത്, (സഭയുടെ സാമൂഹിക പ്രബോധനം, 302). ഇതോടൊപ്പം തൊഴിലാളികളോടും ജീവനക്കാരോടുമുള്ള അധികാരികളുടെ പെരുമാറ്റവും മനുഷ്യത്വപൂർണ്ണമായിരിക്കണം.

14. ഇത്തരമൊരു സാമൂഹിക സാഹചര്യത്തിലാണ് കെസിബിസി ലേബർ കമ്മീഷനും അതിന്റെ ഔദ്യോഗിക സംവിധാനമായ കേരള ലേബർമൂവ്മെന്റും പ്രസക്തമാകുന്നത്. കേരളത്തിലെ എല്ലാ വിഭാഗം അസംഘടിത തൊഴിലാളികളുടെയും ശക്തീകരണത്തിനായി പ്രവർത്തിക്കുന്ന സർക്കാരിതര സാമൂഹിക സന്നദ്ധസംഘടനയാണു കെ.എൽ.എം. അസംഘടിത തൊഴിലാളികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കി, തൊഴിലാളി നേതൃത്വം വളർത്തിയെടുത്ത്, പ്രതിജ്ഞാബദ്ധതയും നീതിബോധവുമുള്ള തൊഴിലാളികളെ രൂപപ്പെടുത്തുകയാണ് കെ.എൽ.എം. ചെയ്യുന്നത്. വിവിധ വിഭാഗം തൊഴിലാളികൾക്കായി തൊഴിലാളിഫോറങ്ങൾ കെ.എൽ.എം. ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്നു. സർക്കാരിന്റെ ക്ഷേമനിധികൾ, പെൻഷൻ സ്കീമുകൾ, മെഡിക്ലെയിം, തൊഴിലവസരങ്ങൾ പരിചയപ്പെടുത്തൽ തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. സഭാശുശ്രൂഷികൾക്കും ജീവനക്കാർക്കുമുള്ള പെൻഷൻ പദ്ധതി (സുരക്ഷ) നടപ്പാക്കൽ തുടങ്ങിയ കെസിബിസി ചുമതലപ്പെടുത്തിയ പ്രവർത്തനങ്ങളും കെ.എൽ.എം. ഏറ്റെടുത്ത് ചെയ്തുവരുന്നു. പൊതുസമൂഹത്തിന് എന്നും ഏതു രംഗത്തും മാതൃകയായിട്ടുള്ള കത്തോലിക്കാസഭ അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും പരിശീലനത്തിനും നീതിയുടെ ലഭ്യതയ്ക്കും വേണ്ടി നിലകൊള്ളുന്നു.

15. കെ.എൽ.എം.ന്റെയും വിവിധ തൊഴിലാളി ഫോറങ്ങളുടെയും പ്രവർത്തനങ്ങൾ എല്ലാ ഇടവകകളിലേക്കും വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. സഭാശുശ്രൂഷികൾക്കും സഭാസ്ഥാപനങ്ങളിലെ ജീവനക്കാർക്കുമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സുരക്ഷയുടെ പ്രവർത്തനവും എല്ലാ രൂപതകളിലേക്കും വ്യാപിപ്പിക്കാനും അർഹരായ എല്ലാവരെയും ഉൾപ്പെടുത്തി ഫലപ്രദമായി നടപ്പിലാക്കാനും ശ്രദ്ധിക്കുക പ്രധാനപ്പെട്ട കാര്യമായി പരിഗണിക്കണം.

തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ ദിനം കൂടിയായ മെയ് ഒന്ന് എല്ലാ ഇടവകകളിലും പ്രത്യേകം ആചരിക്കണം. തൊഴിലാളികൾക്കായി ദിവ്യബലി, സെമിനാറുകൾ എന്നിവ നടത്തുന്നതു ഉചിതമാണ്. ഈ ദിനത്തിൽ തൊഴിലാളികൾക്കായി സാമൂഹിക സുരക്ഷാ ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നതും നല്ലതാണ്.

16. അന്തിമ വിധിയുടെ മാനദണ്ഡം അയൽക്കാരനോടുള്ള സമീപനമാണ് (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, 682; മത്ത. 25:40) സഹോദരനോട് കരുണ കാട്ടുന്നവനാണ് നല്ല അയൽക്കാരനെന്ന വചനവും നമുക്കോർക്കാം (ലൂക്ക 10 : 36).

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടാകട്ടെ.

**ബിഷപ് മാർ ജോസ് പൊരുന്നേടം**
ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

**ബിഷപ്പ് ഡോ. ജോസഫ് കാരിക്കശ്ശേരി**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

**ബിഷപ്പ് ഡോ. യൂഹാന്നോൻ മാർ ക്രിസോസ്റ്റം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

---

**NB:- ഈ സർക്കുലർ 2013 ഏപ്രിൽ മാസം 28-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# 50-ാം ലോകദൈവവിളി ദിനം

**21 ഏപ്രിൽ 2013, ഈസ്റ്റർ കഴിഞ്ഞ് നാലാം ഞായർ**

**ബെനഡിക്ട് 16-ാമൻ മാർപാപ്പായുടെ സന്ദേശം**

*ചിന്താവിഷയം: ദൈവവിളികൾ വിശ്വാസത്തിൽ സ്ഥാപിക്കപ്പെട്ട പ്രത്യാശയുടെ അടയാളം*

പ്രിയ സഹോദരീ സഹോദരന്മാരേ,

ഈസ്റ്റർ കഴിഞ്ഞ് 4-ാം ഞായറാഴ്ച 2013 ഏപ്രിൽ 21-ാംതീയതി അമ്പതാം ലോകദൈവവിളിദിനം ആചരിക്കുകയാണ്. ഈ സന്ദർഭത്തിൽ ''ദൈവവിളികൾ വിശ്വാസത്തിൽ സ്ഥാപിക്കപ്പെട്ട പ്രത്യാശയുടെ അടയാള''മെന്ന വിഷയത്തെക്കുറിച്ച് ചിന്തിക്കാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ തുടങ്ങിയതിന്റെ 50-ാം വാർഷികമായ വിശ്വാസവർഷത്തിലാണ് ഈ ദിനാചരണം. വത്തിക്കാൻ കൗൺസിൽ നടന്നുകൊണ്ടിരിക്കേ ദൈവദാസനായ പോൾ 6-ാമൻ മാർപാപ്പാ, പിതാവായ ദൈവത്തോട് ലോകവ്യാപകമായി പ്രാർത്ഥിക്കാനുള്ള ഈ ദിവസം നിശ്ചയിച്ചു. സഭയ്ക്കു തുടർന്നും വേലക്കാരെ അയച്ചുകൊണ്ടിരിക്കാൻ ദൈവത്തോടു പ്രാർത്ഥിക്കാനുള്ള ദിവസമാണിത് (cf മത്താ 9:38).

അന്ന് മാർപാപ്പാ പറഞ്ഞതുപോലെ "ആവശ്യത്തിനു വൈദികരുണ്ടായിരിക്കുകയെന്നത് എല്ലാ വിശ്വാസികളെയും നേരിട്ടു സംബന്ധിക്കുന്ന കാര്യമാണ്. ക്രൈസ്തവസമൂഹത്തിന്റെ ഭാവി അവരെ ആശ്രയിച്ചിരിക്കുന്നതു കൊണ്ടുമാത്രമല്ല, അപ്രകാര മായിരിക്കുന്നത്. പിന്നെയോ അവർ ഇടവകകളുടെയും രൂപതാ സമൂഹങ്ങളുടെയും വിശ്വാസത്തിനും സ്നേഹത്തിനുമുള്ള കൃത്യവും അവശ്യാവശ്യകവുമായ സൂചനയും ക്രൈസ്തവ കുടുംബങ്ങളുടെ ധാർമ്മികസുസ്ഥിതിയുടെ തെളിവും ആയിരിക്കുന്നതു കൊണ്ടുകൂടിയാണ്. പൗരോഹിത്യത്തിലേക്കും സമർപ്പിത ജീവിതത്തിലേക്കും ധാരാളം വിളികൾ എവിടെ കാണാനുണ്ടോ അവിടെയെല്ലാമാണ് ആളുകൾ ഔദാര്യത്തോടെ വിശ്വാസത്തിൽ ജീവിക്കുന്നത്" (പോൾ 6-ാ മൻ, റേഡിയോ സന്ദേശം, 11 ഏപ്രിൽ 1964).

കഴിഞ്ഞ ദശകങ്ങളിൽ ലോകത്തെങ്ങുമുള്ള വിവിധ ക്രൈസ്തവ സമൂഹങ്ങൾ ഈസ്റ്റർ കഴിഞ്ഞ് 4-ാം ഞായറാഴ്ച ഒന്നിച്ചുകൂടി ദൈവവിളിദാനത്തിനായി ദൈവത്തോടു പ്രാർത്ഥിച്ചു. ദൈവികവിളിയോടു പ്രത്യുത്തരിക്കുകയെന്ന അടിയന്തിരാ വശ്യത്തെപ്പറ്റി ചിന്തിക്കാൻ വീണ്ടും നിർദ്ദേശിക്കുകയും ചെയ്തു. ശ്രദ്ധേയമായ ഈ വാർഷിക സംഭവം യഥാർത്ഥത്തിൽ സുശക്തമായ ഒരു സമർപ്പണത്തെ പരിപോഷിപ്പിച്ചു. പൗരോഹിത്യത്തിലേക്കും സമർപ്പിതജീവിതത്തിലേക്കുമുള്ള വിളികളുടെ പ്രാധാന്യത്തെ വിശ്വാസികളുടെ ആധ്യാത്മികതയുടെയും പ്രാർത്ഥന

യുടെയും അജപാലനപരമായ പ്രവർത്തനത്തിന്റെയും കേന്ദ്രത്തിൽ സ്ഥാപിക്കാനുള്ള സമർപ്പണമാണത്.

ഭാവിയിൽ ഭാവാത്മകമായ എന്തെങ്കിലും സംഭവിക്കുമെന്ന പ്രതീക്ഷയാണു പ്രത്യാശ. എന്നാലും മിക്കപ്പോഴും അതൃപ്തിയാലും പരാജയങ്ങളാലും മുദ്രിതമായിരിക്കുന്ന നമ്മുടെ വർത്തമാനകാല അസ്തിത്വത്തെ അതു താങ്ങിനിറുത്തുകയും ചെയ്യണം. എന്തിലാണ് നമ്മുടെ പ്രത്യാശ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നത്? പഴയ നിയമത്തിൽ വിവരിച്ചിട്ടുള്ള ഇസ്രായേൽ ജനതയുടെ ചരിത്രത്തിലേക്കു നോക്കുമ്പോൾ നാം ഒരു വസ്തുത കാണുന്നു. സ്ഥിരമായി, പ്രത്യേകിച്ച്, വിപ്രവാസം പോലുള്ള പ്രത്യേക പ്രയാസമുള്ള കാലങ്ങളിൽ, പ്രവാചകന്മാരുടെ ഗ്രന്ഥങ്ങളിൽ ആ വസ്തുത കാണാം. പ്രവാചകരോട് ദൈവം നടത്തിയ വാഗ്ദാനത്തിന്റെ സ്മരണയാണത്: അബ്രാഹത്തിന്റെ മാതൃകാപരമായ മനോഭാവത്തെ അനുകരിക്കാൻ നമ്മെ ക്ഷണിക്കുന്ന ഒരു ഓർമ്മയാണത്. വിശുദ്ധ പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നു: ‘‘നിന്റെ സന്തതി ഇപ്രകാരമായിരിക്കുമെന്ന് പറയപ്പെട്ടിരുന്നതനുസരിച്ച് താൻ അനേകം ജനതകളുടെ പിതാവാകുമെന്ന് പ്രതീക്ഷയ്ക്ക് സാധ്യതയില്ലാതിരുന്നിട്ടും പ്രതീക്ഷയോടെ അവൻ വിശ്വസിച്ചു'' (റോമാ 4:18). അങ്ങനെ മുഴുവൻ രക്ഷാചരിത്രത്തിൽ നിന്നും ഉദ്ഭവിക്കുന്ന ആശ്വാസകരവും പ്രകാശനപരവുമായ ഒരു സത്യമുണ്ട്. താൻ സ്ഥാപിച്ച ഉടമ്പടിയോട് ദൈവം കാണിക്കുന്ന വിശ്വസ്തതയാണത്. അവിശ്വസ്തതയും പാപവും മൂലം മനുഷ്യൻ അതു ലംഘിച്ചപ്പോഴെല്ലാം അവിടുന്ന് അതു പുതുക്കി. ജലപ്രളയത്തിന്റെ കാലം മുതൽ (cf ഉത്പ 8:21-22) പുറപ്പാടിന്റെ കാലം വരെയും മരുഭൂമിയിലൂടെയുള്ള പ്രയാണത്തിന്റെ കാലത്തും അതു പുതുക്കി (cf നിയമാ 9:7).

മനുഷ്യനുമായുള്ള നവീനവും ശാശ്വതവുമായ ഉടമ്പടിക്ക് അതേ വിശ്വസ്തതയോടെ അവിടുന്നു മുദ്രവച്ചു. നമ്മുടെ രക്ഷയ്ക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്ത തന്റെ പുത്രന്റെ രക്തം കൊണ്ടാണ് അവിടുന്ന് മുദ്രവച്ചത്.

ഓരോ നിമിഷത്തിലും, പ്രത്യേകിച്ച് ഏറ്റവും പ്രയാസമുള്ള നിമിഷങ്ങളിലും രക്ഷാചരിത്രത്തിന്റെ യഥാർത്ഥ ത്വരകശക്തി എപ്പോഴും കർത്താവിന്റെ വിശ്വസ്തതയായിരുന്നു. അത് മനുഷ്യരുടെ ഹൃദയങ്ങളെ ഉദ്ദീപിപ്പിച്ചു. ഒരു ദിവസം "വാഗ്ദത്തഭൂമി"യിൽ എത്തിച്ചേരാനാവുമെന്ന പ്രത്യാശയിൽ അവരെ സ്ഥിരീകരിച്ചു.

ഇവിടെയാണ് ഓരോ പ്രത്യാശയുടെയും സുനിശ്ചിതമായ അടിസ്ഥാനം നാം കാണുന്നത്: ദൈവം ഒരിക്കലും നമ്മെ ഉപേക്ഷിക്കുന്നില്ല. അവിടുന്ന് തന്റെ വാക്കുപാലിക്കുന്നു. ഇക്കാരണത്താൽ ഭാവാത്മകമോ നിഷേധാത്മകമോ ആയ ഏതൊരു സാഹചര്യത്തിലും നമുക്ക് സ്ഥിരതയുള്ള പ്രത്യാശയെ പോഷിപ്പിക്കുകയും സങ്കീർത്തകനോടൊപ്പം ഇപ്രകാരം പ്രാർത്ഥിക്കുകയും ചെയ്യാം: "ദൈവത്തിൽ മാത്രമേ എന്റെ

ആത്മാവിനു വിശ്രമം കണ്ടെത്താൻ കഴിയുകയുള്ളൂ. എന്റെ പ്രത്യാശ അവിടുന്നിൽനിന്നു വരുന്നു" (സങ്കീ 62:6).

അതുകൊണ്ട്, വിശ്വസ്തനും ഉടമ്പടിയിലെ വാഗ്ദാനം പാലിക്കുന്നവനുമായ ദൈവത്തിൽ ആശ്രയിക്കുന്നതിനു തുല്യമാണ് പ്രത്യാശയുണ്ടായിരിക്കുകയെന്നത്. അങ്ങനെ വിശ്വാസവും പ്രത്യാശയും അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു. യഥാർത്ഥത്തിൽ, ബൈബിൾ സംബന്ധമായ വിശ്വാസത്തിൽ പ്രത്യാശയെന്നത് അടിസ്ഥാനപരമായ വാക്കാണ്. ചില ഭാഗങ്ങളിൽ വിശ്വാസം, പ്രത്യാശ എന്നീ വാക്കുകൾ പരസ്പരം മാറ്റി ഉപയോഗിക്കാവുന്നവയായി തോന്നുന്നു. അങ്ങനെ, ഹെബ്രായർക്കുള്ള ലേഖനം "പ്രത്യാശയുടെ സ്ഥിരതയുള്ള ഏറ്റുപറച്ചിലും" (10:23) ''വിശ്വാസത്തിന്റെ പൂർണത''യും (10:22) തമ്മിൽ നേരിട്ടു ബന്ധപ്പെട്ടതായി കാണിക്കുന്നു. അതുപോലെ, "പ്രത്യാശയെക്കുറിച്ചുള്ള വിശദീകരണം'' (അർത്ഥവും യുക്തിയും) എപ്പോഴും നല്കാൻ ക്രൈസ്തവരെ പത്രോസിന്റെ ഒന്നാം ലേഖനത്തിൽ ആഹ്വാനം ചെയ്യുമ്പോൾ (cf 3:15) പ്രത്യാശ വിശ്വാസത്തിനു തുല്യമാണ് (Spe Salvi, 2).

പ്രിയ സഹോദരീസഹോദരന്മാരേ, അചഞ്ചലമായ പ്രത്യാശയോടെ നാം ഒട്ടിച്ചേർന്നു നില്ക്കുന്ന ദൈവത്തിന്റെ വിശ്വസ്തത കൃത്യമായി എന്താണ്? അത് അവിടുത്തെ സ്നേഹമാണ്! പിതാവ് പരിശുദ്ധാത്മാവിലൂടെ തന്റെ സ്നേഹം നമ്മുടെ ആത്മാവിന്റെ അഗാധതയിലേക്ക് ഒഴുക്കുന്നു (cf റോമാ 5:5). യേശുക്രിസ്തുവിൽ പൂർണമായി വെളിവാക്കപ്പെട്ട ഈ സ്നേഹം നമ്മുടെ അസ്തിത്വത്തിൽ വ്യാപരിക്കുകയും ഒരു പ്രത്യുത്തരം ആവശ്യപ്പെടുകയും ചെയ്യുന്നു. ഓരോ വ്യക്തിയും തന്റെ ജീവിതംകൊണ്ട് എന്തുചെയ്യാൻ ആഗ്രഹിക്കുന്നുവെന്നും ആ സ്നേഹം പൂർണമായി ജീവിക്കുന്നതിന് എന്തു നല്കാൻ തയ്യാറായിരിക്കുന്നുവെന്നുമാണ് പ്രത്യുത്തരിക്കേണ്ടത്.

ദൈവസ്നേഹം ചിലപ്പോൾ ഒരുവന് ഒരിക്കലും സങ്കല്പിക്കാനാവാത്ത വഴിയിലൂടെ നീങ്ങുന്നു. എന്നാലും കാണപ്പെടണമെന്ന് ആഗ്രഹിക്കുന്നവരിലേക്ക് അത് എപ്പോഴും എത്തിച്ചേരുന്നു. അപ്പോൾ സ്നേഹം ഈ തീർച്ചയോടെ പോഷിപ്പിക്കപ്പെടുന്നു: ''ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം അറിയുകയും അതിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു" (1 യോഹ 4:16). അഗാധവും ത്യാഗം ആവശ്യപ്പെടുന്നതും ഉപരിതലത്തിൽ നിന്നു താഴേക്ക് നന്നായി ചൂഴ്ന്നിറങ്ങുന്നതുമായ ഈ സ്നേഹം നമുക്കു ധൈര്യം തരുന്നു. നമ്മുടെ ജീവിതയാത്രയിലും നമ്മുടെ ഭാവിയിലും അതു നമുക്കു പ്രത്യാശ നല്കുന്നു; നമ്മിൽത്തന്നെയും ചരിത്രത്തിലും മറ്റുള്ളവരിലും വിശ്വസിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു.

ഞാൻ പ്രത്യേകമായി യുവജനത്തോടു പറയാൻ ആഗ്രഹിക്കുന്നു. നിങ്ങളോട് ഒരിക്കൽക്കൂടി പറയുന്നു: "ഈ സ്നേഹം ഇല്ലാതിരുന്നാൽ നിങ്ങളുടെ ജീവിതം എന്തായിരിക്കും? സൃഷ്ടികർമ്മത്തിന്റെ സമയം മുതൽ തന്റെ രക്ഷാകരപദ്ധതി പൂർത്തിയാക്കുന്നതുവരെ ദൈവം എല്ലാ സ്ത്രീപുരുഷന്മാ

രെയും പരിരക്ഷിക്കുന്നു. ഉത്ഥിതനായ കർത്താവിൽ നമുക്കു പ്രത്യാശയുടെ ഉറപ്പുണ്ട്" (സാൻമരീനോ - മോൺടേഫെൽത്രോ രൂപതയിലെ യുവജനത്തോടു നടത്തിയ പ്രഭാഷണം, 19 ജൂൺ 2011).

ഉത്ഥിതനായ യേശു തന്റെ ഭൗമികജീവിതകാലത്തു ചെയ്തതു പോലെ ഇന്നു നമ്മുടെ ജീവിതത്തിന്റെ തെരുവുകളിലൂടെ നടക്കുന്നു. പ്രവർത്തനങ്ങളിൽ മുഴുകിക്കഴിയുന്ന നമ്മെ കാണുന്നു. നമ്മുടെ എല്ലാ ആഗ്രഹങ്ങളെയും ആവശ്യങ്ങളെയും അറിയുന്നു. നമ്മുടെ അനുദിനസാഹചര്യങ്ങളിൽ അവിടുന്നു നമ്മോടു സംസാരിച്ചുകൊണ്ടിരിക്കുന്നു. തന്നോടൊപ്പം ജീവിക്കാൻ നമ്മെ വിളിക്കുന്നു. എന്തെന്നാൽ പ്രത്യാശിക്കാനുള്ള നമ്മുടെ ദാഹത്തെ തൃപ്തിപ്പെടുത്താൻ അവിടുത്തേക്കു മാത്രമേ കഴിയുകയുള്ളൂ.

അവിടുന്ന് സഭയാകുന്ന തന്റെ ശിഷ്യസമൂഹത്തിൽ ഇപ്പോഴും ജീവിതം തുടരുന്നു. തന്നെ അനുഗമിക്കാൻ ഇന്നും ആളുകളെ വിളിക്കുകയും ചെയ്യുന്നു. വിളി ഏതു നിമിഷത്തിലുമുണ്ടാകാം. "വന്ന് എന്നെ അനുഗമിക്കുക" (മർക്കോ 10:21) എന്ന് ഇന്നും യേശു പറയുന്നുണ്ട്. ഈ വിളി സ്വീകരിക്കുകയെന്നതിന്റെ അർത്ഥം നമുക്ക് ഇഷ്ടപ്പെടുന്ന വഴിയിലൂടെ നീങ്ങാതിരിക്കുകയെന്നാണ്.

യേശുവിനെ അനുഗമിക്കുകയെന്നതിന്റെ അർത്ഥം നമ്മുടെ മനസ്സിനെ അവിടുത്തെ മനസ്സിൽ മുക്കുകയെന്നതാണ്. യഥാർത്ഥത്തിൽ അവിടുത്തേക്കു മുൻഗണന നല്കുകയെന്നതാണ്. നമ്മുടെ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും അവിടുത്തേക്ക് ഒന്നാംസ്ഥാനം നല്കുകയെന്നതാണ്. കുടുംബത്തിലും തൊഴിലിലും വ്യക്തിപരമായ താത്പര്യങ്ങളിലും നമ്മിൽത്തന്നെയും അങ്ങനെ ചെയ്യുകയെന്നതാണ്.

നമ്മുടെ ജീവിതം തന്നെ അവിടുത്തെ ഏല്പിക്കുകയെന്നതാണ്, അവിടുത്തോടുള്ള അഗാധമായ അടുപ്പത്തിൽ ജീവിക്കുകയെന്നതാണ്, ഇതിന്റെ അർത്ഥം. അവിടുന്നിലൂടെ പരിശുദ്ധാത്മാവിൽ പിതാവുമായുള്ള സംസർഗത്തിലേക്കും അതുവഴി നമ്മുടെ സഹോദരീസഹോദരന്മാരിലേക്കും പ്രവേശിക്കുകയെന്നതാണ് ഇതിന്റെ അർത്ഥം. യേശുവുമായുള്ള ഈ ജീവിതസംസർഗം വിശേഷാനുകൂല്യമുള്ള ഒരവസ്ഥയാണ്. അതിൽ നമുക്കു പ്രത്യാശ അനുഭവിക്കാം. അവിടെ ജീവിതം പൂർണവും സ്വതന്ത്രവുമായിരിക്കും.

പൗരോഹിത്യത്തിലേക്കും സമർപ്പിതജീവിതത്തിലേക്കുമുള്ള വിളികൾ ക്രിസ്തുവുമായുള്ള വ്യക്തിപരമായ കണ്ടുമുട്ടലിന്റെ അനുഭവത്തിൽനിന്നും അവിടുത്തെ മനസ്സിലേക്കു പ്രവേശിക്കാൻ അവിടുത്തോടുള്ള ആത്മാർത്ഥവും വിശ്വസ്തവുമായ സംഭാഷണത്തിൽനിന്നും ജനിക്കുന്നതാണ്. അതുകൊണ്ട് വിശ്വാസത്തിന്റെ അനുഭവത്തിൽ വളരുകയെന്നത് അത്യന്താപേക്ഷിതമാണ്. യേശുവുമായുള്ള അഗാധമായ ബന്ധമായിട്ടാണ് വിശ്വാസത്തെ കരുതേണ്ടത്. നമ്മുടെ ഉള്ളിന്റെ ഉള്ളിൽ കേൾക്കപ്പെടുന്ന അവിടുത്തെ ശബ്ദത്തോടുള്ള ആന്തരികമായ ശ്രദ്ധയായിട്ടാണു കരുതേണ്ടത്.

ദൈവത്തിന്റെ വിളിയോടു ഭാവാത്മകമായി പ്രത്യുത്തരിക്കാൻ നമ്മെ ശക്തരാക്കുന്ന ഈ പ്രക്രിയ ക്രൈസ്തവസമൂഹത്തിൽ സാധ്യമാണ്. തീവ്രതയോടെ വിശ്വാസം ജീവിക്കുന്ന, സുവിശേഷത്തോടുള്ള ഉറ്റബന്ധത്തിന് ഉദാരതയോടെ സാക്ഷ്യംനല്കുന്ന, ദൈവരാജ്യത്തിനുവേണ്ടി സമ്പൂർണമായ ആത്മദാനം നടത്താൻ ആളുകളെ പ്രേരിപ്പിക്കുന്ന സുശക്തമായ പ്രേഷിതചൈതന്യമുള്ള ക്രൈസ്തവസമൂഹത്തിൽ അതു സാധ്യമാണ്. അതു കൂദാശകളുടെ, പ്രത്യേകിച്ച് ദിവ്യകാരുണ്യകൂദാശയുടെ, സ്വീകരണത്താലും തീക്ഷ്ണതയുള്ള പ്രാർത്ഥനാജീവിതത്താലും പോഷിപ്പിക്കപ്പെടുന്ന ക്രൈസ്തവസമൂഹത്തിൽ അതു സാധ്യമാണ്.

അവസാനം സൂചിപ്പിച്ച കാര്യം തികച്ചും വ്യക്തിപരമായിരിക്കണം. ആത്മാവും സജീവനായ ദൈവവും തമ്മിലുള്ള കണ്ടുമുട്ടലായിരിക്കണം. കൂടാതെ, സഭയുടെയും വിശുദ്ധരുടെയും മഹത്തായ പ്രാർത്ഥനകളാലും ലിറ്റർജിപരമായ പ്രാർത്ഥനകളാലും അതു സ്ഥിരം നയിക്കപ്പെടുകയും പ്രകാശിപ്പിക്കപ്പെടുകയും ചെയ്യണം. നാം എങ്ങനെ ശരിയായി പ്രാർത്ഥിക്കണമെന്നു ലിറ്റർജിപരമായ പ്രാർത്ഥനകളിൽ "കർത്താവ് നമ്മെ വീണ്ടും വീണ്ടും പഠിപ്പിക്കുന്നുണ്ട്" (Spe Salvi, 34).

അഗാധവും സ്ഥിരവുമായ പ്രാർത്ഥന ക്രൈസ്തവസമൂഹത്തിന്റെ വിശ്വാസവളർച്ച സാധ്യമാക്കുന്നു. ദൈവം തന്റെ ജനത്തെ ഒരിക്കലും ഉപേക്ഷിക്കുകയില്ലെന്നും പൗരോഹിത്യത്തിലേക്കും സമർപ്പിതജീവിതത്തിലേക്കുമുള്ള പ്രത്യേക വിളികൾ നല്കിക്കൊണ്ട് അവരെ താങ്ങിനിറുത്തുന്നുവെന്നുമുള്ള നിരന്തരവും നവീകൃതവുമായ ഉറപ്പിൽ ആ വളർച്ച സാധ്യമാക്കുന്നു. അങ്ങനെ വിളിക്കപ്പെടുന്നതു ലോകത്തിനു പ്രത്യാശയുടെ അടയാളങ്ങളായിരിക്കാൻ അവർക്കു കഴിയുന്നതിനു വേണ്ടിയാണ്.

യഥാർത്ഥത്തിൽ, ദൈവികതയോടുള്ള തുറവിയിലൂടെ മാത്രം വന്നുചേരുന്ന സ്ഥിരപ്രത്യാശയ്ക്ക് ശുശ്രൂഷ ചെയ്തുകൊണ്ട്, സുവിശേഷത്തിനും സഭയ്ക്കും സേവനം ചെയ്തുകൊണ്ട്, ദൈവജനത്തിന് വ്യവസ്ഥാതീതമായി സ്വയം സമർപ്പിക്കാനാണ് വൈദികരും സമർപ്പിതരും വിളിക്കപ്പെടുന്നത്. അതുകൊണ്ട് വിശ്വാസസാക്ഷ്യം, അപ്പസ്തോലികതീക്ഷ്ണത എന്നിവവഴി അവർ സുശക്തമായ ഒരാഗ്രഹം, പ്രത്യേകിച്ച്, യുവതലമുറയ്ക്കു പകർന്നു നല്കണം. തന്നോടു കൂടുതൽ അടുത്തു തന്നെ അനുഗമിക്കാൻ വിളിക്കുന്ന ക്രിസ്തുവിനോട് ഉദാരതയോടെ പെട്ടെന്നു പ്രത്യുത്തരിക്കാനുള്ള ഒരാഗ്രഹമാണ് പകർന്നു നല്കേണ്ടത്.

പൗരോഹിത്യശുശ്രൂഷയ്ക്കോ സമർപ്പിതജീവിതത്തിനോ ഉള്ള ദൈവികവിളി ഒരു ക്രിസ്തുശിഷ്യൻ സ്വീകരിക്കുന്നിടത്ത് ക്രൈസ്തവസമൂഹത്തിന്റെ ഏറ്റവും പക്വമായ ഒരു ഫലത്തിന് നാം സാക്ഷ്യം നല്കുകയാണ്. സഭയുടെ ഭാവിയെയും സുവിശേഷവത്കരണത്തിനുള്ള സഭയുടെ സമർപ്പണത്തെയും പ്രത്യേകമായ ആത്മധൈര്യത്തോടും ശരണത്തോടും കൂടെ നോക്കാൻ അതു നമ്മെ സഹായിക്കുന്നു. സുവിശേഷം പ്രസംഗി

ക്കാനും കുർബാനയും അനുരഞ്ജനക്കൂദാശയും ആഘോഷിക്കാനും ഇതു നിരന്തരം പുതിയ വേലക്കാരെ ആവശ്യപ്പെടുന്നു.

അതുകൊണ്ട് "യാത്രയിലുള്ള സഹചാരിക"ളെപ്പോലെ യുവജനങ്ങളോടൊപ്പം സഞ്ചരിക്കാനറിയാവുന്ന സമർപ്പണബുദ്ധിയുള്ള വൈദികരുണ്ടാകട്ടെ. ആ വൈദികർ മിക്കപ്പോഴും അത്യന്തദ്രോഹപരവും പ്രയാസപൂർണവുമായ ജീവിതപാതയിൽ വഴിയും സത്യവും ജീവനുമായ ക്രിസ്തുവിനെ (cf യോഹ 14:6) തിരിച്ചറിയാൻ യുവജനത്തെ സഹായിച്ചുകൊണ്ടിരിക്കണം. ദൈവത്തെയും ക്രൈസ്തവസമൂഹത്തെയും സ്വന്തം സഹോദരീസഹോദരന്മാരെയും സേവിക്കുന്നത് എത്ര മനോഹരമാണെന്ന് സുവിശേഷാത്മക ധീരതയോടെ അവരോടു പറഞ്ഞുകൊണ്ടിരിക്കുകയും വേണം.

ആവേശപൂർണമായ സമർപ്പണത്തിന്റെ ഫലദായകത്വം വെളിവാക്കുന്ന വൈദികരുണ്ടായിരിക്കട്ടെ. ആ സമർപ്പണം അവരുടെ ജീവിതത്തിനു പൂർണതയുടെ അർത്ഥം നല്കും. എന്തെന്നാൽ നമ്മെ ആദ്യം സ്നേഹിച്ചവനിലുള്ള വിശ്വാസത്തിന്മേലാണ് അതു സ്ഥാപിതമായിരിക്കുന്നത് (cf 1 യോഹ 4:19).

അതുപോലെതന്നെ ഉപരിപ്ലവവും താത്കാലികവുമായ അനേകം തിരഞ്ഞെടുപ്പുകൾ അവതരിപ്പിക്കപ്പെടുന്ന യുവജനം യഥാർത്ഥത്തിൽ മൂല്യവത്തായ ഒന്നിനുവേണ്ടിയുള്ള ആഗ്രഹം പോഷിപ്പിക്കാൻ കഴിവുള്ളവരാകുമെന്നും ശ്രേഷ്ഠമായ ലക്ഷ്യങ്ങൾക്കുവേണ്ടി മൗലികതിരഞ്ഞെടുപ്പുകൾക്കായി, യേശുവിനെ അനുഗമിച്ചുകൊണ്ട് മറ്റുള്ളവർക്കു സേവനം ചെയ്യാനുള്ള ആഗ്രഹം വളർത്താൻ കഴിവുള്ളവരായിക്കുമെന്നും ഞാൻ പ്രത്യാശിക്കുന്നു. പ്രിയ യുവജനമേ, അവിടുത്തെ അനുഗമിക്കാനും ത്യാഗവും ധീരതയും ആവശ്യപ്പെടുന്ന സ്നേഹത്തിന്റെയും സമർപ്പണത്തിന്റെയും പാതകളിലൂടെ സഞ്ചരിക്കാനും നിങ്ങൾ ഭയപ്പെടരുത്. ആ പാതയിൽ സേവനം ചെയ്യാൻ നിങ്ങൾക്കു സന്തോഷമുണ്ടാകും. നിങ്ങൾ ലോകത്തിനു നല്കാൻ കഴിയാത്ത ഒരു സന്തോഷത്തിന്റെ സാക്ഷികളാകും. നിങ്ങൾ അതിരറ്റ ശാശ്വതസ്നേഹത്തിന്റെ സജീവജ്വാലകളായിത്തീരും. "നിങ്ങളിലുള്ള പ്രത്യാശയുടെ കാരണം വിശദീകരിക്കാൻ" (1 പത്രോ 3:15) നിങ്ങൾ പഠിക്കുകയും ചെയ്യും.

**ബനഡിക്ട് പതിനാറാമൻ മാർപാപ്പാ**

വത്തിക്കാനിൽനിന്ന് 6 ഒക്ടോബർ 2012

# രൂപതാകച്ചേരി വാർത്തകൾ

### അഭിവന്ദ്യ മാർ വർക്കി വിതയത്തിൽ പിതാവിന്റെ ചരമദിനം

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പായിരുന്ന അഭിവന്ദ്യ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ പിതാവിന്റെ രണ്ടാം ചരമ വാർഷികം 2012 ഏപ്രിൽ 1- ാം തീയതിയാണ്. അന്നേദിവസം അഭിവന്ദ്യ പിതാവിനെ നമ്മുടെ പ്രാർത്ഥനകളിലും വി.കുർബാനകളിലും പ്രത്യേകം അനുസ്മരിക്കാം.

### മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി

ഏപ്രിൽ 4-ാം തീയതി തിങ്കളാഴ്ച അഭിവന്ദ്യ വള്ളോപ്പള്ളി പിതാവിന്റെ 6-ാം ചരമവാർഷികമാണ്. അന്നേദിവസം വി.ബലിയിലും പ്രാർത്ഥനയിലും അഭിവന്ദ്യ പിതാവിനെ നമുക്ക് അനുസ്മരിക്കാം.

### മാർ എമ്മാനുവൽ പോത്തനാമുഴി പിതാവിന്റെ ചരമദിനം

കഴിഞ്ഞമാസത്തെ ബുള്ളറ്റിനിൽ അറിയിച്ചിരുന്നതുപോലെ മാർ എമ്മാനുവൽ പോത്തനാമുഴി പിതാവിന്റെ 10-ാം ചരമവാർഷികം ഏപ്രിൽ 5-ാം തീയതി വെള്ളിയാഴ്ച രാവിലെ 7 മണിക്ക് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ കാർമ്മികത്വത്തിൽ കണിയാരം കത്തീഡ്രൽ പള്ളിയിൽ വച്ച് ആചരിക്കുന്നു. തിരുകർമ്മങ്ങളിലേയ്ക്ക് ഏവരുടേയും സാന്നിദ്ധ്യം ക്ഷണിക്കുന്നു.

### സ്നേഹസ്മരണ

മാനന്തവാടി രൂപതയിൽ സ്തുത്യർഹമായ സേവനത്തിനിടയിൽ ദൈവസന്നിധിയിലേയ്ക്ക് യാത്രയായ ബഹു. അഗസ്റ്റ്യൻ കണ്ണാടിക്കരയച്ചന്റെ ചരമദിനം ഏപ്രിൽ 21 നും, ബഹു. ജോസഫ് വെട്ടിക്കുഴിച്ചാലിൽ അച്ചന്റെ ചരമദിനം ഏപ്രിൽ 29-ാം തീയതിയും ആണ്. പ്രസ്തുത ദിവസങ്ങളിൽ ഇവരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**ഓഡിറ്റിംഗ് : ആണ്ട്തിരട്ട് പരിശോധന**

മാർച്ച് മാസത്തിലെ ബുള്ളറ്റിനിലൂടെ അറിയിച്ചിരുന്നതുപോലെ ഏപ്രിൽ മാസം 22 (കല്ലോടി ഫൊറോന), 23 (ചുങ്കക്കുന്ന്, കൽപ്പറ്റ ഫൊറോനകൾ), 24 (മാനന്തവാടി ഫൊറോന), 25 (മുള്ളൻകൊല്ലി, പയ്യമ്പള്ളി ഫൊറോനകൾ), 26 (മണിമൂളി, നിലമ്പൂർ ഫൊറോനകൾ, ഗൂഡല്ലൂർ റീജിയൻ), 29 (ബത്തേരി, തരിയോട് ഫൊറോനകൾ), 30 (നടവയൽ ഫൊറോന) എന്നീ തീയതികളിൽ നിശ്ചിത കേന്ദ്രങ്ങളിൽവച്ച് കണക്കുകളും ആണ്ടുതിരട്ടും പരിശോധിക്കുന്നതാണ്. നിശ്ചിത ദിവസങ്ങളിൽ നിശ്ചിത സമയത്ത് നിർദ്ദേശിക്കപ്പെട്ട എല്ലാ രേഖകളും സഹിതം ഇടവക സെക്രട്ടറിമാർ സന്നിഹിതരാവണം എന്ന് ഓർമ്മിപ്പിക്കുന്നു.

മ്യൂച്ചൽ എയ്ഡ് ഫണ്ടിലേയ്ക്ക് വരേണ്ട പത്തുശതമാനം രൂപതാവിഹിതം 2012-13 വർഷത്തെയും, മുൻവർഷങ്ങളിലെ വിഹിതം കുടിശ്ശികയായിട്ടുണ്ട് എങ്കിൽ അതും ആണ്ടുതിരട്ട് പരിശോധനയ്ക്ക് മുമ്പായി അടച്ച് സഹകരിക്കണം എന്ന് താത്പര്യപ്പെടുന്നു.

ഇടവക സെക്രട്ടറിമാരുടേയും അൾത്താരശുശ്രൂഷികളുടേയും ശമ്പളത്തിൽ ഏപ്രിൽമാസം മുതൽ ഒരു നിശ്ചിത ഇൻക്രിമെന്റ് കൂടി ചേർത്തു നൽകേണ്ടതാണ് എന്നകാര്യവും അറിയിക്കുന്നു. ഇടവകയുടെ ഗ്രേഡ് അനുസരിച്ച് അവർക്ക് അർഹതപ്പെട്ട ശമ്പളം നൽകുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

രൂപതാകേന്ദ്രത്തിൽ എത്തിച്ചു നൽകേണ്ട പൊതുപിരിവുകളും PPF ലേയ്ക്ക് നൽകേണ്ട ഇടവകവിഹിതവും മാർച്ച് 31 ന് മുമ്പായി എത്തിച്ചു നൽകാൻ സാധിക്കാതെപോയ ഇടവകകൾ ഉണ്ട് എങ്കിൽ ഓഡിറ്റിംഗിന് വരുന്നതിന് മുമ്പായി എത്തിച്ച് തരണം എന്ന് ഓർമ്മിപ്പിക്കട്ടെ.

**രൂപതാദിനം**

ഈ വർഷം നമ്മുടെ രൂപതാദിനം മെയ് 1-ാം തീയതി ബുധനാഴ്ചയാണ്. പതിവുപോലെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചായിരിക്കും ആഘോഷപരിപാടികൾ. പരിപാടികൾ രാവിലെ 9.30 ന് ആരംഭിച്ച് 1.30 ന് അവസാനിക്കുന്നതാണ്.

മുൻ വർഷങ്ങളിലേതുപോലെ പ്രതിനിധി സമ്മേളനത്തിൽ താഴെ പറയുന്നവർ സംബന്ധിക്കേണ്ടതാണ്. 1) രൂപതയിൽ സേവനം ചെയ്യുന്ന

എല്ലാവൈദികരും, 2) സന്യസ്തസഭകളുടെ മേജർ സുപ്പീരിയേഴ്സും ലോക്കൽ സുപ്പീരിയേഴ്സും, 3) രൂപതാപാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, 4) നടത്തുകൈക്കാരന്മാർ, 5) ദേവാലയശുശ്രൂഷികൾ, 6) ഇടവക സെക്രട്ടറിമാർ, 7) സൺഡേസ്കൂൾ പ്രധാന അധ്യാപകർ, 8) ഭക്ത സംഘടനകളുടെയും മതബോധനത്തിന്റെയും രൂപതാഭാരവാഹികൾ, 9) LP, UP, HS,HSS കോളേജ് പ്രധാനാധ്യാപകർ.

## പ്രോഗ്രാം

| | | |
|---|---|---|
| 9.30 a.m. | - | രജിസ്ട്രേഷൻ, ചായ |
| 10.00 a.m. | - | ജപമാല |
| 10.30 a.m. | - | വി.കുർബാന |
| 12.30 p.m. | - | പൊതുസമ്മേളനം |
| 1.30 p.m. | - | ഉച്ചഭക്ഷണം |

ബന്ധപ്പെട്ടവർക്ക് ക്ഷണക്കത്തുകൾ അയയ്ക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ ക്ഷണം കിട്ടാതെ വന്നാൽ ഇതൊരു അറിയിപ്പായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

മാനന്തവാടി രൂപതയുടെ മൈനർ സെമിനാരിയായ മൗണ്ട് മേരി കോളേജിൽ പ്രവേശനത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ട സമയമാണിത്. പത്താം ക്ലാസ്സോ പന്ത്രണ്ടാം ക്ലാസ്സോ പാസ്സായവരും ഈ ക്ലാസ്സുകളിൽ പരീക്ഷ എഴുതിയവരും ആയ സമർത്ഥരായ ആൺകുട്ടികൾക്ക് അപേക്ഷിയ്ക്കാം. അപേക്ഷകൾ എത്രയും വേഗം Rev. Fr. Thomas Kachirayil, Rector, Mount Mary College, P.B.No.1, Mananthavady- 670 645 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. അപേക്ഷകൾ വെള്ളക്കടലാസ്സിൽ തയ്യാറാക്കി ബഹുമാനപ്പെട്ട ഇടവക വികാരിയച്ചന്റെ ശുപാർശക്കത്തോടെ വേണം സമർപ്പിക്കാൻ. ബഹു. വികാരിയച്ചന്മാർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**

പ്രോട്ടോസിഞ്ചെല്ലൂസ്

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

*Prot. No. 13387/2013*

## ഊട്ടി സെന്റ് ജോസഫ് പള്ളിയെ ഇടവകയാക്കി ഉയർത്തിക്കൊണ്ടുള്ള ഡിക്രി

മാനന്തവാടി രൂപതയുടെ മെത്രാൻ മാർ ജോസ് പൊരുന്നേടം, ഊട്ടി സെന്റ് ജോസഫ് പള്ളിയെ ഇടവകയായി ഉയർത്തിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഡിക്രി.

ദക്ഷിണേന്ത്യയിലെ ഏറ്റവും തണുപ്പുകൂടിയതും സമുദ്ര നിരപ്പിൽ നിന്ന് വളരെ ഉയരത്തിലുള്ളതും തമിഴ്നാട് സംസ്ഥാനത്തിലെ നീലഗിരി ജില്ലയിൽ സ്ഥിതി ചെയ്യുന്നതും പ്രകൃതി രമണീയവും പ്രസിദ്ധ വിനോദ സഞ്ചാര കേന്ദ്രവുമായ ഊട്ടിയിൽ ഇന്ത്യയുടെ പല ഭാഗത്തുനിന്നുമുള്ള ആളുകൾ താമസിക്കുന്നു. ഇവരിൽ വളരെയധികം മലയാളികളും മലയാളികളിൽ ഇരുപത് ശതമാനത്തോളം പേർ സുറിയാനി കത്തോലിക്കരുമാണ്.

ഊട്ടിയിലെ സീറോമലബാർ വിശ്വാസ സമൂഹം ആത്മീയകാര്യങ്ങൾക്കായി ഊട്ടി ലത്തീൻ രൂപതയുടെ കീഴിലുള്ള പള്ളികളിലാണ് പോയിരുന്നത്. അതിനിടയിൽ സീറോമലബാർ കുർബാനയിൽ പങ്കുചേരാൻ മാനന്തവാടിയുടെ ഭാഗമായ കുന്നൂർ ഇടവകയിൽ പോകുമായിരുന്നു. 2002 ൽ കുന്നൂർ പള്ളി വികാരി ബഹുമാനപ്പെട്ട തോമസ് പൊൻതൊട്ടിയിലച്ചൻ ഊട്ടിയിലെ സീറോ മലബാർ കത്തോലിക്കരെ സംഘടിപ്പിക്കുകയും മാസത്തിൽ ഒരു ഞായറാഴ്ച ഊട്ടി രൂപതയുടെ കീഴിൽ ഊട്ടിയിലുള്ള ഉണ്ണിമിശിഹാ പള്ളിയിൽ ബലിയർപ്പിക്കാൻ ആരംഭിക്കുകയും ചെയ്തു.

2003–ൽ ബഹുമാനപ്പെട്ട മൈക്കിൾ വടക്കേമുളഞ്ഞനാൽ അച്ചനെ ഊട്ടിയിലെ സീറോ മലബാർ ചാപ്ലെയിനായി അഭിവന്ദ്യ എമ്മാനുവേൽ

പോത്തനാമൂഴി പിതാവ് നിയമിച്ചു. അച്ചന്റെ സ്ഥലം മാറ്റത്തെ തുടർന്ന് 2003-ൽ തന്നെ ബഹുമാനപ്പെട്ട തോമസ് മണ്ണൂരച്ചൻ ഊട്ടിയിൽ ചാപ്ലെയിനായി നിയമിതനായി. ഊട്ടിയിൽ ഒരു സീറോമലബാർ ഇടവക രൂപീകരിക്കുക എന്ന ഉദ്ദേശത്തോടെ മാനന്തവാടി രൂപത 2005-ൽ സെന്റ് മേരീസ് ഹില്ലിൽ 23 സെന്റ് സ്ഥലം വാങ്ങിച്ചു. തുടർന്ന് അവിടെ ഒരു പള്ളിപണിക്ക് വേണ്ട പണം സ്വരൂപിക്കാൻ ബഹുമാനപ്പെട്ട മണ്ണൂരച്ചൻ പരിശ്രമിച്ചു. ഇതിനിടയിൽ ബഹുമാനപ്പെട്ട ജിമ്മി മൂലയിലച്ചനെ 2007-ൽ അസിസ്റ്റന്റായി നിയമിച്ചു. 2010-ൽ ബഹു. മണ്ണൂരച്ചൻ സ്ഥലം മാറുകയും ബഹു. ജിമ്മിയച്ചൻ ഊട്ടിയിലെ ചാപ്ലെയിനായി സേവനം ഏറ്റെടുക്കുകയും ചെയ്തു. ഈ വൈദികരെല്ലാം ഊട്ടിയിലെ Good Shepherd International School ലാണ് താമസിച്ചിരുന്നത്.

2010 മെയ് മാസത്തിൽ ബഹു. മാത്യു മലയിൽ അച്ചൻ ഊട്ടിയിലേയ്ക്ക് നിയമിതനായി. അച്ചൻ സ്കൂളിൽ നിന്നും തന്റെ താമസം രൂപത വക സ്ഥലത്തെ ലൊറേറ്റോ ഹൗസിലേയ്ക്ക് മാറ്റുകയും ഒരു മുറി ചാപ്പലാക്കി എല്ലാ ദിവസവും വി. കുർബാന ആരംഭിക്കുകയും ചെയ്തു. ഒരു വർഷം ഭവന സന്ദർശനവും മിഷൻ പ്രവർത്തനവും നടത്തി ഒരു വിശ്വാസ സമൂഹത്തെ അച്ചൻ രൂപപ്പെടുത്തി. അച്ചന്റെ തീക്ഷ്ണതയേറിയ അജപാലന പ്രവർത്തനത്താലും അശ്രാന്തമായ പരിശ്രമത്താലും ദൈവജനത്തിന്റെ അകമഴിഞ്ഞ സഹകരണത്താലും 2011 മെയ് 16 തിങ്കളാഴ്ച പുതിയ പള്ളിക്ക് തറക്കല്ലിട്ടു. ഇതിനിടയിൽ കുടുംബങ്ങളുടെ എണ്ണം വർദ്ധിക്കുകയും വിശ്വാസ സമൂഹം ശക്തിപ്പെടുകയും ചെയ്തു.

ഇടവക ജനങ്ങളുടെ ആത്മാർത്ഥമായ സഹകരണത്താലും രൂപതാ കേന്ദ്രത്തിൽ നിന്നും രൂപതയിലെ പല ഇടവകാ സമൂഹങ്ങളും മറ്റ് അഭ്യുദയകാംക്ഷികളും നൽകിയ സാമ്പത്തിക സഹായത്താലും പള്ളിപ്പണി തീർക്കുകയും 2013 ഫെബ്രുവരി 2-ാം തീയതി പുതിയപള്ളി കൂദാശ ചെയ്യുകയും ചെയ്തു. അതോടൊപ്പം വൈദിക മന്ദിരവും വെഞ്ചരിച്ചു.

ഇടവകയിൽ ഇപ്പോൾ 8-ാം ക്ലാസ്സുവരെ മതബോധനം ആരംഭിച്ചിരിക്കുന്നു. ജീസസ് യൂത്ത്, മാതൃസംഘം എന്നിവ സജീവമായി പ്രവർത്തിക്കുന്നു. 150 ഓളം കോളേജ് കുട്ടികളും വളരെയധികം ടൂറിസ്റ്റുകളും ഞായറാഴ്ചകളിൽ വി. ബലിയിൽ സംബന്ധിക്കുന്നുമുണ്ട്.

ഇപ്രകാരം സ്വതന്ത്ര അജപാലന പ്രവർത്തനങ്ങളുമായി മുമ്പോട്ടുപോകുന്ന ഊട്ടി സെന്റ് ജോസഫ് പള്ളിയെ ആ പ്രദേശത്തെ

ദൈവജനത്തിന്റെ താല്പര്യം പരിഗണിച്ചും 2013 ജനുവരി 6 ന് ചേർന്ന പൊതുയോഗത്തിന്റെ തീരുമാനവും 2013 ഫെബ്രുവരി 19 ന് ചേർന്ന മാനന്തവാടി വൈദിക സെനറ്റിന്റെ (Presbyteral Council) അഭിപ്രായം കണക്കിലെടുത്തും രൂപതാ മെത്രാൻ എന്ന നിലയിൽ എനിക്കുള്ള അധികാരം ഉപയോഗിച്ച് വി. യൗസേപ്പിന്റെ മരണതിരുനാളായ 19 മാർച്ച് 2013 മുതൽ ഊട്ടി സെന്റ് ജോസഫ് പള്ളിയെ സ്വതന്ത്ര ഇടവകയായി സ്ഥാപിക്കുന്നു. സെന്റ് ജോസഫ്സ് ചർച്ച്, ഊട്ടി എന്നായിരിക്കും ഈ ഇടവകയുടെ ഔദ്യോഗിക നാമം. ഈ രൂപതയിലുള്ള മറ്റ് ഇടവക കൾക്കുള്ള എല്ലാ അവകാശാധികാരങ്ങളും കടമകളും അന്നു മുതൽ പ്രസ്തുത ഇടവകയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

ഊട്ടി സെന്റ് ജോസഫ്സ് ഇടവകയുടെ പ്രഥമ വികാരിയായി ബഹു. മലയിൽ മാത്യു അച്ചനെ ഞാൻ നിയമിക്കുന്നു. അതുപോലെ തന്നെ തങ്ങളുടെ ഇടയനും പിതാവുമായി അച്ചനെ സ്വീകരിച്ച് സ്നേഹി ക്കുകയും ബഹുമാനിക്കുകയും എല്ലാ കാര്യങ്ങളിലും യഥായോഗ്യം അനുസരിക്കുകയും അദ്ദേഹത്തോട് സഹകരിക്കുകയും ഇടവകയുടെ നന്മയ്ക്കായി പ്രവർത്തിക്കുകയും ചെയ്യേണ്ടതാണെന്ന കാര്യം അവി ടുത്തെ പ്രിയപ്പെട്ട ദൈവജനത്തെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

താഴെ പറയുന്ന അതിർത്തിക്കുള്ളിൽ ഇപ്പോൾ താമസിക്കുന്ന 60 കുടുംബങ്ങളും ഇനി ഭാവിയിൽ ഈ അതിർത്തിയിൽ കുടിയേറി പാർക്കുന്നവരുമായ സീറോമലബാർ സഭാംഗങ്ങൾ ഇനി മുതൽ മേൽ ഇടവകയുടെ അംഗങ്ങളായിരിക്കും.

അതിർത്തികൾ :

| | | |
|---|---|---|
| കിഴക്ക് | - | എല്ലനള്ളി ടൗൺ |
| തെക്ക് | - | നഞ്ചനാട് ബസ് സ്റ്റാൻഡ് |
| പടിഞ്ഞാറ് | - | നടുവട്ടം ടൗൺ |
| വടക്ക് | - | പുതുമന്ത് ബസ് സ്റ്റാൻഡ് |

ഊട്ടി സെന്റ് ജോസഫ് ഇടവകയുടെ വളർച്ചയിൽ നിർണ്ണായക മായ പങ്കുവഹിച്ചവരും അവിടെ സേവനം ചെയ്തവരുമായ എല്ലാ വൈദിക്കരയും നന്ദിയോടെ അനുസ്മരിക്കുന്നു. പ്രത്യേകിച്ച് ഏറെ ത്യാഗപൂർവ്വം ഊട്ടി സെന്റ് ജോസഫ്സ് പള്ളിയെ ആത്മീയവും ഭൗതീ കവുമായ വളർച്ചയിലേക്ക് നയിച്ച ബഹു. മാത്യു മലയിൽ അച്ചനെ നന്ദിയോടെ ഓർക്കുകയും ഹൃദയപൂർവ്വം അനുമോദിക്കുകയും ചെയ്യുന്നു. 2002 മുതൽ ഒരു ദേവാലയം ഉണ്ടാകുന്നതുവരെ ഞായറാ

ഴ്ചകളിൽ സീറോമലബാർ റീത്തിൽ മലയാളത്തിൽ വി. കുർബാന അർപ്പിക്കുവാൻ വേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുതന്ന ഊട്ടി രൂപതയുടെ ഇൻഫന്റ് ജീസസ് സ്റ്റേഷൻ പള്ളിയിൽ കാലാകാലങ്ങളിൽ സേവനം ചെയ്ത ഊട്ടി രൂപതയിലെ ബഹു. വൈദികരെയും വളരെ പ്രത്യേകമായി അന്ന് ഊട്ടി സെന്റ് മേരീസ് ഇടവകയുടെയും ഇൻഫന്റ് ജീസസ് സ്റ്റേഷൻ പള്ളിയുടെയും വികാരിയും ഇപ്പോൾ ഊട്ടി രൂപതയുടെ അഡ്മിനിസ്ട്രേറ്ററും ഊട്ടി രൂപതയുടെ വികാരി ജനറാളുമായിരിക്കുന്ന പെരിയ ബഹു. മോൺ. അന്തോനി സ്വാമിയെയും ഇപ്പോൾ ഊട്ടി രൂപതയുടെ മെത്രാനായിരിക്കുന്ന അഭിവന്ദ്യ അമൽ രാജ് പിതാവിനെയും നന്ദിയോടും കടപ്പാടുകളോടും കൂടെ അനുസ്മരിക്കുന്നു.

പുതിയ ഇടവകയുടെ ബഹു. വികാരിയച്ചനെയും, കൈക്കാരന്മാർ, വാർഡ് പ്രതിനിധികൾ എന്നിവരെയും മതബോധനാധ്യാപകരെയും ഇടവക ജനത്തെയും നല്ല ഇടയനായ ഈശോ, തന്റെ വളർത്തു പിതാവായ വി. യൗസേപ്പിന്റെ മധ്യസ്ഥതയിലൂടെ ധാരാളമായി അനുഗ്രഹിക്കട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും + പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളോടുകൂടെയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2013 മാർച്ച് മാസം 12 ന് നൽകപ്പെട്ടത്

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

CHANCELLOR · DIOCESE OF MANANTHAVADY

JOSE PORUNNEDOM · BISHOP OF MANANTHAVADY

# വൈദിക സമ്മേളനം (Priests' Conference) റിപ്പോർട്ട്

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം 2013 മാർച്ച് 12-ന് രാവിലെ 10.30 മുതൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേർന്നു. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം ബഹു. സോണി വടയാപറമ്പിൽ അച്ചൻ നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ ഏവർക്കും സ്വാഗതം ആശംസിച്ചു. മാനന്തവാടി രൂപതയ്ക്കുവേണ്ടി വൈദിക പട്ടം സ്വീകരിച്ചവരേയും മാനന്തവാടി രൂപതയിൽ സേവനത്തിനായി കടന്നുവന്ന വൈദികരേയും അച്ചൻ പരിചയപ്പെടുത്തുകയും പ്രത്യേകമാംവിധം സ്വാഗതം ആശംസിക്കുകയും ചെയ്തു.

രൂപതാ പ്രൊക്കുറേറ്റർ റവ.ഫാ. ഗർവ്വാസീസ് മറ്റം 2013-2014 വർഷത്തെ രൂപതയുടെ ബഡ്ജറ്റ് അവതരിപ്പിക്കുകയും തുടർന്ന് സജീവമായ ചർച്ച നടക്കുകയും ചെയ്തു. സീയോൻ ഡയറക്ടറും രൂപതാ ബൈബിൾ കൺവെൻഷന്റെ കൺവീനറുമായ ബഹു. അഗസ്റ്റിൻ താന്നിയിലച്ചൻ 2013 ഏപ്രിൽ 15 മുതൽ 18 വരെ ദ്വാരക സിയോൻ ധ്യാന കേന്ദ്രത്തിൽ വച്ച് നടക്കുന്ന കൺവെൻഷനെക്കുറിച്ച് സംസാരിച്ചു. സിയോനിൽ താമസിയാതെ താമസിച്ചുള്ള ധ്യാനം ആരംഭിക്കുവാൻ ആലോചിക്കുന്നു എന്ന് അറിയിക്കുകയും ചെയ്തു.

വൈദിക ക്ഷേമനിധി (PPF) സെക്രട്ടറി ബഹു. വർഗ്ഗീസ് മുളകൊടിയാങ്കൽ അച്ചൻ PPF ന്റെ കണക്ക് അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ മറ്റു രൂപതയിൽ സേവനത്തിനായി പോകുന്ന അവസരത്തിലും PPF ലേയ്ക്ക് വൈദികർ വിഹിതം അടയ്ക്കണമെന്നും കണ്ണടയ്ക്ക് മാക്സിമം 1000 രൂപ കൊടുക്കണമെന്നും തീരുമാനിച്ചു. ആയുർവ്വേദ ചികിത്സയ്ക്കും അലോപ്പതി ചികിത്സയ്ക്ക് കൊടുക്കുന്നതുപോലെ തന്നെ തുക കൊടുക്കാമെന്നും സുഖചികിത്സയ്ക്ക് തുക കൊടുക്കണ്ടായെന്നും യോഗം തീരുമാനിച്ചു. തുടർന്ന് വിവിധ സംഘടനകളെക്കുറിച്ച് റവ.ഫാ. ലാൽ പൈനുങ്കൽ (കെ.സി.വൈ.എം.), റവ. ഫാ. സോണി വടയാപറമ്പിൽ (മിഷൻലീഗ്), റവ.ഫാ. ഡെന്നീസ് കഴുതാടിയിൽ (കുടുംബപ്രേഷിതത്വം), റവ. ഫാ. തോമസ് കുറ്റിക്കാ

ട്ടുകുന്നേൽ (മദ്യവിരുദ്ധസമിതി), റവ.ഫാ. ബാബു മാപ്ലശേരി (മീഡിയാ കമ്മീഷൻ), റവ.ഫാ. റോബിൻ വടക്കുംചേരി (കോർപ്പറേറ്റ് മാനേജർ), റവ.ഫാ. ജോൺ ചൂരപ്പുഴയിൽ (WSSS), റവ.ഫാ. ബിജോയ് കറുകപ്പള്ളി (KLM) എന്നിവർ സംസാരിച്ചു.

Mutal Aid Fund നെക്കുറിച്ച് ബഹു. ജനറാളച്ചൻ വിശദീകരണം നൽകി. കുടുംബക്കല്ലറയുടെ നിരക്ക് വർദ്ധിപ്പിക്കണമെന്ന് യോഗത്തിൽ ആവശ്യപ്പെട്ടെങ്കിലും വിശദമായ പഠനത്തിനുശേഷം വൈദിക സെനറ്റിൽ തീരുമാനിക്കാം എന്ന് തീരുമാനിച്ചു.

തുടർന്ന് അഭിവന്ദ്യ പിതാവ് നൽകിയ സമാപന സന്ദേശത്തിൽ നമുക്ക് പാവങ്ങളെക്കുറിച്ചുള്ള പ്രതിബദ്ധതയും പക്ഷംചേരലും കൂടുതൽ ഊർജ്ജിതപ്പെടുത്തണമെന്നും സർക്കാറുകൾ ഒത്തിരി കാര്യങ്ങൾ ചെയ്യുന്നുണ്ടെന്നും സർക്കാർ അനുവദിക്കുന്ന ക്ഷേമപദ്ധതികൾ പാവപ്പെട്ടവർക്ക് എത്തിച്ചുകൊടുക്കാൻ വേണ്ട സഹായസഹകരണങ്ങൾ നമ്മളും ചെയ്യണമെന്നും പിതാവ് സൂചിപ്പിച്ചു. മൈനർ സെമിനാരിയിലേയ്ക്ക് താല്പര്യമുള്ള കുട്ടികളെ പറഞ്ഞുവിടണമെന്നും എല്ലാ മാസവും ഇടവകയിലെ ബഹു. വികാരിയച്ചനും, സമർപ്പിതരും, കൈക്കാരന്മാരും, ദേവാലയ ശുശ്രൂഷിയുമൊക്കെ ഒരുമിച്ചിരുന്ന് ആ മാസത്തെ ഇടവകയിൽ നടപ്പിലാക്കുന്ന അജപാലന പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കുന്നത് നല്ലതാണെന്നും പിതാവ് പറഞ്ഞു. വൈദികരുടെ വ്യക്തിജീവിതം സാക്ഷ്യമുള്ളതാകണമെന്നും ഫൊറോന വികാരിയുടെ നേതൃത്വത്തിൽ ചർച്ചകൾ സജീവമാക്കുകയും എല്ലാ ഇടവകയിലും അജപാലന കാര്യങ്ങൾ നന്നായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യണമെന്നും ഓർമ്മിപ്പിച്ചു. കത്തീഡ്രൽ പണി താമസിയാതെ ആരംഭിക്കുമെന്നും ഓരോ സ്ഥലങ്ങളേയും കൂട്ടി മാതാവിന്റെ പേരു പറയുന്നത് ശരിയല്ലായെന്നും ഫാത്തിമ മാതാവ്, ലൂർദ്ദ് മാതാവ് തുടങ്ങിയ സ്ഥലങ്ങളോട് ബന്ധപ്പെടുത്തി ഉപയോഗിക്കുന്നത് പ്രത്യേക സാഹചര്യത്തിലാണെന്നും പിതാവ് സൂചിപ്പിച്ചു.

രൂപതാ ചാൻസലർ ഫാ. ജോസഫ് പരുവുമ്മേൽ എല്ലാവർക്കും നന്ദി പറഞ്ഞു. രൂപതാഗാനത്തോടെ ഉച്ചകഴിഞ്ഞ് 2.30 ന് യോഗം അവസാനിച്ചു.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

# പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

Adikolly: M/ 6027*, 6028*, 6029, 6030, 6031*, 6032, 6033*, 6034, 6035, 6036, 6037*, 6038*, 6039*, 6040, 6041*, 6042*, 6043*, 6044*, 6045*, 6046*, 6047, 6048, 6049*, 6050*, 6051, 6052, 6053*, 6087*. Amarakuni: 6054*, 6055, 6056, 6057*, 6059*, 6060*, 6061*. Irulam: 6066*, 6067*, 6068, 6069*, 3964. Kabanigiri: 6070, 6071, 6072*, 6073, 6075, 6076*, 6077, 6078, 6079. Marakavu: 6081, 6083, 6085, 6086, 6088, 6089, 6090, 6092, 6095, 6096, 6098*, 6099, 6100, 6101, 6103, 6106, 6108. Marakadavu: 6111, 6113, 6115, 6116, 6117, 6118. Mullankolly: 6119, 6121*, 6123, 6124*, 6125*, 6126*, 6127, 6128*, 6131*, 6132, 6133*, 6134*, 6135*, 6136, 6137*, 6138*, 6139, 6140*, 6141*, 6142, 6143*, 6144, 6147*, 6148*, 6149*, 6150*, 6151*, 6152*, 6153, 6154*, 6156*, 6157*, 6159*, 6160, 6162, 6163, 6164, 4034*, 6058, 6406. Padichira: 6166, 6167*, 6168, 6169*, 6171*, 6172, 6173, 6174, 6175, 6176*, 6177, 6178, 6179, 6180, 6181, 6182, 6183, 6186, 6187, 6188, 6190*, 6191*, 6192. Pattanikoop: 6193, 6194, 6195, 6197, 6198, 6199, 6200, 6201*, 4092*. Pulpally: 6202*, 6204*, 6205, 6206*, 6207, 6209*, 6210, 6211*, 6212, 6214, 6215, 6216, 6217. Seethamount: 6218, 6219*, 6220, 6221, 6222*, 6224*, 6225, 6226*, 6227. Sisumala: 6228, 6229, 6230*, 6231*, 6232*, 6233*, 6234, 6235, 6236, 6237*, 6238*, 6239*, 6240*, 6241*, 6242, 6243*, 6245, 6246, 6247, 6248, 6249*, 6253*, 6254.

**Nadavayal Forane:**

Arinchermala: M/ 6255*, 6260, 6261*, 6262*, 6263, 6264, 6265, 6266, 6267*, 6268*, 6269*, 6270*, 6271. Cherukattoor: 6256, 6272, 6273*, 6274, 6275, 6276, 6277, 6278, 6279, 6281, 6282, 6283, 6285, 6287, 6288, 6289, 6290, 6291, 6292, 6293, 6295*, 6296*, 6297*, 6298, 6299*, 6300*, 6303, 6306, 6307. Chundakara: 6310, 6311, 6313, 6315, 6318, 6325, 6327, 6328*, 6331, 6333*, 6335, 6339, 6341, 6342. Kalluvayal: 6347*, 6349, 6350, 6353, 6358, 6359, 6360, 6361, 6362*, 6363*. Kaniyambetta: 6365, 4234. Kurumbalakotta: 6321, 6334*. Kenichira: 6367, 6369, 6370, 6372*, 6374*, 6376, 6377, 6378, 6379, 6380, 6381. Nadavayal:10138, 6382*, 6383*, 6384, 6385, 6388, 6389, 6394, 6396*, 6398*, 6399, 6401*, 6402*, 6403*, 6408, 6409, 6410*, 6411, 6412*, 6413*, 6415, 6416, 6418, 6420, 6421, 6423, 6424, 6425, 6426, 6431*, 6435, 6436, 6437, 6438, 6439, 6440, 6441, 6442*, 6443, 6444, 6445, 6446, 6447, 6448*, 6449, 6450, 6451, 6453, 6454, 6455, 6456, 6457, 6458, 6460, 6461, 6462, 6463, 6465, 6428, 4259. Neikuppa: 6467, 6468. Paralikunnu: 6473*. Valavayal: 6474*, 6475*, 6478*, 6479, 6480. Vilambukandam: 6483*, 6484*, 6485*, 6486*, 6487*.

**Nilambur Forane:**

Chokkad:M/ 6491, 6492, 6493, 6494, 6495. Edivanna: 6496, 6497, 6498*, 6499, 6500*, 6501, 6507, 6508*, Muttiyel: 6509, 6510. Nilambur: 6511, 6512, 6513, 6514*, 6515*, 6516*, 6518, 6519, 6521*, 6522*, 6524, 6526, 6528, 6529*, 6530*. Pookottumpadam: 6531, 6532, 6533, 6534, 6535, 6537, 6538, 6541*, 6542, 6544, 6545. Poolapadam: 5922*, 6546*, 6547*, 6548, 6549*, 6551, 6552*, 6553*, 6554, 6555, 6556, 6557, 6558*. Thelpara: 6564, 6566. Rubynagar: 6567. Vallikettu: 6568, 6570.

**Payyampally Forane:**

Arattuthara: M/ 6571*, 6572*, 6573, 6574*, 6575, 6576*, 6577, 6580, 6581*, 6582*. Bavali: 6583, 6584, Edayoorkunnu: 6585, 6589. Kammana: 6590, 6592*, 6593*, 6594, 6595, 6596, 6597, 6598*, 6599*. Kartikulam: 6600*, 6601, 6602*, 6603*, 6604, 6605, 6606, 6607, 6609*, 6611*, 6612*, 6613. Martinnagar: 6614*, 6616, 6617, 6618, 6620, 6622*, 6623, 6624, 6625*, 6626*, 6627*, 6628, 6629, 6630, 6632, 6633, 6634, 6637*, 6638, 6639, 6640, 6641, 6643, 6644, 6645, 6646, 6647*. Padamala: 6648, 6649*, 6650, 6651*, 6652*, 6653, 6654, 6655*, 6656, 6657, 6658, 6659, 6660.Panavally: 6662*, 6663*, 6664*, 6665*. Payyampally: 6666*, 6667*, 6668, 6669, 6670, 6671*, 6672*, 6673, 6674*, 6675*, 6676*, 6677*, 6679*, 6680*, 6681*, 6682*, 6684*, 6685*, 6686*, 6687*, 6688*, 6689*, 5185, 6691*, 6692, 6693*, 5471, 6619, 5504*. Thrissilery: 6694, 6695*, 6696*, 6698, 6699*, 6700*, 4551.

**Thariode Forane:**

Chennalode: M/ 6701, 6702, 6703*, 6705*, 6706, 6707, 6708*, 6709*, 6710*, 6711, 6712, 6714, 6715, 6716*, 6717, 6718, 6719, 6720, 6721*. Kavummannam: 6723*, 6726, 6727, 6728*, 6729*, 6730*, 6733, 6734, 6735*, 6736*. Kottathara: 6739*, 6740, 6741, 6742*, 6743, 6744, 6745, 6748, 6749. Kurumani: 6750*, 6751*, 6752, 6753, 6755*, 6758, 6763, 6764, 2631*. Kurumbala: 6765, 6766, 6767*, 6768, 6769, 6770*, 6771, 6772, 5770*.Mangalam: 6776, 6778, 6779, 6780, 6782. Manjoora: 6783, 6784, 6785, 6786, 6788*, 6789*, 6790*. Panthipoil: 6793*, 6794. Puthuserikadavu: 6795, 6797*, 6798*, 6799*, 6800, 6802, 6803*, 6804*, 6805*, 6806*. Thariode: 6807, 6808, 6815, 6821*, 6823*, 6824, 6826*, 6827, 6828, 6829, 6831*, 6832*, 6833, 6834*.

**Formation Houses**

Rogate Bhavan: M/ 6837, 6838*, 6839*, 6840*, 6841*, 6842, 6843*, 6845*, 6846, 6847, 6848, 6850, 6851, 6852*, 6853*, 6854, 6856*, 6857, 6859*, 6860. Mount Mary College: 6863, 6864, 6865, 6866, 6868, 6871, 6872, 6873*, 6874, 6877, 6878, 6879, 6880, 6881, 6882, 6884, 6885, 6155, 5621*, 5561*. 6506*, 6332*, 3492*.

*First Class

**ഫാ. ബെന്നി മുതിരക്കാലായിൽ**

മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളേ,

പഠനത്തിന്റെയും പരീക്ഷകളുടെയും തിരക്കുകൾ അവസാനിച്ച് ആഹ്ലാദകരമായ അവധിക്കാലം വന്നെത്തി. പ്രിയപ്പെട്ടവരോടൊപ്പം ചെല വഴിക്കുന്ന സുന്ദരനിമിഷങ്ങൾ. നല്ലൊരു അവധിക്കാലം സ്നേഹപൂർവ്വം ആശംസിക്കുന്നു.

ഈ അവധിക്കാലം ഫലപ്രദമായി നമുക്ക് ഉപയോഗപ്പെടുത്താം. പ്രാർത്ഥിക്കാനും വായിക്കാനും പഠിക്കാനും ഉല്ലസിക്കാനുമെല്ലാം സമയം ക്രമപ്പെടുത്തണം. അവധിക്കാലത്ത് മിഷൻലീഗിന്റെ നേതൃത്വത്തിൽ ക്രമീ കരിക്കുന്ന "നിറവ്" മേഖലാക്യാമ്പുകളിലേക്ക് ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഇത് നമ്മുടെ വ്യക്തിജീവിതത്തിന് കൂടുതൽ നിറവേകും എന്നത് തീർച്ചയാണ്. ഈ അവസരം പൂർണ്ണമായും ഉപയോഗപ്പെടുത്താൻ പരിശ്രമിക്കുമല്ലൊ.

ഒത്തിരി സ്നേഹത്തോടെ
**സോണിയച്ചൻ**

**മലബാർ റീജണൽ സംഗമം**

സി.എം.എൽ. മലബാർ റീജണൽ സംഗമം 8-3-2013 ന് താമരശ്ശേരി പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. മാനന്തവാടി രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. രൂപതാസെക്രട്ടറി ബിനു മാങ്കൂട്ടത്തിൽ റിപ്പോർട്ട് അവതരിപ്പിച്ചു.

**കരുണയുടെ തീരം**

രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ കരുണയുടെ തീരം പ്രോഗ്രാ മിന്റെ ഭാഗമായി എസ്.കെ.ഡി. സിസ്റ്റേഴ്സ് നടത്തുന്ന 'Home of love' അഗതി മന്ദിരം സന്ദർശിക്കുകയും അന്തേവാസികളോടൊപ്പം സമയം ചെലവഴി ക്കുകയും ചെയ്തു.

**രൂപതാ ക്യാമ്പ് - സീനിയർ**

ഈ പ്രവർത്തനവർഷത്തെ രൂപതാക്യാമ്പ് മെയ് 4,5,6 തീയതികളിൽ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. എല്ലാ ശാഖകളിൽ നിന്നും അംഗങ്ങളെ രൂപതാ ക്യാമ്പിൽ പങ്കെടുപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വരും നാളുകളിൽ ശാഖാ ഭാരവാഹികളാകാൻ സാധ്യതയുള്ളവരെ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നത് നന്നായിരിക്കും. 8,9,10,11,12 ക്ലാസ്സുകളിലെ കുട്ടികളാണ് സീനിയർ ക്യാമ്പിൽ പങ്കെടുക്കേണ്ടത്. ക്യാമ്പിന് ഒരു കുട്ടിക്ക് 550 രൂപ ചിലവ് പ്രതീക്ഷിക്കുന്നു. അതിൽ 250 രൂപ കുട്ടിയോ, ശാഖയോ വഹിക്കേണ്ടതാണ്. ബാക്കിതുക രൂപത വഹിക്കുന്നതാണ്. വിശദവിവരങ്ങൾ ശാഖകളെ അറിയിക്കുന്നതാണ്.

**രൂപതാക്യാമ്പ് - ജൂണിയർ**

മെയ് 2, 3 തീയതികളിൽ 6, 7 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ജൂണിയർ ക്യാമ്പ് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുന്നു. വിശദവിവരങ്ങൾ ശാഖകളെ അറിയിക്കുന്നതാണ്. ക്യാമ്പിന് ഒരു കുട്ടിക്ക് 250 രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. അതിൽ 100 രൂപ കുട്ടിയോ ശാഖയോ വഹിക്കേണ്ടതാണ്. ബാക്കി തുക രൂപത വഹിക്കുന്നതാണ്.

**ജോ.ഡയറക്ടർമാരുടെ ശ്രദ്ധയ്ക്ക്**

ഇനിയും കുടിശിക അടച്ചുതീർക്കാത്തവർ എത്രയും പെട്ടെന്ന് രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. അംഗത്വലിസ്റ്റിന്റെ മൂന്ന് കോപ്പി എത്രയും വേഗം ഓഫീസിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**നിറവ് - 2013 മേഖലാ ക്യാമ്പുകൾ**

മിഷൻലീഗ് അംഗങ്ങളുടെ വ്യക്തിത്വ വികസനം ലക്ഷ്യമാക്കി നടത്തപ്പെടുന്ന മേഖലാക്യാമ്പുകൾ അവധിക്കാലത്ത് നടത്തപ്പെടുകയാണ്. 8,9,10,11,12 ക്ലാസുകളിലെ കുട്ടികളാണ് ക്യാമ്പിൽ പങ്കെടുക്കേണ്ടത്.

**മേഖലാക്യാമ്പുകളുടെ തീയതിയും സ്ഥലവും താഴെപ്പറയുന്നു**

| | | |
|---|---|---|
| ഏപ്രിൽ 4 -5 | നടവയൽ | - ചെറുകാട്ടൂർ |
| ഏപ്രിൽ 4-5 | കൊട്ടിയൂർ | - കൊട്ടിയൂർ |
| ഏപ്രിൽ 8-9 | തരിയോട് | |
| | ബത്തേരി | - ഡോൺബോസ്കോ ബത്തേരി |
| ഏപ്രിൽ 10-11 | കൽപ്പറ്റ | |
| | പുൽപ്പള്ളി | - മുള്ളൻകൊല്ലി |
| ഏപ്രിൽ 13-14 | കല്ലോടി | |
| | പയ്യമ്പിള്ളി | - കാട്ടിക്കുളം |
| | മാനന്തവാടി | - ബോയ്സ് ടൗൺ |

**വാർഷിക മാനേജിംഗ് കമ്മറ്റി - ഇലക്ഷൻ**

വാർഷിക മാനേജിംഗ് കമ്മറ്റിയും രൂപതാ ഇലക്ഷനും മെയ് 18-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു. വാർഷിക മാനേജിംഗ് കമ്മറ്റിയിൽ മുഴുവൻ മേഖലാ ഭാരവാഹികളും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. മാനേജിംഗ് കമ്മറ്റിയിൽ വരുമ്പോൾ അടുത്തവർഷത്തെ പ്രവർത്ത

നങ്ങളുടെ കരടുരൂപം അവതരിപ്പിക്കുവാൻ തയ്യാറായിവരുമല്ലോ. ഇലക്ഷനിൽ പങ്കെടുക്കുവാൻ അർഹതയുള്ളവരുടെ വോട്ടേഴ്സ് ലിസ്റ്റ് മേഖലാ ഭാരവാഹികൾക്ക് അയച്ചുതരുന്നതാണ്.

**പലതുള്ളി തന്ന ശാഖകൾ**

കുന്നലാടി-100, ബെക്കി-50, തരിയോട്-467, യവനാർകുളം-300, അടയ്ക്കാത്തോട്-250, പോരൂർ-300, ചെറുകാട്ടൂർ-280, കരണി-100, മരകാവ്-100, വെള്ളൂന്നി-460, നിരവിൽപുഴ-50, ചുണ്ടക്കര-500, വിമലഗിരി-200, മാനന്തവാടി ടൗൺ -200, വലിയകൊല്ലി-100, പേരിയ-100, മൊതക്കര-60.

**കാണിക്ക തന്ന ശാഖകൾ**

കുന്നലാടി-268, ബെക്കി-150, തരിയോട്-600, അടയ്ക്കാത്തോട്-300, പോരൂർ-450, കരണി-300, മരകാവ്-100, മുണ്ടേരി-100, പുതിയിടം-1130, നിരവിൽപുഴ-200, നരിവാലമുണ്ട-1300, വൈത്തിരി-1000, ചുണ്ടക്കര-500, പാറത്തോട്ടം-1050, വിമലഗിരി-300, മാനന്തവാടി ടൗൺ - 200, വലിയകൊല്ലി -128, പേരിയ-100, മൊതക്കര-100.

**മിഷൻഞായർ വിഹിതം തന്ന ശാഖകൾ**

യവനാർകുളം-500, അടയ്ക്കാത്തോട്-1000, മരകാവ്-250, നിരവിൽപുഴ-250, പാടിച്ചിറ-200, കൊട്ടിയൂർ-500, ചുണ്ടക്കര-1500, മാനന്തവാടി ടൗൺ-1000,വലിയകൊല്ലി-200, പാലേമാട്-500, മൊതക്കര-180.

**മേഖലാ വാർത്തകൾ**

**നടവയൽ മേഖല**

മേഖലാ ഭാരവാഹികൾ പനമരം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പോയി രോഗീസന്ദർശനം നടത്തി സൗഹൃദ സന്ദർശനം നടത്തിവരുന്നു.

**മണിമൂളി**

പരീക്ഷ ഒരുക്കധ്യാനം, വസ്ത്രവിതരണം എന്നിവ നടത്തി. തിരുബാലസഖ്യദിനം ആചരിച്ചു.

**മാനന്തവാടി**

പ്രശാന്തഗിരി ശാഖയിലെ ലിബിൻ പാറയിൽ സി.എം.എൽ. അംഗത്തെ സന്ദർശിക്കുകയും സഹായമായി 2500 രൂപ നൽകി. മേഖലാ മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്കായി വിശ്വാസവർഷ സെമിനാർ ശ്രീ. ഷാജി ചന്ദനപ്പറമ്പിലിന്റെ നേതൃത്വത്തിൽ നടത്തി.

**ഗൂഡല്ലൂർ**

രോഗീസന്ദർശനം നടത്തി. മണ്ണുവയൽ ശാഖയിൽ തളർന്നു കിടക്കുന്ന ഒരു രോഗിയെ സന്ദർശിച്ചു.

**ശാഖാവാർത്തകൾ**

*നരിവാലമുണ്ട :-* സി.എം.എൽ. വാർഷികം നടത്തി. തിരുനാളിനോടനുബന്ധിച്ച് സ്റ്റാൾ നടത്തി.

*വഞ്ഞോട് :-* കാഞ്ഞിരങ്ങാട് കപ്പേളയിൽ നിന്നാരംഭിച്ച കുരിശുമല കയറ്റത്തിൽ സി.എം.എൽ. അംഗങ്ങൾ സജീവമായി പങ്കെടുത്തു. അര മണിക്കൂർ ആരാധന നടത്തി.

*ഇരുളം :-* ഇടവക വാർഷിക ധ്യാനത്തിൽ സി.എം.എൽ. അംഗങ്ങൾ പങ്കെടുത്തു.

*കല്ലോടി :-* സി.എം.എൽ. വാർഷികം, തിരുബാലസഖ്യദിനം, ജപമാല സൈന്യസംഗമം എന്നിവ നടത്തി.

*ഇടിവണ്ണ :-* ദിവ്യകാരുണ്യ ആരാധന നടത്തി.

*കാവുംമന്ദം :-* സി.എം.എൽ. വാർഷികം നടത്തി. ജോ.ഡയറക്ടറിന് സെന്റോഫ് നൽകി.

*കുറുമണി :-* പരീക്ഷഒരുക്ക പ്രാർത്ഥന നടത്തി. തിരുബാലസഖ്യ മത്സരത്തിൽ പങ്കെടുത്തു.

*ആടിക്കൊല്ലി :-* ക്യാൻസർ രോഗിക്ക് 1500 രൂപ സഹായം നൽകി. ബൈബിൾ Star, Sunday Star തിരഞ്ഞെടുത്തു.

*മംഗലശ്ശേരി :-* തിരുബാലസഖ്യദിനം ആചരിച്ചു. കുട്ടികൾക്കായി മത്സരം നടത്തി.

*പുതുശ്ശേരിക്കടവ് :-* സി.എം.എൽ. വാർഷികം നടത്തി. തിരുബാലസഖ്യ ദിനം ആചരിച്ചു. മേഖലാതലത്തിൽ നടത്തിയ തിരുബാലസഖ്യ മത്സരത്തിൽ പുതുശ്ശേരിക്കടവ് ഒന്നാം സ്ഥാനം കരസ്ഥമാക്കി.

*തേനേരി :-* മേഖലയുടെ രോഗീസഹായ നിധിയിലേയ്ക്ക് 3000 രൂപ നൽകി. സീനിയേഴ്സ് സംഗമം, സീനിയേഴ്സ് വർക്ക് ക്യാമ്പ്, ദൈവവിളി സെമിനാർ അർദ്ധദിന സെമിനാർ എന്നിവ നടത്തി.

*പ്രശാന്തഗിരി :-* അപകടത്തിൽപ്പെട്ട ലിബിന് 3500 രൂപ നൽകി. +1, +2 വിദ്യാർത്ഥികൾക്കായി പരീക്ഷ ഒരുക്കപ്രാർത്ഥന നടത്തി.

*ചുണ്ടക്കര :-* ഇടവകതിരുനാളിൽ പങ്കെടുത്തു. സീനിയേഴ്സ് വിനോദയാത്ര നടത്തി.

*അമരക്കുനി :-* ഇടവകതിരുനാളിൽ പങ്കെടുത്തു.

*ചുങ്കക്കുന്ന് :-* കുട്ടികൾക്കായി പരീക്ഷ ഒരുക്ക ആരാധന നടത്തി.

*ഏലപ്പീടിക :-* ദിവ്യകാരുണ്യ ആരാധന നടത്തി. അൾത്താരബാല സംഗമത്തിന് പരിശീലനം നൽകി.

*ഒലിവുമല :-* ദൈവവിളിക്കായി പ്രത്യേക ആരാധന നടത്തി.

*കടൽമാട് :-* ഭവനസന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി. പെയിൻ ആന്റ് പാലിയേറ്റീവിന് 100 രൂപ സംഭാവന നൽകി.

*പാതിരിപ്പാടം :-* രോഗീസന്ദർശനം നടത്തി.
*വെള്ളൂന്നി :-* കണിച്ചാർ ശിശുഭവൻ സന്ദർശിച്ചു. ക്രിസ്റ്റീൻ ധ്യാനത്തിൽ പങ്കെടുത്തു.
*കൊട്ടിയൂർ :-* കൊട്ടിയൂർ ശാഖയിലെ 'വിശ്വാസ ജ്വാല' പതിപ്പ് പ്രകാശനം ചെയ്തു.
*ചാരിറ്റി :-* പരീക്ഷഒരുക്ക പ്രാർത്ഥന നടത്തി. ഇടവക ധ്യാനത്തിൽ പങ്കെടുത്തു.
*പയ്യമ്പിള്ളി :-* സി.എം.എൽ. അംഗങ്ങൾ ദിവ്യബലിയിലും പ്രാർത്ഥനകളിലും സജീവമായി പങ്കെടുത്തു.
*വാകേരി :-* തിരുബാലസഖ്യ ദിനം ആചരിച്ചു. പ്രാർത്ഥന പരിശീലനം നടത്തി.
*ദ്വാരക :-* ഏയ്ഞ്ചൽമീറ്റ് നടത്തി. ബിനു കപ്യാരുമലയിൽ സെമിനാർ നടത്തി.
*കരിമ്പിൽ :-* ഏകദിന ധ്യാനം, തിരുബാലസഖ്യദിനം, സീനിയേഴ്സ് സംഗമം, ദൈവവിളി സെമിനാർ, രോഗീസന്ദർശനവാരം എന്നിവ നടത്തി.
*മംഗളം :-* പരിസരശുചീകരണം, രോഗീസന്ദർശനം എന്നിവ നടത്തി.
*പൂളപ്പാടം :-* 'നിറച്ചാർത്ത്' കൈയ്യെഴുത്ത് മാസിക, വി.അൽഫോൻസാമ്മയുടെ ആൽബം, പനിനീർപ്പൂവ് എന്നിവ പ്രകാശനം ചെയ്തു. രോഗീസന്ദർശനം നടത്തി.
*മരക്കടവ് :-* സി.എം.എൽ. വാർഷികം നടത്തി. വാർഡ്തലത്തിൽ കുട്ടികൾ ഒരുമിച്ച് ചേർന്ന് ജപമാല ചൊല്ലി പ്രാർത്ഥിച്ചു.
*പനവല്ലി :-* വിശ്വാസവർഷത്തിന്റെ ഭാഗമായി സെമിനാർ നടത്തി. തിരുബാലസഖ്യദിനം ആചരിച്ചു.
*ചുള്ളിയാന :-* ലഹരിവിരുദ്ധറാലി നടത്തി. രോഗീസന്ദർശനം, പരീക്ഷ ഒരുക്കധ്യാനം എന്നിവ നടത്തി.
*മച്ചിക്കൊല്ലി :-* പരീക്ഷാർത്ഥികൾക്കായി പ്രാർത്ഥനായജ്ഞം നടത്തി.
*അർവൻകാട് :-* അർവൻകാട് ശാഖയിൽ രൂപംകൊണ്ട സി.എം.എൽ. സംഘടനയ്ക്ക് സി.ലിസ അലക്സ് അർദ്ധദിന സെമിനാർ നടത്തി. ഇടവകാംഗങ്ങൾ എല്ലാവരും സജീവമായി പ്രവർത്തിക്കുന്നു.

മിഷൻ അഭിവാദനങ്ങളോടെ,

**ബിനു മാങ്കൂട്ടത്തിൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

# കെ. സി. വൈ. എം.

**പെൺമ - വനിതാദിന സന്ദേശയാത്ര**

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് കെ.സി.വൈ.എം. മാനന്തവാടി രൂപത സമൂഹത്തിന് മുൻകരുതലുകൾ നൽകുന്നതിനും സ്ത്രീകളുടെ സംരക്ഷണത്തിനും സ്ത്രീത്വത്തിനുമെതിരെ ഉയരുന്ന വെല്ലുവിളികളെ അതിജീവിക്കുന്നതിനുമായി ബോധവത്കരണ സന്ദേശങ്ങളും ആശംസകളുമടങ്ങിയ പ്ലക്കാർഡുകൾ ടൗണുകളിൽ സ്ഥാപിച്ചു. വനിതകൾ മാനിക്കപ്പെടാനും സംരക്ഷിക്കപ്പെടാനുമുള്ള നിയമനിർമ്മാണങ്ങളും അതിന്റെ പ്രായോഗിക നിർവ്വഹണവും മാത്രം പോരാ, പ്രാഥമികമായും അടിയന്തിരമായും ഓരോരുത്തരുടെ മനോഭാവങ്ങളിലുണ്ടാകേണ്ട മാറ്റങ്ങളേക്കുറിച്ചും ചർച്ച നടത്തി. ബത്തേരി, മാനന്തവാടി, പുൽപ്പള്ളി, കൽപ്പറ്റ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ഫ്രൻസി മണ്ണിശ്ശേരി, സി. ബിൻസി ജോൺ, സി. മേഴ്സി ജോബ്, രാഗിൻ കുന്നേൽ, ജെസ്ന ചെട്ട്യാശ്ശേരി, നീതു കലമറ്റത്തിൽ, ജോയ്സി പെരുവാഴയിൽ, അനൂപ പുളിക്കകണ്ടത്തിൽ, മിൽഡ ചെറുകുന്നേൽ, പ്രിൻസി പെരിങ്ങാരപ്പിള്ളി, ടിങ്കിൾ കുന്നേൽ, ലിറ്റി കൊച്ചുപുരയ്ക്കൽ, ജെസ്‌ലിൻ തുടങ്ങിയവർ ലഘുലേഖകൾ വിതരണം ചെയ്തു.

**യൂത്ത്ക്രോസ് പ്രയാണം - ഫൊറോനകളിൽ**

യൂത്ത്ക്രോസും വഹിച്ചുകൊണ്ട് വിവിധ ഫൊറോനകളിലേയ്ക്ക് യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന പ്രയാണം കൊട്ടിയൂർ, പയ്യമ്പള്ളി, മാനന്തവാടി, കല്ലോടി, തരിയോട്, കൽപ്പറ്റ, നടവയൽ, പുൽപ്പള്ളി, ബത്തേരി, ഗൂഡല്ലൂർ, നിലമ്പൂർ ഫൊറോനകൾ പിന്നിട്ടിരിക്കുന്നു. ഈ പരിഹാരപ്രദക്ഷിണം ഭക്തിപൂർവ്വം നടത്തുന്നതിനാവശ്യമായ സൗകര്യങ്ങളൊരുക്കുകയും സാന്നിദ്ധ്യം കൊണ്ട് അനുഗ്രഹിക്കുകയും ചെയ്ത രൂപത, മേഖല, യൂണിറ്റ് അച്ചന്മാർ, സിസ്റ്റേഴ്സ്, ഭാരവാഹികൾ, ഇടവകാജനങ്ങൾ ഏവരേയും നന്ദിയോടെ ഓർക്കുന്നു.

**സംസ്ഥാന റിസോഴ്സ് ടീം ട്രെയിനിംഗ്**

ഈ വർഷത്തെ സംസ്ഥാന റിസോഴ്സ് ടീം ട്രെയിനിംഗ് 2013 ഫെബ്രുവരി 22,23,24 തീയതികളിൽ എറണാകുളം കലൂർ റിന്യൂവൽ സെന്ററിൽ വച്ചു നടന്നു. മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് ശ്രീ. ബിബിൻ ചെമ്പക്കര ട്രെയിനിംഗിൽ പങ്കെടുത്തു.

**യവനാർകുളം, മുതിരേരി - കെ.സി.വൈ.എം. തുടങ്ങി**

മുതിരേരി, യവനാർകുളം ഇടവകകളിൽ കെ.സി.വൈ.എം. നു പുതിയ യൂണിറ്റുകൾ ആരംഭിച്ചു. കെ.സി.വൈ.എം. രൂപതാഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ യൂണിറ്റുകളുടെ ഉദ്ഘാടനം നിർവ്വഹിച്ച്

സംസാരിച്ചു. റവ.ഫാ. ജിമ്മി മൂലയിൽ, റവ.ഫാ. ജോണി പെരുമാട്ടിക്കുന്നേൽ, ആനിമേറ്റേഴ്സ്, ഭാരവാഹികൾ യുവജനങ്ങൾ ഏവർക്കും പ്രവർത്തന പന്ഥാവിൽ വിജയാശംസകൾ.

**കൂപ്പൺ**

സമ്മാനകൂപ്പൺ വിറ്റ കുറ്റിയും പണവും ഏപ്രിൽ 30-നു മുമ്പായി രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. യൂണിറ്റുകളുടെയും മേഖലകളുടെയും വിഹിതം രൂപതയിൽ നിന്നും വിതരണം ചെയ്യുന്നതാണ്.

**അംഗത്വമാസം**

പുതിയ മെമ്പർഷിപ്പ് എടുക്കാനും പുതുക്കാനുമുള്ള അവസാന തീയതി ഏപ്രിൽ 10 ആണ്. ആയതിനാൽ എല്ലാ യൂണിറ്റുകളും ഈ തീയതിക്കു മുമ്പായി പുതുക്കാൻ ശ്രദ്ധിക്കുമല്ലോ.

**ഷട്ടിൽ ടൂർണമെന്റ്**

മാനന്തവാടി മേഖല കെ.സി.വൈ.എം. ന്റെ ആഭിമുഖ്യത്തിൽ മാനന്തവാടി രൂപതയിലെ കെ.സി.വൈ.എം. അംഗങ്ങൾക്കായി മാർ എമ്മാനുവേൽ പോത്തനാമുഴി മെമ്മോറിയൽ ട്രോഫി ഷട്ടിൽ ടൂർണമെന്റ് സംഘടിപ്പിച്ചിരിക്കുന്നു. മാനന്തവാടി ഡയാന ഇൻഡോർ സ്റ്റേഡിയത്തിൽ വച്ചു 2013 ഏപ്രിൽ, 4, 5 തീയതികളിൽ നടക്കുന്ന ടൂർണമെന്റിൽ പങ്കാളികളാകാൻ കെ.സി.വൈ.എം. പ്രവർത്തകരെ സ്നേഹപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

**യൂണിറ്റ് വാർത്തകൾ**

**ചുങ്കക്കുന്ന്**

ഇടവക തിരുനാളിനോടനുബന്ധിച്ച് യുവജനങ്ങൾ പള്ളിയും പരിസരവും അലങ്കരിച്ചു. പ്രദക്ഷിണം കടന്നുപോയ വഴികളിൽ ദീപാലങ്കാരം നടത്തുകയും ഈശോയുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ വിളിച്ചോതുന്ന 50 ഫ്ളെക്സുകൾ സ്ഥാപിക്കുകയും ചെയ്തു. നേർച്ചഭക്ഷണം ഒരുക്കുന്നതിനും വിളമ്പുന്നതിനും സഹായിച്ചു. ഒരു മണിക്കൂർ നീണ്ടുനിൽക്കുന്ന കലാവിരുന്ന് ഒരുക്കി. രൂപതയിൽ നിന്നും ചുങ്കക്കുന്ന് ഫൊറോനയിലേക്കു വന്ന യൂത്ത് ക്രോസ് സ്വീകരണത്തിന് യൂണിറ്റ് അംഗങ്ങൾ ആവശ്യമായ ഒരുക്കങ്ങൾ നടത്തുകയും ധാരാളം യുവജനങ്ങൾ പങ്കെടുക്കുകയും ചെയ്തു.

**ഇടിവണ്ണ യൂണിറ്റ്**

ഇടിവണ്ണ യൂണിറ്റിന്റെ ആതിഥേയത്വത്തിൽ അഞ്ചാമത് അഖിലേന്ത്യാ വോളിബോൾ ടൂർണ്ണമെന്റ് നടത്തി. യുവജനങ്ങളുടെ നേതൃത്വത്തിൽ മലയാറ്റൂർ തീർത്ഥാടനയാത്ര നടത്താൻ തീരുമാനിച്ചു.

**കുറുമണി യൂണിറ്റ്**

നേതൃസംഗമത്തിലും, യൂത്ത്ക്രോസ് വെഞ്ചരിപ്പിലും യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. രൂപത മേഖലയിലേക്കു നടത്തിയ യൂത്ത് ക്രോസ് പ്രയാണത്തിൽ സജീവമായി പങ്കെടുത്തു. ആഴ്ചയിൽ ഒരു മണിക്കൂർ YOUCAT പഠിക്കാൻ 41 യുവജനങ്ങൾ ഒത്തുചേർന്നു. ദേവാലയനിർമ്മാണപ്രവർത്തനങ്ങളിൽ മണലരിക്കൽ, പെയിന്റിംഗ്, ഭക്ഷണമുണ്ടാക്കൽ, വാഴനനയ്ക്കൽ, ഫണ്ടുശേഖരണം എന്നിവയിൽ സജീവമായി സഹകരിച്ചു വരുന്നു.

**പുതിയിടം യൂണിറ്റ്**

ഇടവക തിരുനാളിനോടനുബന്ധിച്ച് ഐസ്ക്രീം വിൽപ്പന, റിംഗ് ഏറ് എന്നിവയിലൂടെ ശേഖരിച്ച ഫണ്ട് ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി നീക്കിവച്ചു. മഞ്ഞൾക്കൃഷിയുടെ വിളവെടുപ്പു നടത്തി. ശാലോം പത്രം അംഗങ്ങൾ ഭവനങ്ങളിലെത്തിക്കുന്നു.

**വെള്ളൂന്നി യൂണിറ്റ്**

ഇടവക തിരുനാളിനാവശ്യമായ സഹായസഹകരണങ്ങൾ ചെയ്യുകയും തിരുനാൾക്കർമ്മങ്ങളിൽ ഭക്തിപൂർവ്വം പങ്കുചേരുകയും ചെയ്തു. ഫണ്ടുശേഖരണാർത്ഥം ഐസ്ക്രീം വിൽപ്പന നടത്തി. രൂപത നേതൃത്വക്യാമ്പിലും യൂത്ത്ക്രോസ് വെഞ്ചരിപ്പിലും യുവജനങ്ങൾ പങ്കെടുത്തു. എസ്.എസ്.എൽ.സി., പ്ലസ് വൺ, പ്ലസ് ടൂ പരീക്ഷകൾ എഴുതുന്ന വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേക ആരാധന നടത്തി. മേഖല യൂത്ത്ക്രോസ് സ്വീകരണത്തിലും കുരിശിന്റെവഴിയിലും വി. കുർബാനയിലും സംബന്ധിച്ചു.

**കരിമ്പിൽ യൂണിറ്റ്**

സെമിത്തേരി വൃത്തിയാക്കി വൈറ്റ് വാഷ് ചെയ്തു. രൂപത നേതൃത്വക്യാമ്പിലും യൂത്ത്ക്രോസ് വെഞ്ചരിപ്പിലും യുവജനങ്ങൾ പങ്കെടുത്തു.

**കാവുമന്ദം യൂണിറ്റ്**

നേതൃസംഗമത്തിലും, യൂത്ത് ക്രോസ് വെഞ്ചരിപ്പിലും യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. ഫണ്ടുശേഖരണാർത്ഥം ഇടവകയിലെ ഭവനങ്ങൾ കയറി പഴയസാധനങ്ങൾ ശേഖരിച്ചു. രൂപത മേഖലയിലേക്കു നടത്തിയ യൂത്ത് ക്രോസ് പ്രയാണത്തിൽ യൂണിറ്റ് അംഗങ്ങൾ സജീവമായി പങ്കെടുത്തു.

**മേഖലാ വാർത്തകൾ**

**കൊട്ടിയൂർ മേഖല**

രൂപതാ നേതൃത്വക്യാമ്പിലും യുവജനകുരിശ് വെഞ്ചരിപ്പിലും മേഖലയിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. ഫെബ്രുവരി 15-ന് കൊട്ടിയൂർ മേഖലയിൽ വച്ച് യുവജനകുരിശു സ്വീകരണവും കുരിശിന്റെ വഴിയും നടത്തി. ഫൊറോന വികാരി റവ.ഫാ. തോമസ് മണക്കുന്നേൽ കൊട്ടിയൂർ മേഖല ഡയറക്ടർ റവ.ഫാ. ഡെന്നീസ് പൂവ്വത്തിങ്കൽ എന്നിവരുടെ നേതൃത്വത്തിൽ ഫൊറോനയിലെ എല്ലാ വൈദികരും സിസ്റ്റേഴ്സും ദൈവജനവും ചേർന്ന് വെങ്ങലോടി കുരിശുപള്ളിയിൽ കുരിശു സ്വീകരിച്ചു. തുടർന്ന് മേഖല പ്രസിഡന്റ് ജെയിൻസ് പുളിയൻമാക്കലിന്റെ നേതൃത്വത്തിൽ എല്ലാ യൂണിറ്റിലെയും ഭാരവാഹികളുടെ പ്രതിനിധികൾ ചേർന്ന് കുരിശുവഹിക്കുകയും ചുങ്കക്കുന്ന് ഫൊറോന പള്ളിയിൽ എത്തി കെ.സി.വൈ.എം. രൂപത ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബിന്റെ മുഖ്യകാർമ്മികത്വത്തിൽ സമൂഹബലി അർപ്പിക്കുകയും സംസ്ഥാന സിൻഡിക്കേറ്റംഗം ശ്രീ. സജിൻ ജോസ് ചാലിൽ കുരിശിന്റെ സന്ദേശം നൽകുകയും ചെയ്തു.

**തരിയോട് മേഖല**

ഡൽഹിയിൽ പെൺകുട്ടിയെ മാനഭംഗം ചെയ്ത് കൊലപ്പെടുത്തിയതിൽ പ്രതിഷേധിച്ച് കാവുംമന്ദത്തുനിന്നും പടിഞ്ഞാറത്തറയിലേയ്ക്ക് ബൈക്കിൽ പ്രതിഷേധറാലി നടത്തുകയും തെരുവുനാടകം അവതരിപ്പി

ക്കുകയും റവ.ഫാ. റെജി മുതുകത്താനി ബോധവത്കരണസന്ദേശം നൽകുകയും ചെയ്തു. നൂറോളം യുവജനങ്ങളടക്കം ഒട്ടേറെപ്പേർ പങ്കെടുത്തു. ദ്വാരകയിൽ വച്ചു നടന്ന രൂപത നേതൃസംഗമത്തിൽ വിവിധ യൂണിറ്റുകളിൽ നിന്നും 18 പേർ പങ്കെടുത്തു. ഫെബ്രുവരി 23-ന് കാവുംമന്ദം പള്ളിയിൽ വച്ച് ഫൊറോനവികാരി ബഹു. മാത്യു പൈക്കാട്ടച്ചന്റെയും കെ.സി.വൈ.എം. മേഖല ഡയറക്ടർ റവ.ഫാ. റെജി മുതുകത്താനിയുടെയും നേതൃത്വത്തിൽ ബഹു.വൈദികർ ചേർന്ന് യുവജനകുരിശ് ഏറ്റുവാങ്ങുകയും മേഖലാ ഭാരവാഹികൾക്കു കൈമാറുകയും ചെയ്തു. തുടർന്ന് ചെന്നലോട് പള്ളിയിലേക്ക് കുരിശിന്റെ വഴി നടത്തുകയും റവ.ഫാ.സെബാസ്റ്റ്യൻ പാലക്കിയുടെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയർപ്പിക്കുകയും ശ്രീ. ജിതേഷ് മുളയ്ക്കക്കുന്നേൽ സന്ദേശം നൽകുകയും ചെയ്തു. എണ്ണൂറോളം വിശ്വാസികൾ ഈ കർമ്മത്തിൽ പങ്കെടുത്തു.

**നടവയൽ മേഖല**

മാർച്ച് 1 ന് നടവയൽ മേഖലയിൽ യുവജനകുരിശിന് സ്വീകരണം നൽകി. പനമരം ടൗണിൽ നിന്ന് ബൈക്ക് റാലിയുടെ അകമ്പടിയോടെ നടവയൽ കുരിശടിയിൽ എത്തിച്ചേർന്ന യുവജനകുരിശ് നടവയൽ ഫൊറോന വികാരി റവ.ഫാ. ഷാജി മുളകുടിയാങ്കൽ, മേഖല ഡയറക്ടർ റവ.ഫാ. ജെയിംസ് ചക്കിട്ടക്കുടി എന്നിവരുടെ നേതൃത്വത്തിൽ ഫൊറോനയിലെ വൈദികരും സിസ്റ്റേഴ്സും ദൈവജനവും ചേർന്ന് ഏറ്റു വാങ്ങി. രൂപത ജനറൽ സെക്രട്ടറി ശ്രീ. ബിബിൻ ചെമ്പക്കര കുരിശിന്റെ സന്ദേശം നൽകി. അതിനുശേഷം മേഖല പ്രസിഡണ്ട് ശ്രീ. ബെനഡിക്ട് കുറുമ്പാലക്കാട്ടിന്റെ നേതൃത്വത്തിൽ മേഖലാഭാരവാഹികൾ കുരിശു വഹിക്കുകയും കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിച്ചുകൊണ്ട് നടവയൽ പള്ളിയിലേക്ക് പ്രദക്ഷിണമായി പോവുകയും ബഹു.ഷാജി മുളകുടിയാങ്കൽ അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാന അർപ്പിക്കുകയും ചെയ്തു.

**ബത്തേരി മേഖല**

2013 വർഷത്തെ മാർഗ്ഗരേഖാപ്രകാശനവും പ്രവർത്തനവർഷ ഉദ്ഘാടനവും രൂപതപ്രസിഡന്റ് ശ്രീ. ജിതേഷ് ജോസ് മുളയ്ക്കക്കുന്നേൽ ഉദ്ഘാടനം ചെയ്തു. റവ. ഫാ. ഷാജു മുളവേലിക്കുന്നേൽ ആമുഖപ്രഭാഷണം നടത്തി. ബത്തേരി മേഖല പ്രസിഡന്റ് ശ്രീ. വിനു വാണിയപ്പിള്ളി അദ്ധ്യക്ഷനായിരുന്നു. മാർച്ച് 3-ന് ബത്തേരി മേഖലയുടെ ആഭിമുഖ്യത്തിൽ ദൊട്ടപ്പൻ കുളത്തുവച്ച് യുവജനകുരിശിന് സ്വീകരണം നൽകി. ബത്തേരി ഫൊറോനവികാരി റവ.ഫാ.സ്റ്റീഫൻ കോട്ടയ്ക്കലിന്റെയും മേഖല ഡയറക്ടർ റവ.ഫാ. ഷാജു മുളവേലിക്കുന്നേലിന്റെയും നേതൃത്വത്തിലുള്ള വൈദികർ കുരിശ് ഏറ്റുവാങ്ങി മേഖല പ്രസിഡന്റ് ശ്രീ. വിനു വാണിയപ്പിള്ളിയുടെ നേതൃത്വത്തിലുള്ള മേഖലാഭാരവാഹികൾക്ക് കൈമാറി. വൈദികരും സിസ്റ്റേഴ്സും ദൈവജനവും ചേർന്ന് കുരിശിന്റെ വഴിയായി ബത്തേരി അസംപ്ഷൻ ദേവാലയത്തിലേക്ക് പോവുകയും ദേവാലയാങ്കണത്തിൽ വച്ച് കെ.സി.വൈ.എം. രൂപത ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ കുരിശിന്റെ സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് റവ.ഫാ. ലാൽ പൈനുങ്കലിന്റെ മുഖ്യകാർമ്മികത്വത്തിൽ സമൂഹബലി അർപ്പിച്ചു.

**ബിബിൻ ചെമ്പക്കര** - രൂപതാജനറൽ സെക്രട്ടറി

# കെ.സി.വൈ.എം-ന്റെ ഇക്കൊല്ലത്തെ പഠനരേഖ

*(മാർച്ച് മാസത്തെ ബുള്ളറ്റിൻ തുടർച്ച)*

**കെ.സി.വൈ.എം. ഇക്കൊല്ലം സവിശേഷ ഊന്നൽ നല്കുന്ന വിഷയങ്ങൾ**

**2. പരിസ്ഥിതിയും മനുഷ്യനും**

**2.1. മനുഷ്യനു സൃഷ്ടിയോടുള്ള ചുമതല**

പ്രപഞ്ചം ദൈവത്തിന്റെ ആലയമാണ്. ശരീരത്തിൽ ആത്മാവ് എന്നതുപോലെ ഭൂമിയിൽ ദൈവം വസിക്കുന്നുവെന്ന് വിശുദ്ധ തോമസ് അക്വിനാസ് പറഞ്ഞിട്ടുണ്ട്. ശുദ്ധിയുള്ള വിശ്വാസം പ്രകൃതിയെയും ശുദ്ധീകരിക്കുമെന്നതിൽ സംശയമില്ല; ഭൂമി, വായു, ജലം എന്നിവയെ മലിനമാക്കാതെ നോക്കും. ദൈവത്തിന്റെ ഛായ വഹിക്കുന്ന മനുഷ്യൻ ദൈവത്തിന്റെ പ്രതിനിധിയായി സൃഷ്ടിയുടെ ചുമതല വഹിക്കണം (ഉത്പ 1:28). ദൈവത്തിന്റെ ഛായയിൽ മണ്ണിൽനിന്ന് സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നത് മനുഷ്യദൈവബന്ധത്തെ ഉറപ്പാക്കുന്നു. കരുതലോടും ആർദ്രതയോടും കൂടെ വേണം മനുഷ്യൻ ഭൂമിയോടു പെരുമാറാൻ. അജപാലകനെപ്പോലെയും കാര്യസ്ഥനെപ്പോലെയും പെരുമാറണം (യുക്യാറ്റ്, 43). അതിനെ സംരക്ഷിക്കാൻ അവന് ചുമതലയുണ്ട് (ഉത്പ 2:15). പാപത്തിന്റെ ഫലമായി പ്രപഞ്ചത്തിൽനിന്ന് അന്യവത്കരിക്കപ്പെട്ട മനുഷ്യനാണ് പ്രകൃതിയെ ശത്രുവായും വെറും മൂലധനമായും കണ്ട് ചൂഷണം ചെയ്യാൻ തുടങ്ങിയത്. അതിന്റെ ഫലമായാണ് അപകടകരമായ പരിസ്ഥിതി പ്രശ്നങ്ങൾ ഉടലെടുക്കുന്നത്. ആഗോളതാപനം, ഗ്രീൻ ഹൗസ് ഇഫക്റ്റ്, ഓസ്സോൺ പാളികളിലെ വിള്ളൽ, ഭൂജലസ്രോതസ്സുകളുടെ മലിനീകരണം എന്നിവ ഉദാഹരണങ്ങൾ. മനുഷ്യൻ ഭൂമിയെയും അതിലുള്ളവയെയും തന്നിഷ്ടം പോലെ ഉപയോഗിക്കാൻ പാടില്ല. ഒരു പുത്തൻ പരിസ്ഥിതിബോധം വളരേണ്ടിയിരിക്കുന്നു.

**2.2. യേശുവും പ്രകൃതിയും**

യേശുവിന്റെ രക്ഷാകരപദ്ധതിയിൽ പ്രകൃതിക്കുള്ള പങ്ക് പ്രത്യേകം പഠനവിഷയമാകണം. അവിടുത്തെ ജനനത്തിൽ കാണുന്ന നക്ഷത്രം, പുൽത്തൊട്ടി, മൃഗജാലങ്ങൾ എന്നിവ നമ്മുടെ സവിശേഷ ശ്രദ്ധയർഹിക്കണം. പരസ്യജീവിതാരംഭത്തിൽ മരുഭൂമിയിൽ ഈശോ നാല്പത് ദിനരാത്രങ്ങൾ പ്രാർത്ഥനയിൽ ചെലവഴിക്കുന്നു. അവിടുന്നു പഠിപ്പിക്കുന്നത് മലമുകളിലും കടൽത്തീരത്തുമാണ്. ദൈവികരഹസ്യങ്ങൾ പ്രപഞ്ചസമസ്യകളിലൂടെ അവിടുന്ന് പഠിപ്പിക്കുന്നു. ആകാശത്തിലെ പറവകളെയും വയലിലെ ലില്ലികളെയുമെല്ലാം ദൈവത്തെക്കുറിച്ചു പഠിപ്പിക്കാൻ ഉപയോഗിക്കുന്നു. പ്രകൃതിയെ കരുതുന്ന ദൈവത്തിന്റെ ചിത്രമാണ് സുവിശേഷം നമുക്കു മുമ്പിൽ അവതരിപ്പിക്കുന്നത് (മത്താ 6:26-30; 19:29-31; ലൂക്കാ 12:6-8). അവിടുത്തെ മരണസമയത്ത് സൂര്യൻ ഇരുളുന്നു, ഭൂമിയിൽ അന്ധകാരം പടരുന്നു, സർവജീവജാലങ്ങളും വിലപിക്കുന്നു.

പ്രപഞ്ചത്തിന്റെ മുഴുവൻ സമഗ്രരക്ഷയും വിമോചനവുമാണ് ബൈബിൾ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത് (cf. റോമ 8:19-23; കോളോ 1:20; എഫേ 1:10). ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (cf. മർക്കോ 16;15) എന്നതിൽ പ്രപഞ്ചത്തെ മുഴുവൻ വീണ്ടെടുക്കാനുള്ള ദൈവികആഹ്വാനമുണ്ട്. പ്രപഞ്ചത്തെയും പരിസ്ഥിതിയെയും മാനിക്കുന്ന വികസനപ്രവർത്തനമാണ് ഉണ്ടാകേണ്ടത്. അതായത്, സുസ്ഥിരവികസനം. ദൈവത്തിന്റെ ഹിതവും മനുഷ്യവംശത്തിന്റെ യഥാർത്ഥ നന്മയും പരിഗണിച്ചുവേണം മനുഷ്യൻ തന്റെ പ്രവൃത്തികളെ ക്രമീകരിക്കാൻ (സഭ ആധുനികലോകത്തിൽ, 35). ഇക്കാര്യം മറക്കുന്നതാണ് ഇന്നത്തെ വലിയ ദുരന്തം. മാരകമായ വിഷം തളിച്ച് കൃഷി ചെയ്യുന്നതും പ്രകൃതിയെ മലിനമാക്കുന്നതും നശിപ്പിക്കുന്നതും സാമൂഹിക മൂലപാപങ്ങളാണ് (cf. വത്തിക്കാൻ പ്രഖ്യാപനം, 2008). മനുഷ്യന്റെ ആത്മീയ യാത്രയിലെ പങ്കാളികളാണ് പ്രപഞ്ചവും പ്രകൃതിയും (cf. സങ്കീ 96:11-13). പ്രപഞ്ചത്തെ ദൈവദാനമായിക്കണ്ട് അവയെ ദൈവത്തിനു നാം സമർപ്പിക്കണം. ഫലങ്ങൾ, ധാന്യങ്ങൾ, വളർത്തുമൃഗങ്ങൾ എന്നിവയെ നാം ദേവാലയത്തിൽ സമർപ്പിക്കുമ്പോൾ അതാണ് സൂചിപ്പിക്കുന്നത്.

**2.3. പരിസ്ഥിതിയുടെ സമഗ്രത**

പരിസ്ഥിതി സംരക്ഷണത്തിന്റെ സമഗ്രവീക്ഷണം നഷ്ടപ്പെടുത്തരുത്. പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം മനുഷ്യകുലത്തെ സ്വയംനാശത്തിൽനിന്ന് രക്ഷിക്കുകയും വേണം. അതിനു മാനുഷികപരിസ്ഥിതിക്ക് ഊന്നൽ നല്കുകയാണ് വേണ്ടത്. ജീവൻ, ലൈംഗികത, കുടുംബം, സാമൂഹികബന്ധങ്ങൾ എന്നിവ മാനിക്കുന്ന ഒരു സമൂഹമാണ് ആവശ്യം. തീവ്രപരിസ്ഥിതിവാദികൾ ഈ മൂല്യങ്ങളെ വേണ്ടവിധം പരിഗണിക്കുന്നില്ലെന്നത് ദുഃഖകരമാണ് (cf. സത്യത്തിൽ സ്നേഹം, 51). പരിസ്ഥിതിസ്നേഹം ജീവസംരക്ഷണത്തിന്റെ ഭാഗമാകണം. ഭ്രൂണഹത്യയെ അനുകൂലിക്കുകയും മരംമുറിക്കുന്നതിനെതിരേ സന്ധിയില്ലാസമരം ചെയ്യുകയും ചെയ്യുന്നത് സന്തുലിതനിലപാടല്ല. അതുപോലെ സ്വാഭാവികത ഏറ്റവും നിലനിറുത്തേണ്ട ദാമ്പത്യ ലൈംഗികബന്ധങ്ങളിൽ കൃത്രിമഗർഭ നിരോധനം വേണമെന്നു വാദിക്കുന്നതും മനസ്സിലാക്കാനാവില്ല. മനുഷ്യമഹത്ത്വത്തിനു മുകളിലായി പ്രകൃതിയെ പ്രതിഷ്ഠിക്കരുത്. പ്രപഞ്ചം, പ്രപഞ്ചത്തിൽ മനുഷ്യന്റെ സ്ഥാനം, പ്രപഞ്ചവസ്തുക്കൾ ആദരപൂർവം കൈകാര്യം ചെയ്യൽ എന്നിവയെക്കുറിച്ചെല്ലാം നമ്മുടെ വിശ്വാസത്തിൽ നിന്നുവരുന്ന നിലപാടുകളാണ് നമുക്കു വേണ്ടത്. പരിസ്ഥിതി സംരക്ഷണം ഒരു ജീവിതശൈലിയാകണം. നമ്മുടെ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളെയും - ഭക്ഷണ, താമസ, യാത്ര, ഊർജ്ജവിനിയോഗ, വിനോദമണ്ഡലങ്ങൾ - അതു സ്വാധീനിക്കണം. പ്രകൃതിവിഭവങ്ങൾ എല്ലാ മനുഷ്യർക്കും നീതിപൂർവം ലഭിക്കുന്ന ഒരു ലോകം, ഭാവിയെക്കുറിച്ച് ചിന്തയുള്ള ഒരു ലോകം, കെട്ടിപ്പടുക്കുകയാണ് ആവശ്യം. ലളിതജീവിതം, പ്രകൃതിജീവനം, അഹിംസ, പ്രകൃതിവിഭവങ്ങളുടെ നിയന്ത്രിത ഉപയോഗം, പാഴ്‌വസ്തു

ക്കളുടെ പുനഃചക്രമണം, ജൈവകൃഷി എന്നിവ പ്രോത്സാഹിപ്പിക്കപ്പെടണം. ഇതു ഒരു ആധ്യാത്മികജീവിതശൈലി തന്നെയാണെന്ന കാര്യം ഓർക്കണം.

**നടത്താവുന്ന പ്രായോഗിക പ്രവർത്തനങ്ങൾ**

1) പരിസ്ഥിതി സംബന്ധമായ സാങ്കേതികവിദ്യാഭ്യാസം യുവജനങ്ങൾക്കും സമൂഹത്തിനും നല്കുക.
2) മാലിന്യം തരംതിരിച്ചു ശേഖരിക്കൽ, മാലിന്യസംസ്കരണം, മണ്ണിര വളം ഉത്പാദിപ്പിക്കൽ, പ്രകൃതിജീവനം എന്നിവയെക്കുറിച്ച് ബോധവത്ക രണം നടത്തുക.
3) മണ്ണിൽ അലിഞ്ഞുചേരാത്ത പ്ലാസ്റ്റിക്, ഇരുമ്പ്, ഗ്ലാസ് തുടങ്ങിയവ പുനഃചക്രമണം ചെയ്ത് ഉപയോഗിക്കാൻ ഇടയാക്കുക. പ്ലാസ്റ്റിക്, ഫ്ളെക്സ്, തെർമോകോൾ എന്നിവയുടെ ഉപയോഗം കഴിവതും ഇല്ലാ താക്കണം. അവ റോഡ് ടാറിംഗിനും പോളിത്തീൻ ബാഗുകളാക്കി ചെടി കൾ നടുന്നതിനും ഉപയോഗിക്കാം.
4) 70% മാലിന്യങ്ങളും മണ്ണിരയെ ഉപയോഗിച്ച് ജൈവവളമാക്കാം. അതിന് സാങ്കേതികസഹായം എത്തിച്ചുകൊടുക്കുക.
5) ജൈവഇന്ധനം: പല മാലിന്യങ്ങളും ഊർജ്ജസ്രോതസ്സുകളാക്കാം (ഉദാ. വാതകഗ്യാസ്). അതിനുള്ള കേന്ദ്ര-സംസ്ഥാനഗവൺമെന്റ് ഫണ്ടുകൾ ലഭ്യമാക്കുക.
6) വീടും പരിസരവും വൃത്തിയായി സൂക്ഷിക്കാൻ പഠിപ്പിക്കുക.
7) കൃഷിയും പച്ചക്കറിത്തോട്ടവും പ്രോത്സാഹിപ്പിക്കുക.
8) ലോകപരിസ്ഥിതിദിനം (ജൂൺ 5), ലോകഭൗമദിനം (ഏപ്രിൽ 22), വിശുദ്ധ ഫ്രാൻസീസ് അസ്സീസ്സിയുടെ തിരുനാൾദിനം (ഒക്ടോ 4) എന്നിവ സമു ചിതമായി ആചരിക്കുക.
9) പുതിയ ജീവിതശൈലികൾ മൂലമുള്ള രോഗത്തെക്കുറിച്ച് ബോധവത്ക രണം നടത്തുക.
10) ജലവും മറ്റു വിഭവങ്ങളും സൂക്ഷ്മതയോടെ ഉപയോഗിക്കാൻ പഠിപ്പി ക്കുക. പ്രാദേശിക ജലസ്രോതസ്സുകൾ സംരക്ഷിക്കുക. ജലസംഭരണി കൾ നിർമ്മിക്കുക.
11) കൃഷിയും പച്ചക്കറിത്തോട്ടവും പ്രോത്സാഹിപ്പിക്കുക.
12) ജീവന്റെ സമഗ്രപരിപോഷണം ലക്ഷ്യംവച്ച് പ്രവർത്തിക്കുക. പ്രോ-ലൈഫ് പ്രവർത്തനങ്ങൾ ശക്തമാക്കുക.
13) കെ.സി.ബി.സി. പ്രസിദ്ധീകരിച്ചിട്ടുള്ള പരിസ്ഥിതിനയം 'പച്ചയായ പുൽത്തകിടിയിലേക്ക്' വായിച്ചു പഠിക്കുക.

**3. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ**

**3.1. ആമുഖം**

സ്ത്രീകളും കുട്ടികളും നമ്മുടെ നാട്ടിൽ പീഡിപ്പിക്കപ്പെടുന്ന അവസ്ഥ വ്യാപകമാകുന്നത് നമ്മെ അസ്വസ്ഥരാക്കണം. കേരളത്തിൽ 62.3% സ്ത്രീകൾ ശാരീരികമായും 61.6% മാനസികമായും പീഡിപ്പിക്കപ്പെടുന്നു ണ്ടെന്ന് വനിതാ കമ്മീഷൻ റിപ്പോർട്ട് ചെയ്തു. മർദ്ദനമേല്ക്കുന്നവരിൽ

24-40% ഗർഭിണികളാണ്. സ്ത്രീപീഡനം, ബലാത്സംഗം, തട്ടിക്കൊണ്ടു പോകൽ, മറ്റുപല അക്രമങ്ങളും നടക്കുന്നു. എല്ലാ മൂന്നു മിനിറ്റിലും സ്ത്രീകൾക്കെതിരായ ഒരു കുറ്റകൃത്യം നടക്കുന്നു. സ്ത്രീധനത്തിന്റെ പേരിൽ ശരാശരി മണിക്കൂറിൽ ഒരു സ്ത്രീ മരിക്കുന്നു. 8000 പേർ അതിന്റെ പേരിൽ വർഷംതോറും കൊല്ലപ്പെടുന്നു. ഗാർഹികപീഡനത്തിന് ഇരയായ സ്ത്രീക ളിൽ 74.8% പേർ ആത്മഹത്യാശ്രമം നടത്തുന്നു. 2011-ൽ ഇന്ത്യയിൽ 75000 -ത്തിലധികം ബലാത്സംഗക്കേസ്സുകൾ പോലീസിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടു ലക്ഷത്തിലധികം കേസ്സുകൾ, ശല്യപ്പെടുത്തൽ, ലൈംഗികാതിക്രമം എന്നിവയുടെ പേരിലുമുണ്ട്. രേഖപ്പെടുത്താത്ത സംഭവങ്ങൾ ഇതിലും എത്രയോ അധികമാണ്. എല്ലാതരത്തിലും വിഭാഗത്തിലുമുള്ള സ്ത്രീകൾ അക്രമവിധേയരാകുന്നു. 50% കുട്ടികളും വിവിധ പീഡനങ്ങൾക്ക് വിധേ യരാണ്.

**3.2. ദൈവികപദ്ധതിയും പാപത്തിന്റെ ഫലവും**

ഈ അവസ്ഥ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കു വേണ്ടി കാര്യക്ഷമമായി ഇടപെടാൻ കത്തോലിക്കാ യുവജനങ്ങളെ നിർബ ന്ധിക്കുന്നുണ്ട്. സമൂഹത്തിന്റെ സമഗ്രപുരോഗതി ലക്ഷ്യംവയ്ക്കുന്നവർ അതിനായി ശ്രമിച്ചേ പറ്റൂ. ക്രൈസ്തവവിശ്വാസത്തിൽനിന്ന് ഉരുത്തിരിയുന്ന ഒരു കടമയാണത്.

ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും സ്ത്രീയും പുരുഷ നുമായി മനുഷ്യനെ സൃഷ്ടിച്ചുവെന്നാണ് ഉത്പത്തിപ്പുസ്തകം നമ്മെ പഠി പ്പിക്കുന്നത് (cf. 1:27). സ്ത്രീയും പുരുഷനും ഒന്നുപോലെ ദൈവികഛായ വഹിക്കുന്നു, ഇരുവരും സത്താപരമായി തുല്യരാണ്, ദൈവികരഹസ്യം തുല്യനിലയിൽ അവതരിപ്പിക്കാൻ പ്രാപ്തരാണ് എന്നീ സത്യങ്ങൾ അതുൾക്കൊള്ളുന്നു. പരസ്പരപൂരകരായി സ്നേഹത്തിലും ഐക്യത്തിലും ജീവിക്കേണ്ടവരാണ് അവർ. പാപം ഈ അവസ്ഥയ്ക്ക് മാറ്റംവരുത്തി, ആധി പത്യത്തിനു വഴിതെളിച്ചു (ഉത്പ 3:16). പുരുഷൻ സ്ത്രീകളെ ചൂഷണം ചെയ്യാൻ തുടങ്ങി; അവരുടെ സാമ്പത്തിക, ബൗദ്ധിക, ലൈംഗിക കഴിവു കളെ നിയന്ത്രിക്കാൻ തുടങ്ങി. സ്ത്രീപുരുഷന്മാരുടെ പെരുമാറ്റത്തിൽ വാർപ്പുമാതൃകകളെ നിശ്ചയിച്ചു. അതിനുചേർന്ന മൂല്യങ്ങളും മനഃസ്ഥി തിയും രൂപപ്പെടുത്തി. സ്ത്രീകൾ തന്നെയും ഈ മൂല്യങ്ങൾ ആന്തരവ ത്കരിച്ച്, അവയുടെ പ്രചാരകരും പ്രോത്സാഹകരുമായി. സ്ത്രീധനസമ്പ്ര ദായം, നീതിയുക്തമല്ലാത്ത പിതൃസ്വത്തവകാശം, മാതാപിതാക്കളുടെ സംര ക്ഷണം ആൺമക്കളുടേതു മാത്രം എന്ന ചിന്ത എന്നിവ സ്ത്രീകളുടെ തരംതാഴ്ന്ന അവസ്ഥയെ ഉറപ്പിക്കാനിടയാക്കി. സ്ത്രീയെ ദൈവത്തിന്റെ മകളായി കാണാതെ, അവളോട് എന്തുമാകാം എന്ന പിതൃദായകക്രമ ത്തിന്റെ ചിന്ത അവളെ ദുരുപയോഗിക്കുന്നതിനു കാരണമായി.

**3.3. യേശുവും സ്ത്രീകളും**

പാപത്തിന്റെ ഫലമായുണ്ടായ ഈ അവസ്ഥയെ നേരെയാക്കാൻ ക്രിസ്തു തിരുമനസ്സായി. ആ കാലഘട്ടത്തിന്റെ മനോഭാവത്തിനു വിപരീ

തമായി ഈശോ സ്ത്രീകളെ തന്റെ ശിഷ്യരാക്കി (ലൂക്കാ 8:1-3; ലൂക്കാ 20:38-42). സ്ത്രീകൾ ദൈവത്തെയും ദൈവികരഹസ്യങ്ങളെയും അവതരിപ്പിക്കാൻ പ്രാപ്തരാണെന്ന് യേശു പഠിപ്പിച്ചു (മത്താ 13:33; ലൂക്കാ 15:4-10). ഉത്ഥാനത്തിനു സാക്ഷികളാകാൻ സ്ത്രീകളെ അവിടുന്ന് അനുവദിച്ചത് പ്രത്യേകം ശ്രദ്ധേയമാണ് (മത്താ 28:1-10,; ലൂക്കാ 24:1-2; മർക്കോ 16:1-8; യോഹ 20:1-8). സ്ത്രീകൾ ആദിമസഭയുടെ വളർച്ചയിൽ വഹിച്ചിട്ടുള്ള പങ്ക് വലുതാണ് (അപ്പ 1:12-14; 9:36-43; 12:12; 18:18-28; 16:11-40; ഫിലി 4:2-3). മാമ്മോദീസായിലൂടെ സ്ത്രീക്കു സഭയിൽ ലഭിക്കുന്ന അടിസ്ഥാനതുല്യത പൗലോസ് ശ്ലീഹാ എടുത്തുകാട്ടുന്നുണ്ട് (ഗലാ 3:26-28).

**3.4. സഭയുടെ പ്രബോധനം**

സ്ത്രീപുരുഷതുല്യത സഭ ഇന്ന് വ്യക്തമായി പഠിപ്പിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖകളും ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ സ്ത്രീയുടെ മഹത്ത്വം, സ്ത്രീകൾക്കൊരു കത്ത് എന്നീ രേഖകളും ഇക്കാര്യം സുന്ദരമായി അവതരിപ്പിക്കുന്നുണ്ട്. ലൈംഗികവ്യത്യാസം, നിറം, സാമൂഹികസ്ഥിതി, ഭാഷ, വംശം, രാഷ്ട്രം, വർഗം, ജാതി തുടങ്ങിയവയുടെ പേരിലുള്ള ഏതു വിവേചനത്തെയും സഭ എതിർക്കുന്നു (തിരുസ്സഭ 32 ബി; സഭ ആധുനികലോകത്തിൽ, 60 എ, 29). സ്ത്രീ പുരുഷന്റെ സ്വകാര്യസ്വത്തോ അവന്റെ വിപുലീകരണമോ അല്ല, മറിച്ച്, മനുഷ്യവംശത്തിലെ "മറ്റൊരു ഞാൻ" ആണ്; അവകാശങ്ങളുള്ള മനുഷ്യവ്യക്തിയാണ്. ആത്മാർത്ഥത മുറ്റിയ ആത്മദാനത്തിലൂടെ യഥാർത്ഥമായ വ്യക്തിത്വവും ആത്മസാക്ഷാത്കാരവും സ്ത്രീയും പുരുഷനും ഒന്നുപോലെ നേടുന്നു. എല്ലാ രംഗങ്ങളിലും സ്ത്രീപുരുഷന്മാരുടെ പങ്കാളിത്തം വേണമെന്ന് സഭ പഠിപ്പിക്കുന്നു (അല്മായപ്രേഷിതത്വം, 9). സ്ത്രീപീഡനത്തിന്റെ ഭയാനകവും വൈവിധ്യപൂർണവുമായ എല്ലാ രൂപങ്ങളെയും സഭ തള്ളിപ്പറയുന്നു. സ്ത്രീകൾ ലോകസംസ്കാരത്തിനു നല്കിയ സംഭാവനകളെ സഭ നന്ദിയോടെ സ്മരിക്കുന്നു. സ്ത്രീകൾ ഇന്നു കൈവരിച്ചിരിക്കുന്ന സ്വയാവബോധത്തെയും വിമോചനത്തെയും കാലത്തിന്റെ വലിയ അടയാളമായും (ജോൺ ഇരുപത്തിമൂന്നാമൻ, ഭൂമിയിൽ സമാധാനം, 41) നന്മയായും (ജോൺപോൾ രണ്ടാമൻ, സ്ത്രീകൾക്കൊരു കത്ത്, 6) സഭ വിലയിരുത്തുന്നു. കുടുംബത്തിലും സമൂഹത്തിലും സഭയിലുമുള്ള സ്ത്രീകളുടെ മഹത്ത്വം, പങ്ക് എന്നിവ സഭ വ്യക്തമായി ചൂണ്ടിക്കാട്ടുന്നുമുണ്ട് (ജോൺപോൾ രണ്ടാമൻ, കുടുംബം സ്നേഹസമൂഹം, 23).

**3.5. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്കു കാരണങ്ങൾ**

ഈ പ്രബോധനങ്ങളുടെ പശ്ചാത്തലത്തിലാണ് ക്രൈസ്തവയുവജനങ്ങൾ സ്ത്രീകളുടെയും പെൺകുട്ടികളുടെയും സുരക്ഷയ്ക്കും വളർച്ചയ്ക്കുമായി യത്നിക്കേണ്ടത്. നിയമപരമായും പ്രായോഗികമായും സ്ത്രീയുടെ മഹത്ത്വം ആദരിക്കുന്ന ഒരു സംസ്കാരം രൂപപ്പെടുത്തണം. അതിന് ആദ്യം ചെയ്യേണ്ടത്, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങളുടെ സാമൂഹികവും സാംസ്കാരികവുമായ കാരണങ്ങൾ

കണ്ടെത്തി പരിഹാരം നിർദ്ദേശിക്കുകയെന്നതാണ്. സ്ത്രീയെ സ്വകാര്യസ്വത്തായും ഉപഭോഗവസ്തുവായും കാണുന്ന ഒരു നിലപാട് വ്യാപകമായി നിലനില്ക്കുന്നു. ഈ മനോഭാവം വീടിന്റെ ഉള്ളിൽപ്പോലും ലൈംഗികദുരുപയോഗം ഉണ്ടാകാൻ ഇടയാകുന്നു. യഥാർത്ഥ വിദ്യാഭ്യാസത്തിലൂടെ ഈ മനോഭാവത്തിനു മാറ്റം ഉണ്ടാക്കാൻ ശ്രമിക്കണം. സ്ത്രീകളെയും അവരുടെ മാനുഷികാവകാശങ്ങളെയും ആദരിക്കാനും സംരക്ഷിക്കാനും ആൺകുട്ടികളെ ചെറുപ്പത്തിൽത്തന്നെ പരിശീലിപ്പിക്കണം. തുല്യതയിലും പര്സപര ആദരത്തിലും അധിഷ്ഠിതമായ ബന്ധമാണ് പ്രധാനപ്പെട്ടതെന്ന് അവർ ഗ്രഹിക്കണം. ആധിപത്യത്തോടെയും അക്രമോത്സുകതയോടെയും പുരുഷത്വം പ്രകാശിപ്പിക്കുന്നത് ശരിയായ കാര്യമല്ലെന്നും പഠിപ്പിക്കണം.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അക്രമങ്ങളെ ഒരു വലിയ മനുഷ്യാവകാശപ്രശ്നമായി കണ്ട് അവ അവസാനിപ്പിക്കുവാൻ വേണ്ട പരിപാടികളാണ് കരുപ്പിടിപ്പിക്കേണ്ടത്. പീഡകർക്ക് ശിക്ഷയോ നഷ്ടമോ ഉണ്ടാകില്ല എന്ന അവസ്ഥ മാറണം. നിലവിലുള്ള നിയമങ്ങളും മാനദണ്ഡങ്ങളും ഫലപ്രദമായി നടപ്പാക്കാൻ ശ്രമിച്ചാൽത്തന്നെ പല അതിക്രമങ്ങളും ഇല്ലാതാകുന്നതാണ്. പോലീസ് മുഴുവൻ തെളിവുകളും കൃത്യമായി ശേഖരിച്ച് കോടതിയിൽ സമർപ്പിക്കുകയും കോടതി കേസുകൾ സമയബന്ധിതമായി വിചാരണചെയ്ത് വിധിത്തീർപ്പു നടത്തുകയും ചെയ്താൽ സമൂഹത്തിലുണ്ടാകുന്ന മാറ്റം വലുതായിരിക്കും.

**3.6. നിയമങ്ങൾ**

ഇന്ത്യൻ ശിക്ഷാനിയമങ്ങൾ ചുവടേ ചേർക്കുന്നു. സ്ത്രീയുടെ സുരക്ഷ ഉറപ്പാക്കുന്നതാണ് ഈ നിയമങ്ങൾ. ഇവ പ്രത്യേകം പഠനവിയമാക്കണം. അറിവിലൂടെ സാമൂഹികമാറ്റമുണ്ടാകും.

| | |
|---|---|
| ഐപിസി 376 | ബലാത്സംഗത്തിനെതിര് |
| ഐപിസി 511 | ബലാത്സംഗപരിശ്രമത്തിനെതിര് |
| ഐപിസി 354 | സ്ത്രീകളുടെ മാന്യതയ്ക്കെതിരായ അതിക്രമങ്ങൾക്കെതിര് |
| ഐപിസി 509 | ലൈംഗികഉപദ്രവങ്ങൾക്കെതിര് |
| ഐപിസി 302, 303 | സ്ത്രീധനപീഡനങ്ങൾക്ക് എതിര് |
| ഐപിസി 498 എ | സ്ത്രീകളെ ശാരീരികമായും മാനസികമായും പീഡിപ്പിക്കുന്നതിനെതിര് |
| ഐപിസി 363-73 | തട്ടിക്കൊണ്ടുപോകുന്നതിനെതിര് |

983-ലെ ക്രിമിനൽ ലോ ആക്ട്: ഭർത്താവിന്റെയോ ബന്ധുക്കളുടെയോ ക്രൂരത കുറ്റകരമായി കാണുന്ന നിയമം.

2005-ലെ ഗാർഹികപീഡനത്തിൽനിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം. സ്ത്രീപ്രസ്ഥാനങ്ങളുടെ നീണ്ട പരിശ്രമത്തിന്റെ ഫലം. ഗാർഹികപീഡനം സ്ത്രീയുടെ മനുഷ്യാവകാശലംഘനമായി അവതരിപ്പിച്ചിരിക്കുന്നു.

2010-ലെ കുട്ടികളുടെ സുരക്ഷയ്ക്കായുള്ള ആക്ട്: കുട്ടികൾ 18 വയസ്സിൽ താഴെ പ്രായമുള്ളവർ. മോശമായ നോട്ടം, സ്പർശം, സ്പർശിക്കാൻ നിർബന്ധിക്കൽ എല്ലാം ലൈംഗികാതിക്രമങ്ങളാണ്.

**3.7. സ്ത്രീപീഡനവും മനോരോഗവും**

സ്ത്രീപീഡകരിൽ നല്ലൊരു പങ്ക് മനോരോഗികളാണെന്ന് പഠനങ്ങൾ കാണിക്കുന്നു. ചെറുപ്പത്തിൽത്തന്നെ കുട്ടികളുടെ മാനസികവളർച്ച പഠിച്ച് പ്രശ്നമേഖലകളിൽ സഹായം എത്തിച്ചുകൊടുക്കുക അത്യാവശ്യമാണ്. ഇക്കാര്യത്തിൽ ഇന്നും സമൂഹം വേണ്ടപോലെ പ്രവർത്തിക്കുന്നില്ല എന്നത് ദുഃഖകരം തന്നെ. മാനസികപ്രശ്നങ്ങൾ ഉള്ളവർ മദ്യപാനികൾ കൂടിയാണെങ്കിൽ സ്ത്രീപീഡനം വീടിനുള്ളിലും പുറത്തും വർദ്ധിക്കും. ഇക്കാര്യത്തിൽ കെ.സി.വൈ.എം. ഇക്കൊല്ലം വേണ്ട ബോധവത്കരണത്തിനു തയ്യാറാകണം.

**3.8. മാധ്യമങ്ങളുടെ പങ്ക്**

ടിവി, ഇന്റർനെറ്റ്, മൊബൈൽഫോൺ തുടങ്ങിയവയിലൂടെ വികൃതമായ ലൈംഗികബിംബങ്ങൾ ഇന്നു പ്രചരിപ്പിക്കപ്പെടുന്നു. ഇതൊരു വലിയ ബിസിനസാണ്; ആളുകളെ ചൂഷണം ചെയ്യലാണ്. മാനുഷികമായ എല്ലാ മൂല്യങ്ങളെയും നിരാകരിക്കുന്ന അക്രമണോത്സുകമായ ലൈംഗികതയാണ് അവിടെ അവതരിപ്പിക്കുന്നത്. ലൈംഗികതയുടെ സ്വാഭാവികവും മാനുഷികവുമായ യാഥാർത്ഥ്യം നിഷേധിക്കുന്നു. ക്രൂരവും നിന്ദ്യവുമായ രീതിയിൽ സ്ത്രീകളെയും കുട്ടികളെയും ഉപയോഗിക്കുന്നു. അത് സ്ഥിരം കാണുന്നവർ അത്തരം പ്രവർത്തനങ്ങൾക്ക് അടിമകളാകുക സ്വാഭാവികം മാത്രം. പോർണോഗ്രഫിക്കെതിരെ പ്രവർത്തിക്കുക അടിയന്തിരപ്രാധാന്യമർഹിക്കുന്നു. ദരിദ്രരായ സ്ത്രീകളും കുട്ടികളും ലൈംഗികചൂഷണത്തിന് വിധേയരാക്കപ്പെടുന്നതിനെതിരെയുള്ള പ്രവർത്തനവും ഉണ്ടാകണം. ലൈംഗികതയെ ദൈവദാനമായും നന്മയായും കാണാൻ യുവജനങ്ങൾക്കു കഴിയണം. ലൈംഗികതയെക്കുറിച്ചുള്ള ദൈവികപദ്ധതിയാണ് പഠിപ്പിക്കേണ്ടത്.

**3.9. വിവാഹത്തിന് ഒരുക്കം**

ഏറ്റവും ഗാഢമായ ഭാര്യാഭർത്തൃബന്ധത്തിന് വേണ്ടി യുവാക്കൾ നന്നായി ഒരുക്കപ്പെടണം. ആ ബന്ധത്തിൽ സ്നേഹത്തിനുള്ള സ്ഥാനം വ്യക്തമാക്കുകയും വേണം. ത്യാഗപൂർവം ആർദ്രത വളർത്തുകയും സന്തോഷപൂർവം ആത്മദാനം നടത്തുകയും ചെയ്യുന്നിടത്തേ ലൈംഗികബന്ധം സംതൃപ്തമാകൂ എന്ന സത്യമാണ് യുവജനങ്ങൾ ഗ്രഹിക്കേണ്ടത്. അക്രമപരമായി ലൈംഗികസുഖം നേടുന്നിടത്ത് യഥാർത്ഥസന്തോഷമില്ലെന്ന കാര്യവും അവർക്കു ബോധ്യപ്പെടുത്തിക്കൊടുക്കണം. യഥാർത്ഥ ലൈംഗിക വിദ്യാഭ്യാസം ലക്ഷ്യംവയ്ക്കേണ്ട കാര്യമാണിത്.

**3.10. സ്ത്രീകൾ പ്രതികരിക്കണം**

അതിക്രമങ്ങൾക്കെതിരേ പ്രതികരിക്കാൻ സ്ത്രീകൾ തയ്യാറാകുകയെന്നതും പ്രധാനപ്പെട്ട കാര്യമാണ്. സ്ത്രീകൾ നിശബ്ദരായിരിക്കണമെന്ന് ആഗ്രഹിക്കുന്നവരാണ് ഇന്നു കൂടുതൽ പേരും. "പ്രതികരിക്കുന്നതു നിനക്കു മോശമാണ്, നിന്റെ ഭാവിയെ അതു ബാധിക്കും" എന്ന് അവളോടു മിക്കവരും പറഞ്ഞുകൊണ്ടിരിക്കുന്നു. അതിനാൽ സ്ത്രീകൾ തന്നെ തങ്ങളുടെ മഹത്ത്വം കണ്ടെത്താനും അത് ഉറപ്പിക്കാനും തയ്യാറായാലേ മാറ്റമുണ്ടാകൂ.

ഈ മഹത്ത്വം തങ്ങൾക്കു നല്കിയത് ദൈവം തന്നെയാണെന്ന് അവൾ മനസ്സിലാക്കണം. അതു പുരുഷന്മാർ നല്കുന്ന ഔദാര്യമൊന്നുമല്ല. സ്ത്രീകളുടെ മേലുള്ള ആക്രമണം സമൂഹത്തിന്റെ സുസ്ഥിതിക്ക് അപകടകരമാണ്. അവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ അവരുടെ സ്വസ്ഥതയെയും കുട്ടികളുടെ നല്ല വളർത്തലിനെയും കുടുംബത്തിന്റെ ഭദ്രതയെയും തകർക്കും.

സ്ത്രീകളുടെയും കുട്ടികളുടെയും ഇന്നത്തെ അവസ്ഥയിൽ നിന്ന് ഒരു മാറ്റമുണ്ടാക്കാൻ യുവജനങ്ങൾക്കാണ് കഴിയുന്നത്. അവർ അതിനായി പരിശ്രമിക്കണം. അക്രമരഹിതമായ കുടുംബവും ജോലിസ്ഥലങ്ങളും പൊതുവേദിയും ഉണ്ടാകാനാണ് യത്നിക്കേണ്ടത്. എല്ലാ സ്ത്രീകൾക്കും ഭയമില്ലാതെയും പീഡനവും ചൂഷണവുമില്ലാതെയും ഇന്ത്യയിലെങ്ങും നടക്കാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടണം.

**3.11. ചില കർമ്മപരിപാടികൾ**

1) പെൺഭ്രൂണഹത്യ, പെൺകുട്ടികളെ അവഗണിക്കൽ, അവരോടു വിവേചനം, ഗാർഹികപീഡനം, പെൺവാണിഭം, കുട്ടികളെ ലൈംഗികമായി പീഡിപ്പിക്കൽ, സൈബർ ക്രൈം എന്നിവയ്ക്കെതിരെ പ്രചാരണങ്ങൾ നടത്തുക.
2) ബാലവേല അവസാനിപ്പിക്കാൻ പരിശ്രമിക്കുക.
3) സ്ത്രീപുരുഷബന്ധങ്ങളിൽ സാമ്പത്തികം, തീരുമാനമെടുക്കൽ, കുടുംബ ഉത്തരവാദിത്വങ്ങൾ എന്നിവയിൽ കൂട്ടുത്തരവാദിത്വം വളർത്താൻ പരിശ്രമിക്കുക.
4) സ്ത്രീകളെ ആദരിക്കുക എന്ന ബോർഡുകൾ ഇക്കൊല്ലം പലയിടങ്ങളിൽ സ്ഥാപിക്കുക.
5) നിയമനിർമ്മാണസഭകളിൽ 33% സീറ്റ് സംവരണം സ്ത്രീകൾക്ക് ഉറപ്പാക്കാൻ പരിശ്രമിക്കുക.
6) വിഷമസസാഹചര്യങ്ങളിൽപ്പെടുന്ന സ്ത്രീകൾക്കും പെൺകുട്ടികൾക്കും സഹായമെത്തിച്ചുകൊടുക്കുക.
7) കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് സമൂഹത്തിൽ അവബോധം വളർത്തുക.
8) അക്രമരഹിതമായ രീതിയിൽ സംഘർഷങ്ങൾ പരിഹരിക്കാൻ വേണ്ട പരിശീലനം സ്ത്രീപുരുഷന്മാർക്കു നല്കുക.
9) വനിതാദിനം (മാർച്ച് 8), പെൺകുഞ്ഞുങ്ങളുടെ ദിനം (സെപ്തം. 8), അക്രമവിരുദ്ധദിനം (നവം. 25) എന്നിവ സമുചിതമായി ആചരിക്കുക.
10) ദളിതരും ദരിദ്രരും ആദിവാസികളുമായ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കാണുക. സർക്കാർ പദ്ധതികളും സഹായങ്ങളും അവർക്ക് സംലഭ്യമാക്കുക.
11) ഇടവകകളിൽ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കാനും പരിഹരിക്കാനും 'women cell' തുടങ്ങുക.
12) കെ.സി.ബി.സി. പ്രസിദ്ധീകരിച്ചിട്ടുള്ള Gender Policy വായിച്ച്, പഠിച്ച് പ്രചരിപ്പിക്കുക.

## 4. അഴിമതിക്കെതിരേ

### 4.1. അഴിമതി എന്ത്?

സാമൂഹികജീവിതത്തിന്റെ സമസ്ത മേഖലകളിലും അഴിമതി ഒരു സാംക്രമികരോഗം പോലെ പടർന്നിരിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. കോടാനുകോടി രൂപയുടെ അഴിമതികളാണ് കൂടെക്കൂടെ നടക്കുന്നത്. അതിനെതിരേ ദൈവനീതിയുടെ ശബ്ദമാകാൻ കത്തോലിക്കായുവജനങ്ങൾക്കു കഴിയണം.

ഔദ്യോഗിക പദവിയും സ്വാധീനശക്തിയുമുള്ള വ്യക്തി അനീതിയോടും സ്വാർത്ഥതയോടും കൂടെ കാര്യങ്ങൾ ചെയ്യുന്നത് അഴിമതിയാണ്. ആ കാര്യങ്ങൾ ചെയ്യുന്നതിന് കൈക്കൂലി വാങ്ങുന്നതും പ്രേരിപ്പിക്കുന്നതും അതുപോലെ നിയമാനുസൃതം കിട്ടേണ്ടതാണെങ്കിലും എളുപ്പത്തിൽ നടന്നുകിട്ടാൻ വേണ്ടി ബന്ധപ്പെട്ടവർക്കു കൈക്കൂലി കൊടുക്കുന്നതും അഴിമതിയാണ്. സമൂഹനിയമങ്ങളും മൂല്യസംവിധാനങ്ങളും പാടേ നിഷേധിച്ച് കള്ളപ്പണം, കള്ളനോട്ടടിക്കൽ, നികുതി വെട്ടിപ്പ്, കരാറുകളിലെ കമ്മീഷനുകളും കിക്ക് ബാക്കുകളും, വഞ്ചന നടത്തൽ, സ്വജനപക്ഷപാതം, നീതിരഹിത ശുപാർശകൾ, അനാസ്ഥ, അധികാരദുർവിനിയോഗം, പൊതുമുതൽ അപഹരണം, നീതിനിഷേധം, കാലവിളംബം വരുത്തൽ തുടങ്ങിയവയും അനീതിയിൽപ്പെടും.

### 4.2. എന്തുകൊണ്ട് അഴിമതി

കൈക്കൂലി കൊടുക്കൽ ഒരു വ്യവസ്ഥിതി പോലെ നമ്മുടെ നാട്ടിൽ വളർന്നിരിക്കുന്നു. അത് നിയമപരമായും ധാർമ്മികമായും ഒരു തിന്മയാണെന്നു പോലും പലരും കരുതാത്ത അവസ്ഥയാണുള്ളത്. കൈക്കൂലി പരസ്യമായി ലേലം ചെയ്യുകപോലും നടക്കുന്നു. പൊതുജനങ്ങളും ധർമ്മചിന്ത വെടിഞ്ഞ് സ്വാർത്ഥരാകുന്നു. അത് സമൂഹവളർച്ചയെ തകിടം മറിക്കും. വർദ്ധിച്ചുവരുന്ന ഉപഭോഗസംസ്കാരത്തിൽ കൈക്കൂലി വാങ്ങാനുള്ള പ്രലോഭനം ഉദ്യോഗസ്ഥരിൽ ശക്തമാണ്. വ്യക്തിഗതമനോഭാവവും മത്സരചിന്തയും വ്യാപകമായിരിക്കുന്നു. ഏതു മാർഗമുപയോഗിച്ചും ജയിക്കണമെന്നു മാത്രം പലരും ചിന്തിക്കുന്നു. സമൂഹത്തെയും പരസ്പരബന്ധങ്ങളെയും യോജിപ്പിച്ചു നിറുത്തുന്ന ധാർമ്മികത അവഗണിക്കപ്പെടുന്നു. അപരനെ തന്റെ ഉയർച്ചയ്ക്കുള്ള ചവിട്ടുപടി മാത്രമാക്കുന്നു. അത്തരക്കാർ മറ്റുള്ളവരെ ചതിക്കുന്നു. കബളിപ്പിച്ച് പണമുണ്ടാക്കുന്നതിൽ ഒരു മനസ്സാക്ഷിക്കടിയും ഇല്ലാതായിരിക്കുന്നു. ഈ മൂല്യച്യുതിയാണ് അഴിമതി വർദ്ധിക്കാൻ കാരണം. അഴിമതിയുടെ ഒരു സാമൂഹികസംസ്കാരം തന്നെ രൂപംകൊണ്ടിരിക്കുന്നു. അത് സർക്കാരിനോ ഭരണകൂടത്തിനോ അത്ര എളുപ്പത്തിൽ ഇല്ലാതാക്കാൻ കഴിയുന്നതല്ല. ഭരണകൂടവും അഴിമതി നിറഞ്ഞതാകുന്നു. ഒരു പുതിയ ജീവിതശൈലി രൂപീകരിക്കുകയാണ് പരിഹാരം. പ്രത്യേക സിദ്ധികളുള്ള വ്യക്തികളിലൂടെയും പ്രസ്ഥാനങ്ങളിലൂടെയുമേ അതു സ്വാഭാവികമായി സാധിക്കൂ. ഇവിടെയാണ് കെ.സി.വൈ.എം.-ന്റെ പ്രസക്തി. നീതി ധർമ്മങ്ങളിലധിഷ്ഠിതമായ ഒരു സമൂഹസൃഷ്ടി ക്രൈസ്ത

വന്റെ ദൗത്യമാണ്. പഴയനിയമവും പുതിയ നിയമവും അതാവശ്യപ്പെടുന്നുണ്ട് (പുറ 23:8; നിയമ 16:19; 27:25; മിക്ക 3:9-12; ആമോ 5:7-15). നീതിയും സത്യവും എങ്ങും പുലരണം (ആമോ 5:24). നീതിയും ധർമ്മവും മറന്ന് മതാചാരങ്ങൾക്ക് അമിതപ്രാധാന്യം നല്കിയ ഫരിസേയരെ ഈശോ നിശിതമായി വിമർശിച്ചത് യുവാക്കൾക്ക് പാഠമാകണം (മത്താ 23:3, 6).

**4.3. ചെയ്യാവുന്ന കാര്യങ്ങൾ**

അഴിമതിയുടെ നീരാളിപ്പിടുത്തത്തിൽനിന്ന് ജനം മോചിതരാകാൻ ആഗ്രഹിക്കുന്ന ഒരു കാലഘട്ടമാണിത്. കെ.സി.വൈ.എം. ചെയ്യേണ്ട ചില കാര്യങ്ങൾ ചൂണ്ടിക്കാട്ടാം.

1) അഴിമതി പാവപ്പെട്ടവന്റെ ജീവിതത്തിലുണ്ടാക്കുന്ന അപകടകരമായ ഫലങ്ങളെക്കുറിച്ച് ബോധവത്കരണം നടത്തണം.
2) യുവജനങ്ങൾ തന്നെ അഴിമതി വിമുക്തമായ സമൂഹം ഉണ്ടാക്കാൻ പരിശ്രമിക്കുമെന്ന് പ്രതിജ്ഞയെടുക്കണം. കെ.സി.വൈ.എം. അംഗങ്ങൾ സംശുദ്ധമനസ്സും സുതാര്യജീവിതവും ഉള്ളവരാകണം. സാമ്പത്തിക ഉത്തരവാദിത്വമുള്ളവരുമാകണം.
3) പൊതുസമൂഹത്തിലും സ്ഥാപനങ്ങളിലും അഴിമതി നടത്തുന്നവർക്കെതിരേ തിരുത്തൽ - ശിക്ഷണ നടപടികൾക്ക് സാഹചര്യം സൃഷ്ടിക്കണം.
4) നമ്മുടെ സാമ്പത്തിക ഇടപാടുകൾ ക്രൈസ്തവമൂല്യങ്ങളുടെ വെളിച്ചത്തിൽ വിലയിരുത്തി നടപ്പാക്കണം.
5) അഴിമതിയുടെ തിക്തഫലങ്ങൾ അനുഭവിക്കുന്നവർക്ക് വേണ്ട നിയമപരമായ സഹായങ്ങൾ ചെയ്തുകൊടുക്കണം. ഉപഭോക്തൃസംരക്ഷണ സമിതികൾ ഉണ്ടാകണം. കോൾ സെന്ററും കോൾ ഫ്രീ നമ്പറും തുടങ്ങണം.
6) മതങ്ങളുടെ ദൗത്യത്തിൽ സാമൂഹികാപ്രതിജ്ഞാബദ്ധതയും നീതിനിഷ്ഠയും ഉണ്ടെന്ന ബോധ്യം വളർത്താൻ ശ്രമിക്കണം.
7) ദൈവസ്നേഹത്തിൽ അധിഷ്ഠിതമായ സഹോദരസ്നേഹം മനുഷ്യന്റെ പ്രഥമ ഉത്തരവാദിത്വമാണെന്ന ബോധം വളർത്തണം (ബെനഡിക്ട് പതിനാറാമൻ, ദൈവം സ്നേഹമാകുന്നു, 20).
8) നീതിപൂർവകമായ നിയമങ്ങൾ ഉണ്ടാകാനും അതു പാലിക്കപ്പെടാനും ലംഘിക്കുന്നവരെ ശിക്ഷിക്കാനും വേണ്ടതു ചെയ്യണം.

പോൾ ആറാമൻ മാർപാപ്പായുടെ 'മാനവപുരോഗതി', ബെനഡിക്ട് പതിനാറാമൻ മാർപാപ്പായുടെ 'സത്യത്തിൽ സ്നേഹം' എന്നീ ചാക്രികലേഖനങ്ങളും 'കത്തോലിക്കാസഭയുടെ സാമൂഹികസിദ്ധാന്തത്തിന്റെ സംക്ഷേപ'വും കെ.സി.വൈ.എം. അംഗങ്ങങ്ങൾ ഇക്കൊല്ലം വായിച്ചു പഠിച്ച് തങ്ങളുടെയും സമൂഹത്തിന്റെയും സമഗ്രപുരോഗതിക്കുവേണ്ടി പ്രവർത്തിക്കാൻ മുന്നിട്ടിറങ്ങിയാൽ അത് സൃഷ്ടിക്കുന്ന നന്മ വലുതായിരിക്കും. അതിനായി എല്ലാ കെ.സി.വൈ.എം. പ്രവർത്തകരെയും സ്നേഹപൂർവം സ്വാഗതം ചെയ്തുകൊണ്ട്,

**ഫാ. ജോസ് കോട്ടയിൽ** - സംസ്ഥാന ഡയറക്ടർ, കെ.സി.വൈ.എം.

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് മാർച്ച് 03 മുതൽ 06 വരെ നടന്ന കോഴ്സിൽ 95 പേരും, മാർച്ച് 15 മുതൽ 18 വരെ നടന്ന കോഴ്സിൽ 91 പേരും പങ്കെടുത്തു. കോഴ്സുകളുടെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| ഏപ്രിൽ | 11-14 | - പാസ്റ്ററൽ സെന്റർ ദ്വാരക |
| ഏപ്രിൽ | 25-28 | - പാസ്റ്ററൽ സെന്റർ ദ്വാരക |
| മെയ് | 07-10 | - പാസ്റ്ററൽ സെന്റർ ദ്വാരക |

**ആശംസകൾ അഭിനന്ദനങ്ങൾ**

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായി തെരഞ്ഞെടുത്ത കുടുംബപ്രേഷിതത്വ ടീം അംഗം ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, സംസ്കൃത സാഹിത്യത്തിൽ ബിരുദാനന്തരബിരുദം നേടിയ സി. മെറീന എഫ്.സി.സി (ബത്തേരി ഫൊറോന കുടുംബപ്രേഷിതത്വം) എന്നിവർക്ക് മാനന്തവാടി രൂപത കുടുംബപ്രേഷിതത്വത്തിന്റെ ആശംസകളും അഭിനന്ദനങ്ങളും.

**കത്തോലിക്കാ മാതൃസംഘടന**

ബഹു. ഡെന്നീസച്ചന്റെയും, അസി. ഡയ. ബിനു അച്ചന്റെയും നേതൃത്വത്തിൽ ഫെബ്രുവരി 06-ന് രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. ശ്രീമതി അന്നക്കുട്ടി ഇലഞ്ഞിമറ്റം സ്വാഗതവും, സെക്രട്ടറി റിപ്പോർട്ടും വായിച്ചു. ഫെബ്രുവരി 23 ന് നടത്തപ്പെട്ട സാഹിത്യമത്സരങ്ങളെ വിലയിരുത്തി. നടക്കാൻ പോകുന്ന കലാമത്സരങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് ആവശ്യമായ തീരുമാനം എടുത്തു. 13 അംഗങ്ങൾപങ്കെടുത്തു. അടുത്ത രൂപതാ എക്സിക്യൂട്ടീവ് ഏപ്രിൽ 09-ന് 10 മണിക്ക്.

**കത്തോലിക്കാ മാതൃസംഘടന മത്സരങ്ങൾ ഏപ്രിൽ 20**

I. 01) മത്സരം ഏപ്രിൽ 20-ന് ശനിയാഴ്ച ദ്വാരകപാസ്റ്ററൽ സെന്ററിൽ

02) മത്സരങ്ങൾ : രജിസ്ട്രേഷൻ രാവിലെ 9.00 മണിക്ക്. മത്സരങ്ങൾ മൂന്ന് സ്റ്റേജിലായിരിക്കും. രാവിലെ 9.30 ന് ആരംഭിക്കും. സ്റ്റേജ് മൂന്ന് - ബൈബിൾ വാക്യപഠനം, ഓർമ്മ പരിശോധന, ബൈബിൾ ക്വിസ് സ്റ്റേജ് രണ്ട്- മോണോ ആക്ട്, സ്റ്റേജ് ഒന്ന്- ബൈബിൾ ദൃശ്യാവതരണം.

03) ബൈബിൾ വാക്യപഠനം, ഓർമ്മ പരിശോധന, ബൈബിൾ ക്വിസ് എന്നീ മത്സരങ്ങൾ രാവിലെ 9.30 ന് ആരംഭിക്കും. മണിമൂളി, നിലമ്പൂർ, നീലഗിരി പ്രദേശങ്ങളിൽ നിന്നും ഈ മൂന്ന് മത്സരങ്ങളിൽ പങ്കെടു ക്കേണ്ട മത്സരാർത്ഥികൾക്ക് സമയത്ത് എത്താൻ അസൗകര്യങ്ങൾ ഉണ്ടെങ്കിൽ അവർക്ക് മാത്രം 19-ാം തീയതി വൈകുന്നേരം പാസ്റ്ററൽ സെന്ററിൽ താമസസൗകര്യം ഒരുക്കുന്നതാണ്.

04) ജഡ്ജസ്സിന്റെ തീരുമാനം അന്തിമമായിരിക്കും.

05) പരാതികൾ ഉണ്ടെങ്കിൽ എഴുതി നൽകേണ്ടതാണ്. പരാതിയോടൊപ്പം 50/. രൂപ ഫീസായി ഓഫീസിൽ അടയ്ക്കേണ്ടതാണ്. അല്ലെങ്കിൽ പരാതികൾ പരിഗണിക്കപ്പെടുന്നതല്ല.

II. മത്സരാത്ഥികൾ മാതൃസംഘടനാ അംഗത്വകാർഡ് നിർബന്ധമായും കൊണ്ടുവന്നിരിക്കണം.

III. ഓരോ ഫൊറോനയുടേയും മത്സരാർത്ഥികളുടെ ലിസ്റ്റും നമ്പറും ഓ ഫീസിൽ ഒരുക്കി വച്ചിട്ടുണ്ടാവും. ഫൊറോനയിലെ ഡയറക്ടർ, ആ നിമേറ്റർ/ ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങളിൽ ആരെങ്കിലുമോ ഉത്തരവാദിത്വത്തോടെ ലിസ്റ്റും നമ്പറുകളും കൈപ്പറ്റേണ്ടതാണ്. ഓരോ മത്സരാർത്ഥിക്കും അവ വിതരണം ചെയ്യുക എന്നത് ഫൊ റോനയുടെ ഉത്തരവാദിത്വമായിരിക്കും.

**മൂലേപ്പാടം യൂണിറ്റ്**

പുതിയ ഭാരവാഹികൾ ഡയറക്ടർ - ഫാ. ബാബു കക്കാട്ടികാല യിൽ, പ്രസിഡന്റ് - ഫിലോമിന മറ്റത്തിൽ, വൈസ്.പ്രസിഡന്റ് -റോസമ്മ കറുകപ്പള്ളിയിൽ, സെക്രട്ടറി - ആലീസ് മൂഴിപ്ലാക്കൽ, കൗൺസിലേഴ്സ് - (1) ത്രേസ്യമ്മ കാവുങ്കൽ, (2) ചിന്നമ്മ കണ്ണംകുളം (03) സെലിൻ ഇളുവ നാനിക്കൽ, (04) മേരി ഞള്ളംപുഴ എന്നിവർക്ക് മാനന്തവാടി രൂപതാ കുടും ബപ്രേഷിതത്വത്തിന്റെ ആശംസകളും അഭിനന്ദനങ്ങളും.

**പയ്യംമ്പള്ളി ഫൊറോന**

പയ്യംമ്പള്ളി ഫൊറോന ആനിമേറ്റേഴ്സിന്റെയും ഫൊറോന എക്സി ക്യൂട്ടീവിന്റെയും, സംയുക്ത മീറ്റിംഗ് മാർച്ച് 04-ന് ബഹു. ചാക്കോച്ചനച്ചന്റെ നേതൃത്വത്തിൽ ആറാട്ടുതറ പള്ളിയിൽ വെച്ച് ചേർന്നു. ഫൊറോന കലാമ ത്സരത്തിന്റെ നടത്തിപ്പിനെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തു.

**കൊട്ടിയൂർ ഫൊറോന**

ഫൊറോന എക്സിക്യൂട്ടീവ് കൂടി വിധവകളുടെ ലിസ്റ്റ് ഉണ്ടാക്കാൻ തീരുമാനിച്ചു. രൂപതാ സെക്രട്ടറിയായി തെരഞ്ഞെടുത്ത കത്രിക്കുട്ടി മണ്ണുക്കുളത്തിനെ അഭിനന്ദിച്ചു. ഫൊറോന സാഹിത്യമത്സരത്തിനുള്ള ഒരു ക്കങ്ങൾ നടത്തി. ഫെബ്രുവരി 23-ന് ഡയറക്ടർ ബഹു. ജോസ് വാഴക്കാല യിൽ അച്ചന്റെ നേതൃത്വത്തിൽ സാഹിത്യമത്സരങ്ങൾ ഭംഗിയായി നടത്തി. 45 അമ്മമാർ പങ്കെടുത്തു. മാർച്ച് 16-ന് കലാമത്സരം നടത്താൻ തീരുമാ നിച്ചു.

**വെള്ളൂന്നി യൂണിറ്റ്**

വികാരിയച്ചന്റെ നേതൃത്വത്തിൽ 45 അമ്മമാർ കണ്ണൂർ സെൻട്രൽ ജയിൽ സന്ദർശിച്ചു.

700 ഓളം വരുന്ന ജയിൽവാസികൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും മാസികകൾ കൊടുക്കുകയും ചെയ്തു. ജയിൽ വാസികളുടെ ചപ്പാത്തി നിർമ്മാണം കാണുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഫൊറോന സാഹിത്യമത്സരത്തിൽ പങ്കെടുത്തു. പരീക്ഷക്കായ് ഒരുങ്ങുന്ന കുട്ടികൾക്ക് വേണ്ടി പ്രത്യേക പ്രാർത്ഥന നടത്തി. തിരുനാളിന്റെ പ്രദക്ഷിണത്തിന് അമ്മമാർ സജീവമായി പങ്കെടുത്തു. വിധവ വിവരശേഖരണത്തിനായി ഭവനസന്ദർശനം നടത്തി വിവരങ്ങൾ ശേഖരിച്ചു. ഭവനങ്ങളിൽ കുരിശിന്റെ വഴിനടത്തി.

**പുതിയിടം യൂണിറ്റ്**

ഫെബ്രുവരി 17-ന് മീറ്റിംഗ് നടത്തി. ഇടവക തിരുനാളിൽ അമ്മമാരുടെ സഹകരണം വിലയിരുത്തി. വാർഷികാഘോഷത്തിൽ കോമഡിഷോ അവതരിപ്പിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. ആനിമേറ്ററും മാതൃസംഘാംഗങ്ങളും ഭവനസന്ദർശനം നടത്തി. പുതിയ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചകൾ നടത്തി.

**പാലേമാട് യൂണിറ്റ്**

ബഹു. സെബാസ്റ്റ്യൻ കീഴേത്തച്ചന്റെ നേതൃത്വത്തിൽ പുതിയ ഭാരവാഹികൾ മീറ്റിംഗ് കൂടി. സാഹിത്യ, കലാമത്സരത്തെ കുറിച്ച് ചർച്ച് ചെയ്തു. മത്സരത്തിന് വേണ്ട ഒരുക്കങ്ങൾ നടത്തി. വിശ്വാസ വർഷത്തോടനുബന്ധിച്ച് എല്ലാ ദിവസവും ദിവ്യബലിമദ്ധ്യേ വികാരിയച്ചൻ കുരിശിനെ കുറിച്ച് പഠിപ്പിക്കുകയും വിശദീകരണങ്ങൾ നല്കുകയും ചെയ്തു വരുന്നു. നോമ്പുകാലത്തിൽ എല്ലാ ദിവസവും രാവിലെ കുരിശിന്റെ വഴി നടത്തുന്നു. അമ്മമാരുടെ സഹായ സഹകരണത്തോടെ ഓരോ വാർഡിലും കുരിശിന്റെ വഴി ആഘോഷമായി നടത്തുന്നു.

**കുറുമണി യൂണിറ്റ്**

പള്ളിപ്പണിക്ക് വേണ്ടി എല്ലാ വാർഡിലെയും അമ്മമാർ മണൽ അരിച്ചു, മാതാക്കൾക്കുവേണ്ടി വാർഡുതലങ്ങളിൽ വിശ്വാസ വർഷത്തോടനുബന്ധിച്ച് ക്ലാസ്സുകൾ നടത്തി, ഫണ്ടുസ്വരൂപണത്തിനായി വാർഡുതലങ്ങളിൽ 'ചേന' നടാൻ തീരുമാനിച്ചു. ഫെബ്രുവരി 09 ന് പള്ളിക്കുന്ന് തീരുനാളിനോടനുബന്ധിച്ച് നടത്തിയ സ്റ്റാളിൽ ഭക്ഷണമുണ്ടാക്കാൻ സഹകരിച്ചു. ഫെബ്രുവരി 15 മുതൽ 18 വരെ നടത്തിയ വാർഷിക ധ്യാനത്തിൽ എല്ലാ അമ്മമാരും പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി. ബുധനാഴ്ചകളിൽ നടത്തുന്ന ആരാധനയിലും ദൈവകാരുണ്യനോവേനയിലും

അമ്മമാർ പങ്കെടുത്തു. ചോക്കാട് ഇടവകയ്ക്ക് വേണ്ടി ഉപവസിച്ച് മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. വാർഡുകളിൽ എല്ലാ ആഴ്ചയിലും കുരിശിന്റെ വഴി നടത്തുന്നു. ഫൊറോന സാഹിത്യമത്സരത്തിൽ അമ്മമാർ പങ്കെടുത്തു. കവിതാരചന മത്സരത്തിൽ ഷീജ പുതുക്കാട്ടുകടുപ്പിൽ 03-ാം സ്ഥാനം കരസ്ഥമാക്കി.

**ആറാട്ടുതറ യൂണിറ്റ്**

ഫെബ്രുവരി 01 ന് വികാരിയച്ചന്റെ നേതൃത്വത്തിൽ മീറ്റിംഗ് നടത്തി. ശ്രീമതി ദീപ മഴുവഞ്ചേരി മീറ്റിംഗിൽ സ്വാഗതം പറഞ്ഞു. കുരിശിനെ കുറിച്ച് വികാരിയച്ചൻ അമ്മമാർക്ക് സന്ദേശം നൽകി. അമ്മമാരുടെ സഹായ സഹകരണത്തോടെ വാർഡുകളിൽ കുരിശിന്റെ വഴി ആഘോഷമായി നടത്തി. ഒണ്ടയങ്ങാടിയിൽ വച്ച് നടത്തുന്ന ഫൊറോന സാഹിത്യമത്സരത്തിൽ ഇടവകയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അമ്മമാർ പങ്കെടുക്കാൻ തീരുമാനിച്ചു. ശ്രീമതി ഷിബിന മഴുവഞ്ചേരി നന്ദി പറഞ്ഞു. മാർച്ച് 01 ന് വികാരിയച്ചന്റെ നേതൃത്വത്തിൽ മീറ്റിംഗ് നടത്തി. ശ്രീമതി ഷിജി ഉള്ളോപ്പിള്ളി മീറ്റിംഗിൽ സ്വാഗതം പറഞ്ഞു. മാർച്ച് 11-ന് നടവയലിൽ അഗതിമന്ദിരമായ 'ഒസ്സാനാം ഭവൻ' സന്ദർശിച്ചു. അവർക്കായി ഒരു ചെറിയതുക സംഭാവന ചെയ്തു. ആ ദിവസം അവർക്ക് വേണ്ട കാര്യങ്ങൾ ചെയ്തുകൊടുത്തു. ഫൊറോന സാഹിത്യമത്സരത്തിൽ പങ്കെടുക്കുന്ന അംഗങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി കൊടുത്തു. ഒണ്ടയങ്ങാടിയിൽ വച്ച് നടത്തുന്ന ഫൊറോന സാഹിത്യമത്സരത്തിൽ ഇടവകയിൽ നിന്നും 03 പേർ പങ്കെടുത്തു. ഇടവകയിലെ വിഷമിക്കുന്ന രോഗികളെ ചെന്ന് കണ്ട് പ്രാർത്ഥിച്ചു. ശ്രീമതി ഷിജി സാബു നന്ദി പറഞ്ഞു.

**മച്ചികൊല്ലി യൂണിറ്റ്**

ഫെബ്രുവരി 08 ന് വികാരിയച്ചന്റെയും ആനിമേറ്ററിന്റെയും നേതൃത്വത്തിൽ മീറ്റിംഗ് ചേർന്നു. റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ഭാവി പ്രവർത്തനങ്ങളെകുറിച്ച് തീരുമാനമെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി. എല്ലാ വെള്ളിയാഴ്ചയും 02 മുതൽ 05 വരെ ആരാധന നടത്തികൊണ്ടിരിക്കുന്നു. ഭവന സന്ദർശനവും, രോഗീ സന്ദർശനവും നടത്തുന്നു. ഞായറാഴ്ചകളിൽ ജപമാലയ്ക്കും ബൈബിൾ വായനയ്ക്കും നേതൃത്വം കൊടുക്കുന്നു. സാഹിത്യമത്സരത്തിൽ യൂണിറ്റ് വിജയികളായ സംഘടനാംഗങ്ങൾ പങ്കെടുത്തു.

**മാനന്തവാടി ഫൊറോന**

മാർച്ച് 09-ന് കണിയാരം സ്ക്കൂളിൽ വെച്ച് ഫൊറോന മാതൃസംഘാംഗങ്ങൾക്കായി കലാമത്സരങ്ങൾ നടത്തപ്പെട്ടു. പ്രസിഡന്റ് മോളി കരിമ്പനാക്കുഴി അദ്ധ്യക്ഷത വഹിച്ചു. ആനിമേറ്റർ സി. ജോസ്ന സ്വാഗതം ആശംസിച്ചു. ഫൊറോന ഡയറക്ടർ ബഹു. ജോണി പെരുമാട്ടിക്കുന്നേൽ ഉദ്ഘാടനകർമ്മം നിർവഹിച്ചു. പിന്നീട് രണ്ട് സ്റ്റേജുകളിലായി 7 ഇനം മത്സരങ്ങൾ നടത്തി. 4 മണിക്ക് മത്സരങ്ങൾ അവസാനിച്ചു. ഒന്നാം സ്ഥാനം തവിഞ്ഞാൽ

(32 പോയന്റ്,) രണ്ടാം സ്ഥാനം കരിമാനി (31 പോയന്റ്,) മൂന്നാം സ്ഥാനം ആലാറ്റിൽ (28 പോയന്റ്,) കരസ്ഥമാക്കി. ഷീജ കാഞ്ഞിരക്കാട്ട് കണിയാരം, സ്മിത മുണ്ടുനടയ്ക്കൽ തവിഞ്ഞാൽ വ്യക്തിഗതചാമ്പ്യന്മാരായി. വിജയികൾക്കുള്ള സമ്മാനദാനവും, ഒന്നും, രണ്ടും സ്ഥാനം നേടിയ ഇടവകകൾക്കുള്ള എവർറോളിംഗ് ട്രോഫി കണിയാരം അസി. വികാരി. ബഹു. സുനിൽ മഠത്തിൽ നിർവഹിച്ചു. യോഗത്തിന് ഫൊറോന ഡയ. ബഹു.ജോണി പെരുമാട്ടിക്കുന്നേൽ നന്ദിയർപ്പിച്ചു.

**മാനന്തവാടി ഫെറോന ജീവകാരുണ്യപ്രവർത്തനം**

മാനന്തവാടി ഫൊറോന മാതൃസംഘടനയുടെ നേതൃത്വത്തിൽ ബോയ്സ് ടൗണിൽ ബാലമന്ദിരത്തിലും, പോരൂർ സ്നേഹാലയത്തിലും, മാനന്തവാടി സമരിറ്റൻഭവനിലും കണിയാരം ജോസ്ഭവൻ എന്നിവിടങ്ങളിലും, ജയമാതാ ആശ്രമം കാട്ടിക്കുളം എന്നിവിടങ്ങളിലും ഫൊറോന നേതൃത്വത്തിൽ സ്വരൂപിച്ച നിത്യോപയോഗ സാധനങ്ങൾ എത്തിച്ചു കൊടുത്തു. ഫൊറോന ഡയറക്ടർ ബഹു.ജോണി പെരുമാട്ടിക്കുന്നേൽ, യവനാർകുളം ഇടവക വികാരി ബഹു. ജിമ്മി മൂലയിലച്ചന്റേയും, സി. ജോസ്നയുടെയും നേതൃത്വത്തിൽ ഫൊറോന എക്സിക്യൂട്ടീവാണ് ഈ സംരംഭം നടത്തിയത്. ഇതിനായി പണവും സാധനങ്ങളും തന്ന് സഹകരിച്ച എല്ലാവർക്കും നന്ദി.

**പഴൂർ യൂണിറ്റ്**

മാർച്ച് 02-ന് അഖണ്ഡജപമാല നടത്തി. (നല്ല കാലാവസ്ഥ, ഇടവക കൂട്ടായ്മ, കുടുംബ നവീകരണം എന്നീ നിയോഗങ്ങൾക്കായ് ഇടവക മുഴുവൻ പ്രാർത്ഥിച്ചു.)

**ഇടിവണ്ണ യൂണിറ്റ്**

സാഹിത്യകലാമത്സരങ്ങൾ ഫെബ്രുവരി 16 ന് നടത്തുവാൻ തീരുമാനിച്ചു. ഫെബ്രുവരി 13-ന് എക്സിക്യൂട്ടീവ് മീറ്റിംഗ് വികാരിയച്ചന്റെയും, ആനിമേറ്ററിന്റെയും നേതൃത്വത്തിൽ നടന്നു. ഫെബ്രുവരി 17-ന് ഇടവക നവീകരണധ്യാനം നടത്തുകയും അതിൽ എല്ലാ അമ്മമാരും പങ്കെടുക്കുകയും ചെയ്തു. മാർച്ച് 09 ന് ഫൊറോന സാഹിത്യമത്സരത്തിൽ ഇടവകയിൽ നിന്നും പങ്കെടുക്കുവാൻ തീരുമാനിച്ചു.

**മരിയൻ സിംഗിൾസ്**

മാർച്ച് 13-ന് ഡയറക്ടറിന്റെയും, സി. മരീനയുടെയും നേതൃത്വത്തിൽ 14 പേർ മൈസൂർ സന്ദർശിച്ച് 14 ന് തിരിച്ച് വന്നു. അടുത്ത മാസം ഏകസ്ഥർ രൂപതാ കൺവെൻഷനിൽ പങ്കെടുക്കുവാൻ തീരുമാനിച്ചു.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

സ്നേഹം നിറഞ്ഞ വിൻസെൻഷ്യൻ സഹോദരങ്ങളേ,

പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും പ്രതീകമായ നോമ്പു കാലം പിന്നിട്ട് ഉയിർപ്പിന്റെ പുത്തൻ അനുഭവങ്ങളിലേക്ക് എത്തിയിരിക്കുന്ന എല്ലാ സഹോദരങ്ങൾക്കും ഉയിർപ്പിന്റെ പുതിയ ആശംസകൾ നേരുന്നതിനോടൊപ്പം പുതിയ മാർപാപ്പയെ തന്ന് ആഗോളസഭയെ അനുഗ്രഹിച്ച ദൈവത്തിന്റെ ചൈതന്യം എല്ലാവരിലും സമൃദ്ധമായി വർഷിക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. പുതിയ സാമ്പത്തിക വർഷത്തിലേക്ക് കടന്നിരിക്കുന്ന നമുക്ക് പുത്തൻ ആശയങ്ങളുമായി വിൻസെൻഷ്യൻ പ്രവർത്തനങ്ങൾ പൂർവ്വാധികം ശക്തിയോടും ആത്മസമർപ്പണത്തോടും കൂടി ചെയ്യുന്നതിന് എല്ലാ പ്രവർത്തകർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

## 1. സിസി യോഗം

രൂപതാ സെൻട്രൽ കൗൺസിൽ യോഗം 16-3-2013 ശനിയാഴ്ച രാവിലെ 10 മണിക്ക് ദ്വാരക ഓഫീസിൽ വെച്ച് ആത്മീയോപദേഷ്ടാവ് റവ. ഫാ. ജോർജ്ജ് മേമനയുടെ സാന്നിധ്യത്തിൽ സീനിയർ വൈസ്പ്രസിഡണ്ട് ബ്രദർ ജോണി പാറ്റാനിയുടെ അദ്ധ്യക്ഷതയിൽ നടന്നു. പ്രസ്തുത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ:-

**I.** ആത്മീയോപദേഷ്ടാവ് ബഹു. ജോർജ്ജ് മേമനയച്ചൻ തന്റെ സന്ദേശത്തിൽ പുതിയ മാർപാപ്പയെ സഭയ്ക്ക് കിട്ടിയത് ഏറ്റവും വ്യത്യസ്തമായ രീതിയിലും, ദൈവത്തിന്റെ അദൃശ്യ ഇടപെടലും കാരണമാണ് എന്ന് ഊന്നിപ്പറയുകയുണ്ടായി. അതുപോലെതന്നെ നമ്മുടെ പ്രവർത്തനങ്ങളിലും നാം അറിയാതെ തന്നെ ദൈവത്തിന്റെ അദൃശ്യ കരങ്ങൾ പ്രവർത്തിക്കും, അതിന് പ്രാർത്ഥനയും പ്രവർത്തനവും അനിവാര്യമാണ് എന്ന് ഊന്നിപ്പറയുകയുണ്ടായി.

**II**. ബ്ര. ജോണി പാറ്റാനി തന്റെ അദ്ധ്യക്ഷ സന്ദേശത്തിൽ പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും ഈ നോമ്പുകാലത്തിൽ നമുക്ക് മാറ്റങ്ങൾ കാണിച്ചുതരുന്ന ദൈവത്തിന് നന്ദി അർപ്പിച്ചുകൊണ്ട് എല്ലാ പ്രവർത്തനങ്ങൾക്കും ആശംസകൾ നൽകി.

**III**. വിവിധ ഏസികളുടെയും കോൺഫ്രൻസുകളുടെയും പ്രവർത്തങ്ങൾ വിലയിരുത്തി.

**IV**. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പ്രചാരണ പരിപാടി പൂർവ്വാധികം സജീവമായി തുടരേണ്ടതാണെന്ന് നിർദ്ദേശിച്ചു.

**V**. വിശ്വാസവർഷാചരണത്തിന്റെ ഭാഗമായി ഏസി ഭാരവാഹികൾ കോൺഫ്രൻസുകൾ തോറും സന്ദർശനം നടത്തുകയും നിർജീവമായിരിക്കുന്ന കോൺഫ്രൻസുകളെ സജീവമാക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയും അതിനായി ബഹു. ഇടവക വികാരിയച്ചനുമായി ചർച്ചകൾ നടത്തുവാനും നിർദ്ദേശിച്ചു.

**VI**. പ്രവർത്തനം നിലച്ചുപോയിരുന്ന കോൺഫ്രൻസുകളെ സജീവമാക്കി പ്രവർത്തനം തുടങ്ങുവാൻ മുൻകൈ എടുത്ത എല്ലാ ഏസി ഭാരവാഹികളെയും അനുമോദിച്ചു.

**VII**. എല്ലാ ഭവനങ്ങളിലേക്കും കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം എത്തിക്കാൻ താല്പര്യപ്പെട്ട് മുന്നോട്ടു വന്ന ബത്തേരി ഏസി ഭാരവാഹികളെ അനുമോദിക്കുകയും എല്ലാ ഏസികളും ഇത് മാതൃകയായി സ്വീകരിച്ച് പ്രവർത്തിക്കണമെന്നും ആഹ്വാനം ചെയ്തു.

**VIII**. വനിതകളുടെ ഭവന സന്ദർശന പരിപാടികൾ ഊർജ്ജിതപ്പെടുത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ഒരുക്കുവാൻ നിർദ്ദേശിച്ചു.

**IX**. ഏസി തലത്തിൽ എല്ലാ കോൺഫ്രൻസുകളെയും ഉൾപ്പെടുത്തി സെമിനാറുകൾ നടത്തേണ്ട ആവശ്യകതയെക്കുറിച്ച് ഊന്നിപ്പറയുകയുണ്ടായി.

## സിസി വാർഷികം

**a)** സിസി 35-ാം വാർഷികം 2013 മെയ് 11-ാം തീയതി ശനിയാഴ്ച ഓസ്സാനാം ഭവനിൽ വെച്ച് നടത്താൻ തീരുമാനിച്ചു. വാർഷികാഘോഷത്തിൽ അഭിവന്ദ്യ പിതാവ് വിശിഷ്ടാതിഥിയായി പങ്കെടുക്കും എന്നത് പ്രത്യേകതയാണ്.

**b)** സിസി വാർഷികാഘോഷത്തിലേക്ക് ഓരോ കോൺഫ്രൻസിൽ നിന്നും വിഹിതമായി 200/- രൂപ നിജപ്പെടുത്തി.

**c)** സിസി വാർഷികത്തിൽ റിപ്പോർട്ടുകൾ തയ്യാറാക്കുവാൻ എല്ലാ ഏസി കളുടെയും കോൺഫ്രൻസുകളുടെയും സ്ഥിതി വിവരങ്ങൾ നിർദ്ദിഷ്ട ഫോറത്തിൽ പൂരിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടു.

**3. അഗ്രിഗേഷൻ**

ഏസി തലത്തിലും കോൺഫ്രൻസ് തലത്തിലും അഗ്രിഗേഷൻ ലഭിച്ചിട്ടുള്ള എല്ലാ വിവരങ്ങളും സിസി ഓഫീസിൽ എത്തിക്കുവാൻ നിർദ്ദേശിച്ചു.

**4. വിദേശ കത്തുകൾ**

എല്ലാ ഏസികളും കോൺഫ്രൻസുകളും വിദേശ കോൺഫ്രൻസുകളുമായുള്ള കത്തിടപാടുകൾ നടത്തണമെന്നും ഏതെങ്കിലും കാരണവശാൽ മുടങ്ങിയിട്ടുണ്ടെങ്കിൽ എത്രയും പെട്ടെന്നു പുനഃസ്ഥാപിച്ച് അതിന്റെ കോപ്പികൾ ഏസി മുഖേന സിസി ഓഫീസിൽ എത്തിക്കേണ്ടതാണ്.

**5. ഓസ്സാനാംഭവൻ**

ഓസ്സാനാം ഭവൻ സന്ദർശനം ചില കോൺഫ്രൻസുകളിൽ കുറയുന്നുണ്ട്. ഏസി കോൺഫ്രൻസ് ഭാരവാഹികൾ കൂടുതൽ താല്ര്യത്തോടെ ശ്രദ്ധിക്കുവാനും സന്ദർശനങ്ങളിൽ പങ്കെടുക്കുവാനും അഭ്യർത്ഥിക്കുന്നു.

**6. ഓസ്സാനാം ഭവൻ കെട്ടിട നിർമ്മാണഫണ്ട്**

കേന്ദ്രസർക്കാരിലേക്കയച്ച പ്രൊജക്ട് അപേക്ഷ ചില സാങ്കേതിക കാരണങ്ങളാൽ തടസ്സപ്പെട്ടിരിക്കുകയാണ്. കിടപ്പുരോഗികളുടെ എണ്ണം കൂടുതലായതിനാലും നിലവിലുള്ള സൗകര്യങ്ങൾ കുറവായതിനാലും പുതിയ കെട്ടിട നിർമ്മാണം വളരെ അനിവാര്യമാണ്. ഓസ്സാനാം ഭവന്റെ പുതിയ കെട്ടിട നിർമ്മാണത്തിന് താഴെപ്പറയുന്ന കമ്മിറ്റികൾ രൂപീകരിച്ചു.

**a) ബ്രോഷർ കമ്മിറ്റി**

ബ്രദർ ജിൽസ് എം. മേക്കൽ, ബ്രദർ സണ്ണി ടി.ടി

ബ്രോഷർ എത്രയും പെട്ടെന്ന് തയ്യാറാക്കി സിസി ഓഫീസിൽ എത്തിക്കുവാൻ ചുമതലപ്പെടുത്തി.

**b) ഓസ്സാനാംഭവൻ നിർമ്മാണ കമ്മിറ്റി:**

ഏഴ് അംഗ കമ്മിറ്റി രൂപീകരിച്ചു

| | | |
|---|---|---|
| മുഖ്യ രക്ഷാധികാരി | - | ബിഷപ്പ് മാർ ജോസ് പൊരുന്നേടം |
| സഹരക്ഷാധികാരി | - | റവ. ഫാ. ജോർജ്ജ് മേമന |
| ചെയർമാൻ | - | ബ്രദർ തോമസ് മാങ്ങൻ |
| ജനറൽ കൺവീനർ | - | ബ്രദർ ജോണി പാറ്റാനി |
| ജോ. കൺവീനർ | - | ബ്രദർ ബാബു നമ്പുടാകം |
| സെക്രട്ടറി | - | ബ്രദർ വിൻസെന്റ് വടക്കുംഞ്ചേരി |

ട്രഷറർ - ബ്രദർ ജിൽസ് എം. മേക്കൽ
- ബ്രദർ സണ്ണി ടി. ടി
- ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ

ഓസ്സാനാംഭവൻ കെട്ടിട നിർമ്മാണം തുടക്കമെന്ന നിലയിൽ ഓരോ ഏസിയും ഒരു ലക്ഷം രൂപ വീതം കോൺഫ്രൻസുകളുടെ സജീവ സഹകരണത്തോടെ സ്വരൂപിക്കുവാൻ തീരുമാനിച്ചു. ഓസ്സാനാംഭവന്റെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ ശിലാസ്ഥാപനം സിസി വാർഷികാഘോഷത്തോടനുബന്ധിച്ച് 2013 മെയ് 11-ാം തീയതി നടത്താൻ തീരുമാനിച്ചു.

**7. ഓസ്സാനാംഭവൻ സന്ദർശനം**

**കല്ലോടി ഏസി**

18-4-2013 - സെന്റ് മേരീസ് പുതുശ്ശേരി
20-4-2013 - സെന്റ് ജോർജ്ജ് കല്ലോടി
22-4-2013 - സെന്റ് ആന്റണി കുഞ്ഞോം

**കല്പറ്റ ഏസി**

24-4-2013 - സെന്റ് ക്ലാരറ്റ് ചാരിറ്റി വൈത്തിരി
26-4-2013 - സെന്റ് ജൂഡ് കല്പ്പറ്റ
28-4-2013 - സെന്റ് മേരീസ് കല്പ്പറ്റ
30-4-2013 - സെന്റ് മേരീസ് നെടുമ്പാല
02-5-2013 - സെന്റ് മേരീസ് പുഴമുടി
04-5-2013 - സെന്റ് ജോസഫ് റിപ്പൺ
06-5-2013 - സെന്റ് മേരീസ് വൈത്തിരി (വനിത)
08-5-2013 - സെന്റ് മേരീസ് വൈത്തിരി (പുരു)

**കുറുമ്പാല ഏസി**

10-5-2013 - സെന്റ് സെബാസ്റ്റ്യൻ കുപ്പാടിത്തറ
12-5-2013 - സെന്റ് മേരീസ് കുറുമ്പാല (വനിത)
14-5-2013 - സെന്റ് ജോസഫ് കുറുമ്പാല (പുരു)
16-5-2013 - സെന്റ് അൽഫോൻസ പുതുശ്ശേരിക്കടവ് (വനിത)

എല്ലാവർക്കും ഒരിക്കൽക്കൂടി പ്രാർത്ഥനയോടെ ആശംസകൾ നേർന്നുകൊണ്ട്,

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സിയോൻ വാർത്തകൾ

**സോണൽ മീറ്റിംഗ്**

2013 മാർച്ച് 1 ആദ്യവെള്ളി ഏപ്രിൽ 15–18 വരെ നടക്കുന്ന കൺവെൻഷന്റെ ശുശ്രൂഷകരുടെ ഒരുക്കധ്യാനമായിട്ടാണ് ക്രമീകരിച്ചത്. സിയോൻ ശുശ്രൂഷകർ, സുവിശേഷമുന്നണി, ദമ്പതീകൂട്ടായ്മ, ജീസസ് യൂത്ത് അംഗങ്ങൾ ഉൾപ്പെടെ 150 പേർ പങ്കെടുത്തു. 10 ന് കുരിശിന്റെ വഴി നടത്തി. ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ ശുശ്രൂഷകർക്കുണ്ടായിരിക്കേണ്ട സവിശേഷതകൾ വി. ഗ്രന്ഥത്തിൽ ദാനിയേൽ, ജോയേൽ, ജ്ഞാനം, സുഭാഷിതങ്ങൾ, പ്രഭാഷകൻ, സങ്കീർത്തനങ്ങൾ, വി. ലൂക്കായുടെ സുവിശേഷം, അപ്പസ്തോലപ്രവർത്തനങ്ങൾ തുടങ്ങിയ ഭാഗങ്ങളിൽ നിന്നും ഉദ്ധരിച്ച് ശുശ്രൂഷക്കായി വിളിക്കപ്പെട്ടവരാണ് നാം. ജീവിതത്തിൽ നമുക്കു വ്യത്യസ്തത ഉണ്ടാകണം. ദൈവകൃപനിറഞ്ഞവരും, പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരും, വിശ്വസ്തരും, കുറ്റമറ്റവരും, പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരും, ദൈവത്തിൽ ആശ്രയിക്കുന്നവരും, സ്നേഹത്തിൽ ദൈവത്തോട് ഒട്ടിനിൽക്കുന്നവരും, എളിമയുള്ളവരും, സത്യസന്ധരും വിവേകികളും etc ആയിരിക്കണം എന്ന് ബോധ്യപ്പെടുത്തി. അഹങ്കാരവും വികാരാവേശവും അരുത്, അതീവസാമർത്ഥ്യം കാണിക്കരുത്. കർത്താവിനെ പ്രതിയും അവിടുത്തെ വചനത്തെപ്രതിയും ഉള്ള തീക്ഷ്ണതയോടെ ശുശ്രൂഷ ചെയ്യണം എന്നും ബഹു. അച്ചൻ അനുസ്മരിപ്പിച്ചു.

12.30 ന് ബഹു. മനോജ് കാക്കോനാൽ അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. 1.30–ന് ബഹു. താന്നിയിൽ അച്ചൻ കൺവെൻഷന് ഒരുക്കമായിട്ടുള്ള കാര്യങ്ങൾ അറിയിച്ചു. 1).കൺവെൻഷൻ വിജയത്തിനായി തീക്ഷ്ണമായി പ്രാർത്ഥിക്കുക. 2) ശുശ്രൂഷകർക്കുള്ള അടുത്ത ഒരുക്കധ്യാനം 15–3– ന് 9.30–4.30 pm വരെ. 3) കൺവെൻഷനുവേണ്ടിയുള്ള ജാഗരണ പ്രാർത്ഥന കണിയാരം കത്തീഡ്രലിൽ വച്ച് 22–3 ന് 6 pm – 6 am. എല്ലാവരും പങ്കെടുക്കണം. 4) കൺവെൻഷൻ ചെലവിലേയ്ക്കു സാമ്പത്തിക സഹായം ചെയ്യാൻ കഴിവുള്ളവരെ സമീപിച്ച് സംഭാവന നൽകാൻ പ്രേരിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ അറിയിച്ചു. 2.30–3.30 ആരാധന നടത്തി. 4–ന് സമ്മേളനം അവസാനിച്ചു.

**ജാഗരണ പ്രാർത്ഥന 1–3–13**

ആദ്യവെള്ളിയാഴ്ചകളിൽ പതിവുള്ള ജാഗരണപ്രാർത്ഥന 6.30–ന് ആരംഭിച്ചു. ജപമാല, കുരിശിന്റെ വഴി എന്നിവ വിവിധ നിയോഗങ്ങളുമായി നടത്തി. ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ പരഹാരബലി അർപ്പിച്ചു. 10–12 വരെ ദിവ്യകാരുണ്യനാഥനെ അൾത്താരയിൽ പ്രതിഷ്ഠിച്ചു. 12 മണി വരെയുള്ള പ്രാർത്ഥനയ്ക്ക് ബഹു. അഗസ്റ്റിൻ അച്ചനും സിയോൻ ടീമും നേതൃത്വം നൽകി.

**ആദ്യശനി ഏകദിന കൺവെൻഷൻ 2-3-'13**

6 am ന് ബഹു. ഡയറക്ടറച്ചനോടൊപ്പം ശുശ്രൂഷകർ പരി. അമ്മയുടെ സന്നിധിയിൽ അണഞ്ഞു. പ്രഭാതസമർപ്പണം നടത്തിയ ശേഷം ബഹു. അച്ചൻ സിയോൻ ഓഫീസും ഹാളും പരിസരങ്ങളും വി. ജലം തളിച്ച് വിശുദ്ധീകരിച്ചു. തുടർന്ന് ക്രൂശിതരൂപവും പരി. അമ്മയുടെ തിരുസ്വരൂപവും വഹിച്ചുകൊണ്ട് ജപമാല ചൊല്ലി സിയോൻ ഹാളിലൂടെ നടന്ന് പ്രാർത്ഥിച്ചു. വചനസന്ദേശം തന്ന് ബഹു. അച്ചൻ ശുശ്രൂഷകരെ പ്രബുദ്ധരാക്കി. പ്രാർത്ഥിച്ച്, വി. ജലം തളിച്ച് ശക്തീകരിച്ചു. ഒരുക്കശുശ്രൂഷകൾക്കു ശേഷം 8.45 ന് സ്റ്റേജിൽ സപ്ര, ജപമാല എന്നീ പതിവ് ശുശ്രൂഷകൾ നടത്തി. തുടർന്ന് അനുഭവസാക്ഷ്യമായിരുന്നു. 11-12.15 വരെ ബഹു. ജോണി പെരുമാട്ടിക്കുന്നേൽ അച്ചൻ ഈശോയുടെ സഹന, മരണ, ഉത്ഥാന രഹസ്യങ്ങളെപ്പറ്റി ക്ലാസ്സെടുത്തുകൊണ്ട് വിശ്വാസത്തിന്റെ വെളിച്ചത്തിൽ സഹനങ്ങൾ സ്വീകരിക്കാൻ പ്രചോദനം നൽകി. 12.15 ന് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ വി.ബലി അർപ്പിച്ചു. അഭിഷേക ആരാധനയ്ക്കുശേഷം വി.കുരിശിന്റെ ആശീർവ്വാദത്തോടെ 3.30 ന് ശുശ്രൂഷകൾ അവസാനിച്ചു.

**ദമ്പതീകൂട്ടായ്മ** :- ജപമാലയോടെ കൂട്ടായ്മ ആരംഭിച്ചു. 10.45 ന് കടൽമാട് ഇടവക വികാരി ബഹു. സുനിൽ തെക്കെപ്പെര അച്ചൻ ആദിമ കുടുംബത്തെക്കുറിച്ചും ആദിമ കുടുംബത്തിന്റെ പാപത്തെക്കുറിച്ചും വിശ്വാസപ്രമാണവും ബൈബിളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ക്ലാസ്സെടുത്തു. 12-മണിക്ക് വി. ബലി അർപ്പിച്ചു. ഉച്ചഭക്ഷണശേഷം 1.45 ന് ഗ്രൂപ്പ് ഷെയറിംഗും 2.45 ന് ആരാധനയും നടത്തി. ശ്രീ. തോമസ് നല്ലൂർ ജപമാലയ്ക്കും ആരാധനയ്ക്കും നേതൃത്വം നൽകി. ഗാനശുശ്രൂഷയ്ക്ക് സി. റോഷ്ന SKD നേതൃത്വം നൽകി. 3.30 ന് ബഹു. മൈക്കിൾ വടക്കേമുളഞ്ഞനാൽ അച്ചൻ സമാപനാശീർവ്വാദം നൽകി. ശ്രീ. ജോസഫ് തോട്ടുപുറം സ്വാഗതവും സണ്ണി പേര്യക്കോട്ടിൽ നന്ദിയും പറഞ്ഞു.

**പൊതുകൗൺസിലിംഗ്** :- ആദ്യശനിയാഴ്ച 112 പേർക്കും രണ്ടാംശനിയാഴ്ച 92 പേർക്കും കൗൺസിലിംഗ് നടത്തി. ബഹു. താന്നിയിൽ അച്ചന്റെ നേതൃത്വത്തിൽ കൗൺസിലേഴ്സ് പ്രാർത്ഥിച്ച് ഒരുങ്ങി. ബഹു. മൈക്കിൾ വടക്കേമുളഞ്ഞനാൽ അച്ചനും കൗൺസിലിംഗ് ശുശ്രൂഷയ്ക്ക് ഉണ്ടായിരുന്നു.

**ഒരുക്കധ്യാനം** :- കൺവെൻഷൻ ശുശ്രൂഷകർക്കുള്ള ഒരുക്കധ്യാനം 15-3-2013 ന് സിയോനിൽ നടത്തി. ബഹു. സന്തോഷ് MI അച്ചൻ ധ്യാനം നയിച്ചു. 210 ശുശ്രൂഷകർ പങ്കെടുത്തു.

**സിയോൻ ഏപ്രിൽ മാസത്തിൽ**

| | | |
|---|---|---|
| 5-ാം തീയതി | - | സോണൽ മീറ്റിംഗ് |
| 6-ാം തീയതി | - | ആദ്യശനി |
| 13-ാം തീയതി | - | യുവജനദിനം, പൊതുകൗൺസിലിംഗ് ദമ്പതീകൂട്ടായ്മ |
| 15 മുതൽ 18 വരെ | - | അഭിഷേകാഗ്നി കൺവെൻഷൻ |
| 27-ാം തീയതി | - | സൗഖ്യദിനം |

**ഫാ. അഗസ്റ്റിൻ താന്നിയിൽ** - ഡയറക്ടർ സിയോൻ സി.ആർ.സി.

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**രൂപതാ നേതൃസംഗമം**

അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ രൂപതയിലെ വിവിധ സംഘടനകളുടെ നേതാക്കന്മാരുടെ യോഗം പാസ്റ്ററൽ സെന്ററിൽ ചേർന്നു. സമിതിയെ പ്രതിനിധീകരിച്ച് ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുക്കുന്നേൽ, ആനിമേറ്റർ സി. ജോവിറ്റ, പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ, ടോമി നെടുംകൊമ്പിൽ, വി.സി. രാജു, ബേബി പേടപ്പാട്ട് എന്നിവർ പങ്കെടുത്തു. മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തന റിപ്പോർട്ടും സമിതി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും യോഗത്തിൽ അവതരിപ്പിച്ചു.

**ജനറാളച്ചനോടൊപ്പം**

മാർച്ച് 9 ന് 3.30 pm ന് മാനന്തവാടി രൂപതയുടെ ബഹു. വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേലച്ചന്റെ നേതൃത്വത്തിൽ മദ്യവിരുദ്ധ സമിതിയുടെ രൂപതാ എക്സിക്യൂട്ടീവ് യോഗം ചേർന്നു. സമിതിയുടെ പ്രവർത്തനങ്ങളും പരിമിതികളും മദ്യവിരുദ്ധ സമിതി നേരിടുന്ന പ്രശ്നങ്ങളും യോഗത്തിൽ അവതരിപ്പിച്ചു. അടുത്ത വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ വികാരി ജനറാളച്ചനുമായി പങ്കു വെച്ചു. സമിതിയുടെ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനുള്ള എല്ലാവിധ പിന്തുണയും ജനറാളച്ചൻ വാഗ്ദാനം ചെയ്തു.

**ഇടവക യൂണിറ്റ് രൂപീകരണം**

കെ.സി.ബി.സി. യുടെ നിർദ്ദേശ പ്രകാരം വിശ്വാസവർഷത്തിൽ മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റുകൾ ഇടവകകളിൽ സ്ഥാപിച്ച് പ്രവർത്തനമാരംഭിക്കുവാൻ ആഗ്രഹിക്കുന്നു. ഏപ്രിൽ-മെയ് മാസങ്ങളിൽ ഇടവകകൾ സന്ദർശിക്കുവാൻ തീരുമാനിച്ചു.

**ബോധവൽക്കരണ സെമിനാറുകൾ**

**1. ചുങ്കക്കുന്ന്** - ചുങ്കക്കുന്ന് ഫാത്തിമ മാതാ ദേവാലയത്തിൽ സൺഡേ സ്കൂൾ വിദ്യാർത്ഥികൾക്കായി അർദ്ധദിന സെമിനാർ നടത്തി. വികാരി റവ. ഫാ. തോമസ് മണക്കുന്നേൽ ഉദ്ഘാടനം ചെയ്തു. അസി. വികാരി റവ. ഫാ. ജിനോജ് പാലത്തടത്തിൽ പരിപാടികൾക്ക് നേതൃത്വം നൽകി. രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ്സ് നയിച്ചു.

**2. മുതിരേരി** - ഇടവകയുടെയും SWS ന്റെയും നേതൃത്വത്തിൽ അർദ്ധദിന സെമിനാർ നടത്തി. രൂപതാ ആനിമേറ്റർ സി. ജോവിറ്റ FCC ക്ലാസ്സ് നയിച്ചു.

**3. വൈത്തിരി** - മാർച്ച് 10 ന് വൈത്തിരി സെന്റ് മേരീസ് ഇടവകയിൽ അർദ്ധദിന സെമിനാർ നടത്തി. രാവിലെ 8 മണിക്ക് വി. കുർബാനയോടെ ആരംഭിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ വി. ബലി അർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് 10 മുതൽ 12.30 വരെ

രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ്സ് നയിച്ചു. വളരെ മനോഹരമായ രീതിയിൽ സെമിനാർ ആസൂത്രണം ചെയ്ത ബഹു. ബിനു പൈനുങ്കൽ അച്ചന് ഹൃദയപൂർവ്വം നന്ദി അറിയിക്കട്ടെ.

**രൂപതാ സന്ദർശനം**

സംസ്ഥാന ആനിമേറ്റർ സി. ജോവിറ്റ, ഡയറക്ടർ റവ. ഫാ. ആന്റണി റ്റി. ജെ., എന്നിവർ ഫെബ്രുവരി 7 ന് രൂപതയിൽ സന്ദർശനം നടത്തി.

**ചീപ്പോട്**

ബിവറേജ് കോർപ്പറേഷന്റെ ചീപ്പോടുള്ള ചില്ലറ വിൽപ്പനശാല അടച്ച് പൂട്ടണമെന്നാവശ്യവുമായി നടത്തുന്ന സമരത്തിൽ സംസ്ഥാന ആനിമേറ്റർ സി. ജോവിറ്റ ക്ലാസ്സ് നയിച്ചു.

**സംസ്ഥാന സമിതി**

ഫെബ്രുവരി 1, 2 തീയതികളിൽ നടന്ന സംസ്ഥാന ജനറൽ കൗൺസിൽ യോഗത്തിലും മാർഗ്ഗരേഖാ പ്രകാശന ചടങ്ങിലും സംസ്ഥാന ആനിമേറ്റർ സി. ജോവിറ്റ FFC പങ്കെടുത്തു.

**ചുള്ളിയാന ഇടവക**

മദ്യവിരുദ്ധ മാസാചരണത്തിന്റെ ഭാഗമായി പ്ലേക്കാർഡുകളുമായി റാലി നടത്തി. ലഘുലേഖകൾ വീടുകളിലും കോളനിയിലും വിതരണം ചെയ്തു. ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തു. കുട്ടികൾക്കായി കഥ, കവിതാമത്സരം നടത്തി. 'ലഹരി നുരയുന്ന കൗമാരം' എന്ന പുസ്തകം എല്ലാ കുട്ടികൾക്കും വിതരണം ചെയ്തു. ഓരോ കുട്ടിയും ഇടവകയിലെ ഒരു മദ്യപാനിയെ പ്രാർത്ഥനാ സഹായത്തിനായി തെരഞ്ഞെടുത്തു. എല്ലാ ദിവസവും ആ മദ്യപാനിക്കായി പ്രാർത്ഥിക്കുന്നു.

**യൂണിറ്റ് രൂപീകരിച്ചു**

വൈത്തിരി ഇടവകയിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റ് രൂപീകരിച്ചു. സി. ആൻസി SH ആനിമേറ്ററായും ശ്രീ. കുര്യൻ തോലംമാക്കിൽ പ്രസിഡണ്ടായും ശ്രീമതി അന്നമ്മ പുതിയകുന്നേൽ വൈസ് പ്രസിഡണ്ടായും ശ്രീ. ജോർജ്ജ് പുത്തൻപുരയ്ക്കൽ, ശ്രീമതി ഷിജി മണവാളൻ എന്നിവർ സെക്രട്ടറിമാരായും ശ്രീ. സെബാസ്റ്റ്യൻ കരിമാങ്കുഴി ട്രഷററായും തെരഞ്ഞെടുത്തു. തെരഞ്ഞെടുപ്പിനും യൂണിറ്റ് രൂപീകരണത്തിനും രൂപതാ ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ നേതൃത്വം നൽകി. എല്ലാ സഹകരണവും ചെയ്ത ബഹു. ബിനു പൈനുങ്കലച്ചന് ഹൃദയപൂർവ്വം നന്ദി.

**കരിമ്പിൽ ഇടവക**

കരിമ്പിൽ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ ഏകദിന സെമിനാർ നടത്തി. മാർച്ച് 17 ന് രാവിലെ 7.30 മുതൽ 9.30 വരെ പിതാക്കന്മാർക്കുവേണ്ടിയും 10.30 മുതൽ 12.30 വരെ കുട്ടികൾക്കുവേണ്ടിയും 2.30 മുതൽ 4.30 വരെ മാതൃസംഘത്തിന് വേണ്ടിയുമാണ് സെമിനാർ നടത്തിയത്. രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ സെമിനാറിൽ ക്ലാസ്സ് നയിച്ചു. വളരെ മനോഹരമായ രീതിയിൽ സെമിനാർ ക്രമീകരിച്ച വികാരി പോൾ കൊരണ്ട്യാർകുന്നേലച്ചന് സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.

**ജോൺസൺ തൊഴുത്തുങ്കൽ** - രൂപതാ പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

### സമഗ്ര ആദിവാസി വികസനപദ്ധതി

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കി വരുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി കുഞ്ഞോം കോളനിയിൽ നിർമ്മിച്ച കമ്മ്യൂണിറ്റി ഹാളിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട പട്ടികജാതി യുവജനക്ഷേമ വകുപ്പ് മന്ത്രി കുമാരി പി. കെ. ജയലക്ഷ്മി നിർവ്വഹിച്ചു. തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ബിന്ദു അദ്ധ്യക്ഷത വഹിച്ചു. WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴ യിൽ, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ. എ. പോക്കർ, പഞ്ചാ യത്ത് മെമ്പർ ശ്രീ. ടി. മൊയ്തു, വാർഡ് മെമ്പർ ശ്രീ. പി. ചന്തു, WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി, WSSS ജനറൽ കോർഡിനേറ്റർ ശ്രീ. ജോസ് എള്ളുമന്ദം, കോർഡിനേറ്റർ ശ്രീ. എൻ. ജെ. ചാക്കോ എന്നിവർ സംസാരിച്ചു.

മറാടി കോളനിയിൽ നിർമ്മിച്ച കമ്മ്യൂണിറ്റി ഹാളിന്റെ ഉദ്ഘാടനം തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി റംലാ ജമാലിന്റെ അദ്ധ്യക്ഷതയിൽ വൈസ് പ്രസി ഡണ്ട് ശ്രീ. പി. പോക്കർ, നിർവ്വഹിച്ചു. നബാർഡ് അസി. മാനേജർ ശ്രീ.മഹേശ്വർ, WSSS ജനറൽ കോർഡിനേറ്റർ ശ്രീ. ജോസ് എള്ളുമന്ദം എന്നിവർ സംസാരിച്ചു.

### സന്ദർശിച്ചു

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തൊണ്ടർനാട് ഗ്രാമപ ഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന സമഗ്ര ആദിവാസി വികസന പ്രവർത്ത നങ്ങൾ വിലയിരുത്തുന്നതിന് നബാർഡ് കേരളാ റീജിയണൽ മാനേജർ ശ്രീ. മഹേശ്വർ പദ്ധതി പ്രദേശം സന്ദർശിച്ചു. WSSS നടത്തുന്ന പ്രവർത്തനങ്ങ ളിൽ അദ്ദേഹം സംതൃപ്തി രേഖപ്പെടുത്തി.

### പുതിയ പദ്ധതിക്ക് അംഗീകാരം ലഭിച്ചു

തവിഞ്ഞാൽ, തൊണ്ടർനാട് ഗ്രാമപഞ്ചായത്തുകളിലായി 730 ആദിവാസി കുടുംബങ്ങൾക്ക് വരുന്ന 5 വർഷക്കാലത്തേക്ക് സഹായം ലഭി ക്കത്തക്കവിധമുള്ള മറ്റൊരു ആദിവാസി വികസന പദ്ധതിക്ക് നബാർഡിന്റെ അംഗീകാരം ലഭിച്ചു. നിലവിൽ തൊണ്ടർനാട് പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന വികസന പ്രവർത്തനങ്ങളാണ് ഇവിടെയും വിഭാവനം ചെയ്യുന്നത്.

**നബാർഡ് നീർത്തട വികസന പദ്ധതി**

നബാർഡ് സമഗ്ര നീർത്തട വികസന പദ്ധതിയുടെ ഭാഗമായി അയനി വയൽ, പൊർളോം, നെല്ലേരി നീർത്തട പ്രദേശത്തെ സ്വാശ്രയസംഘം ഭാര വാഹികൾക്കുവേണ്ടി പൂക്കോട് വെറ്റിനറി സർവ്വകലാശാലയിലേക്ക് പഠന യാത്ര നടത്തി. പഠനയാത്രയിൽ 180 നീർത്തട പ്രദേശവാസികൾ പങ്കെടുത്തു.

പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി, ബത്തേരി സർക്കാർ ഗസ്റ്റ് ഹൗസിൽ നടന്ന, അവലോകന യോഗത്തിൽ WSSS ജനറൽ കോഡിനേറ്റർ ശ്രീ. ജോസ് എള്ളുമന്ദം പങ്കെടുത്തു.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പദ്ധതിയുടെ ആഭിമുഖ്യത്തിൽ ഗുണഭോക്താ ക്കളായ കുടുംബങ്ങളുടെ 'കുടുംബസംഗമം' ഫെബ്രുവരി രണ്ടാംതീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുകയുണ്ടായി. മാർ ജോസ് പൊരു ന്നേടം പിതാവ് അദ്ധ്യക്ഷനായിരുന്ന ചടങ്ങിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് സംസ്ഥാന വനിതാ കമ്മീഷൻ അദ്ധ്യക്ഷ ശ്രീമതി റോസക്കുട്ടി ടീച്ചർ ആയി രുന്നു. രൂപതാ വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ, WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ, ജോയിന്റ് ഡയറക്ടർ റവ. ഫാ. കറുകപ്പള്ളി, SAFP Indian പ്രോഗ്രാം ഓഫീസർ ശ്രീ. ജോസ് വരേക്കുളം, WSSS പ്രോഗ്രാം ഓഫീസർ ശ്രീ. ഒ. പി. അബ്രാഹം എന്നിവർ ആശംസ കൾ അർപ്പിച്ചു. സേവ് എ ഫാമിലിയുടെ നിലവിലുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനായി WSSS ഓഡിറ്റോറിയത്തിൽ വെച്ച് 'സ്പോൺസേഴ്സ് മീറ്റിംഗ്' സംഘടിപ്പിച്ചു. ഫെബ്രുവരി 4 ന് നടത്തിയ പ്രസ്തുത മീറ്റിംഗിൽ SAFP യുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും സ്പോൺസേഴ്സ് അവ രുടെ നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുകയും ചെയ്തു.

**ദേശീയ ബയോഗ്യാസ് വികസന പദ്ധതി**

കണിയാരം, പാക്കം, അമലാനഗർ, കൊയിലേരി എന്നിവിടങ്ങളിൽ നാല് പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും മൂന്ന് പ്ലാന്റുകൾ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. കമ്മീഷൻ ചെയ്ത പ്ലാന്റുകളുടെ സബ്സിഡി ലഭിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ ചെയ്തു.

**'വോഫ' പ്രവർത്തനങ്ങൾ**

'വോഫ' യുടെ ആഭിമുഖ്യത്തിൽ ഫെയർട്രേഡ് കർഷകരുടെ ഒരു സെമിനാർ ഫെബ്രുവരി 17-ാം തീയതി WSSS ൽ വെച്ച് സംഘടിപ്പിക്കുക യുണ്ടായി. പ്രസ്തുത മീറ്റിംഗിൽ വോഫ ചെയർമാൻ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ, ഏഷ്യൻ ഫെയർ ട്രേഡ് ലെയ്സൺ ഓഫീസർ, ശ്രീ. രാജു ഗണപതി, WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി തുടങ്ങിയവർ സന്നിഹിതരായിരുന്നു. 85 അംഗങ്ങൾ പങ്കെടുത്തു.

**സോഷ്യൽ വെൽഫയർ സൊസൈറ്റി**

**വനിതാ സ്വാശ്രയസംഘ രൂപീകരണം**

കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ നിർദ്ദേശാനുസരണം NABARD ന്റെയും കാനറാ ബാങ്കിന്റെയും സഹായത്തോടെ വയനാട് സോഷ്യൽ

സർവ്വീസ് സൊസൈറ്റി ജില്ലയിൽ നടപ്പിലാക്കിവരുന്ന വനിതാ സ്വാശ്രയ സംഘ രൂപീകരണ നടപടികൾ അവസാനഘട്ടത്തിൽ എത്തിനിൽക്കുന്നു. 500 വനിതാ സംഘങ്ങൾ ഇതിനോടകം ബാങ്ക് അക്കൗണ്ട് ആരംഭിച്ചു കഴി ഞ്ഞു. സ്വയം തൊഴിൽ പദ്ധതികൾ കണ്ടെത്തുന്നതിനും പദ്ധതിരേഖ തയ്യാ റാക്കുന്നതിനുമുള്ള പരിശീലനങ്ങൾ നാല് മേഖലകളിൽ പൂർത്തിയാക്കി. വിവിധയിനം Skill Training കൾ ഇതിനോടനുബന്ധിച്ച് നടത്തി.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ഡയറക്ടർ

---

# കേരള ലേബർ മൂവ്മെന്റ് (KLM)

കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ ഫെബ്രുവരി മാസം നടത്തിയ പ്രധാന പ്രവർത്തനങ്ങൾ.

ഫെബ്രുവരി മാസത്തിൽ പുതിയ 54 അംഗങ്ങളെ കൂടി KLM ക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തി. KLM ന്റെ എക്സിക്യൂട്ടീവ് മീറ്റിംഗ് WSSS ഓഡി റ്റോറിയത്തിൽ വച്ച് ചേരുകയും കൂടുതൽ ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടത്തേണ്ടതിനെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

KLM പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വാളവയൽ ഇടവകയിൽ വച്ച് ബോധവൽക്കരണ സെമിനാർ നടത്തുകയും സുരക്ഷാ, ക്ഷേമപദ്ധതികളെപ്പറ്റി വിവരിക്കുകയും ചെയ്തു. പ്രസ്തുത യോഗ ത്തിൽ റവ. ഫാ. ബിജോ കറുകപ്പള്ളി (KLM മാനന്തവാടി രൂപത ഡയറക്ടർ) ശ്രീമതി മിനി ഉണ്ണികൃഷ്ണൻ, ശ്രീമതി ഷീന ആന്റണി തുടങ്ങിയവർ പങ്കെ ടുത്തു.

**രൂപതാ കമ്മിറ്റി രൂപീകരിച്ചു**

ശ്രീ. ബിജു പോൾ (പ്രസിഡണ്ട്), ശ്രീമതി സിസിലി മാത്യു (വൈസ് പ്രസിഡണ്ട്), ശ്രീമതി ആലീസ് സിസിൽ (ജനറൽ സെക്രട്ടറി), ശ്രീ. ബിജു മരോട്ടിമുട്ടിൽ (ജോ. സെക്രട്ടറി), ശ്രീ. രാജു മൈക്കിൾ വണ്ടന്നൂർ, ശ്രീ. ബാബു ഇഞ്ചനാൽ, ശ്രീ. ചാക്കോ ചെറുപ്ലാവിൽ, ശ്രീ. ജോയി മേപ്പാടൻ, ശ്രീ. തോമസ് വർക്കി (എക്സി. മെമ്പേഴ്സ്) എന്നിവർ KLM മാനന്തവാടി രൂപതാ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടു.

രൂപതയിൽ വനിതാ ഫോറം ശക്തമാക്കുന്നതിന്റെ ഭാഗമായി ഏഴംഗ വനിതാ ഫോറം രൂപീകരിച്ചു. ശ്രീമതി ഷീന ആന്റണി കൺവീനറും, ശ്രീമതി റെജീന മാത്യു, ശ്രീമതി ചിന്നമ്മ മറ്റമന, ശ്രീമതി സാലി പുതിയിടം, ശ്രീമതി ജെസ്സി പൂവ്വത്തിങ്കൽ, ശ്രീമതി റീത്താമ്മ, ശ്രീമതി സുജ ജോയി എക്സി. മെമ്പേഴ്സായും ഐക്യകണ്ഠേന തെരഞ്ഞെടുക്കപ്പെട്ടു.

**ഫാ. ബിജോ കറുകപ്പള്ളി**
KLM ഡയറക്ടർ

# Mary Matha arts & science college

**Tidings from March 2013:**

- Winners in the Kannur Univ. Arts Festival 2013, Ms Alna Maria Isaac & Ms Nayanthara Rajeev (II with A Grade, Debate in English), Ms Sruthi Mohan (III with A Grade in both Carnatic and Light Music), Ms Panchami A. (II with A Grade in Aksharaslokam), Mr Harimurali Devadass (II with A Grade in Flute) were felicitated on the 7 March.
- Tincy Jose of III B Com has been appreciated by the District Collector for her dedicated service as Student Electoral Roll Ambassador in preparation for the forthcoming Parliamentary Elections 2014.
- An Exam Clinic was held on 7 March to instruct the students on the smooth conduct of the the forthcoming Univ. Examinations.
- Sri Jossymon Joseph, Guest Faculty in English has cleared the NET (National Eligibility Test).
- Ms Latha N.P., Research Scholar in Zoology has been to the National Institute of Mental Health and Neuro Sciences, Bangalore in February for Lab related work.
- Sri Sabu O. J., Asst Prof. of Computer Science attended the Pass Board Meeting of B Sc Computer Science at the Kannur Univ. on 27 February.
- Ms Ramya Krishnan, Asst Prof. of Commerce attended the National Seminar on Dynamism of Capital Market, Equities and Derivatives at the Govt College, Kalpetta on 27 February.
- Dr Rajeev Thomas, NCC Officer invigilated in the NCC B Certificate Examination.
- Dr Rakesh Kalia, Associate Prof. of Hindi led a Session on How to Face an Interview at the Equal Opportunity Centre, Govt College, Mananthavady on 19 March.
- Dr P.K. Prasadan is nominated to the Managing Committee of Radio Mattoli by the Chairman of the Community Radio, Rev. Msgr Mathew Madappallikkunnel.
- The Principal is nominated to the Diocesan Pastoral Council.
- Dr Sudha Devi, along with the Research Scholar Ms Smija M K, Research Scholar of Zoology attended the Workshop for Water Quality Analysis conducted by the Communication and Capacity Development

Unit (CCDU), Govt of Kerala, Trivandrum on 23 February. With the Water Quality Analysis Kit and a Grant of Rs. 25,000/- for analysing 100 drinking water samples, the Zoology Research Centre undertook a marathon analysis of the drinking water samples of the wells in and around Mananthavady, and have forwarded a Project for extending the analysis to the whole of Wayanad District.

- Ms Smija, Research Scholar of Zoology presented a Paper on the Crabs' Y Organ in the National Seminar on Emerging Trends in Indian Acqua Culture at the Dept of Acquatic Bio Technology, Univ. Of Kerala, 20-23 March.
- Ms Ashly, Administrative Staff, won the Individual Championship in the Mathrusangamam of the Diocese of Mananthavady.
- The General Body of the College Cooperative Store met on 21 March and have approved Annual Report with a Sales Turn Out of Rs. 7,47,314 for the Year 2012-'13.
- The Annual Day of both the NCC & NSS were held on Friday, 15 March.
- The Dept of Commerce organized a Workshop on Financial Planning for Young Investors in Mid March with the assistance of SEBI, Chennai.
- The Board of Governors of the College met on 16 March and approved the Reaccreditation Report of the College to be submitted to the National Assessment and Accreditation Council, Bangalore. The persevering work led by the IQAC Team coordinated by Dr P.K. Prasadan and Dr Joseph K. Job was appreciated by the BOG.
- The Patron, Rt Rev. Dr Jose Porunnedom addressed both the Parents and the Staff on the Challenges and Prospects of Value Based Education on 16 March. He also presented the Dr Tharsis Joseph (Former General Secretary, the Council of Principals of Colleges in Kerala and NAAC Peer Team Member) Foundation Award for the Best Principal in Kerala 2013 to the Principal.
- Smt K.C. Rosakkutty, the honourable Chairperson of the Women's Commission has been the Guest of Honour for the Annual Day on Friday, 22 March.
- With the Common Farewell Program in honour of the Outgoing Batches, the College will close for the Mid Summer Vacation. The Univ. Examinations will begin immediately after the Easter.
- Construction of the Indoor & Outdoor Stadium, Indoor Stage, and the New Block on combined UGC Projects and partially funded by the Management is nearing completion, thanks to the efficient coordination of the Building Committee by the Manager, Rev. Fr Chandy Punakkattu.

**Dr. Raju George -** Principal

**കമ്മ്യൂണിറ്റി റേഡിയോ ബോധവത്കരണ പരിപാടി**

കേരള, തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ളവർക്കായി കമ്മ്യൂണിറ്റി റേഡിയോ ബോധവത്കരണ പരിപാടി ഫെബ്രുവരി 16 മുതൽ 18 വരെ ഊട്ടിയിൽ വെച്ച് നടന്നു. വാർത്താവിതരണ മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ കമ്മ്യൂണിറ്റി റേഡിയോ അസ്സോസ്സിയേഷൻ ഓഫ് ഇന്ത്യയാണ് ഇതിന് നേതൃത്വം നൽകിയത്. സാമൂഹിക മാറ്റത്തിന് കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷനുകൾ ശക്തമായ മാധ്യമമാകുമെന്ന് കേന്ദ്ര വാർത്താവിതരണ മന്ത്രാലയം ജോയിന്റ് സെക്രട്ടറി സുപ്രിയാ സാഹു പറഞ്ഞു. മാറ്റൊലി ഇതിനൊരു മാതൃകയാണെന്ന് അവർ ചൂണ്ടിക്കാട്ടി. അസ്സോസിയേഷന്റെ ദേശീയ ഉപാദ്ധ്യക്ഷൻകൂടിയായ ഫാ.തോമസ് ജോസഫ് തേരകം പരിപാടികൾക്ക് നേതൃത്വം നല്കി.

**മാനേജ്മെന്റ് കമ്മിറ്റി**

വയനാടൻ ജനതയുടെ വിവിധ വിഭാഗങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി റേഡിയോ മാറ്റൊലിയുടെ മാനേജ്മെന്റ് കമ്മിറ്റി നിലവിൽ വന്നു. ജനുവരി 2013 മുതൽ ഡിസംബർ 2014 വരെ രണ്ടു വർഷമാണ് പുതിയ കമ്മിറ്റിയുടെ കാലാവധി. പ്രഥമ യോഗം ഫെബ്രുവരി 26-ാം തീയതി രക്ഷാധികാരി മാർ ജോസ് പൊരുന്നേടത്തിന്റെ അദ്ധ്യക്ഷതയിൽ നടന്നു. 25 അംഗങ്ങളാണ് കമ്മിറ്റിയിലുള്ളത്.

**വനിതാദിനം: തെരുവോര തലവാചക രചനാ മത്സരം**

അന്താരാഷ്ട്ര വനിതാ ദിനാഘോഷത്തിന്റെ ഭാഗമായി റേഡിയോ മാറ്റൊലിയും ഗുരുകുലം കോളേജും സംയുക്തമായി ദ്വാരകയിൽ സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട തലവാചക രചനാ മത്സരം നടത്തി. 'സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കാൻ സമയമായി' എന്ന ഈ വർഷത്തെ അന്താരാഷ്ട്ര വനിതാദിന സന്ദേശത്തെ ആസ്പദമാക്കിയായിരുന്നു മത്സരം. മത്സരത്തിൽ വിദ്യാർത്ഥികളും പൊതു ജനങ്ങളുമായി 70 പേർ പങ്കെടുത്തു. പരിപാടിയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് അംഗം ഉഷാ വിജയൻ നിർവ്വഹിച്ചു. വാർഡ് മെമ്പർ റ്റി. മമ്മുട്ടി ആശംസകൾ നേർന്നു. റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ. തോമസ് ജോസഫ് തേരകം സ്വാഗതവും, ഗുരുകുലം കോളേജ് പ്രിൻസിപ്പാൾ ഷാജൻ ജോസ് നന്ദിയും പറഞ്ഞു. തലവാചക മത്സരത്തിൽ ഏറ്റവും നല്ല 10 രചനകൾ കാഷ് പ്രൈസ്സിനായി തെരഞ്ഞെടുക്കപ്പെട്ടു.

ആര്യശ്രീ എ. വി., നികേഷ് കെ. പി., നിഖിൽ സി.എസ്., ഷീജ രാഘവൻ, ഷാജൻ ജോസ്, അഷ്ക്കർ അലി, രജിത രാജേന്ദ്രൻ, ഷർമിന സി.കെ., സുഹൈല ടി., നർജില എന്നിവർ കാഷ് പ്രൈസിന് അർഹരായി.

**സെമിനാർ**

ഇന്ത്യയിലെ വിവിധ ബാങ്കുകളുടെ ഉന്നത ഉദ്യോഗസ്ഥർക്കു വേണ്ടി 'സാമ്പത്തിക സാക്ഷരത യാഥാർത്ഥ്യമാക്കുന്നതിൽ ബാങ്കുകളുടെ പങ്ക്' എന്ന വിഷയത്തിൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ സംഘടിപ്പിച്ച സെമിനാറിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. തോമസ് ജോസഫ് തേരകം എക്സ്പേർട്ട് പാനൽ അംഗമായി പങ്കെടുക്കുകയും മാറ്റൊലിയിലൂടെ പ്രക്ഷേപണം ചെയ്യുന്ന സാമ്പത്തിക സാക്ഷരതാ പരിപാടികളെക്കുറിച്ച് വിശദീകരണം നൽകുകയും ചെയ്തു.

**ഓറിയന്റേഷൻ പ്രോഗ്രാം**

കമ്മ്യൂണിറ്റി റേഡിയോ തുടങ്ങുന്നതിനുള്ള പ്രാരംഭ പരിശീലനത്തിനായി വിവിധ സംഘടനകളിൽ നിന്നും ഏജൻസികളിൽ നിന്നുമുള്ള പ്രവർത്തകർ മാറ്റൊലിയിൽ എത്തുന്നുണ്ട്. പാലക്കാട് അഹല്യ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന കമ്മ്യൂണിറ്റി റേഡിയോയിലെ അംഗങ്ങൾക്കുള്ള ഓറിയന്റേഷൻ പ്രോഗ്രാമിന് മാറ്റൊലി അസി. ഡയറക്ടർമാരായ ഫാ. ജെയ്സ് ബേബിയും ഫാ. ജോസ് കാവുങ്കലും നേതൃത്വം നൽകി.

**ഫോണിൽ വിളിച്ചു; മന്ത്രി വിളി കേട്ടു**

റേഡിയോ മാറ്റൊലിയിൽ മാർച്ച് 10-ാം തീയതി നടന്ന തത്സമയ ഫോൺ - ഇൻ - പരിപാടിയിൽ പങ്കെടുത്ത മന്ത്രി ജയലക്ഷ്മിയെയാണ് ശ്രീമതി ഷീജ ഫോണിൽ വിളിച്ചത്. പുതിയിടം എൽ.പി. സ്കൂൾ മദർ പി.റ്റി.എ പ്രസിഡണ്ട് എന്ന നിലയിൽ കേവലം 61 കുട്ടികൾ മാത്രം പഠിക്കുന്ന സ്കൂളിലെ പിഞ്ചോമനകൾക്ക് കമ്പ്യൂട്ടർ ലോകത്തേക്ക് കുഞ്ഞിക്കാലുകൾ വെക്കാൻ രണ്ടു കമ്പ്യൂട്ടറുകൾ അനുവദിക്കണം എന്നായിരുന്നു ഷീജയുടെ ആവശ്യം. കാര്യങ്ങൾ ശ്രദ്ധാപൂർവ്വം കേട്ട മന്ത്രി സ്കൂളിന്റെ വിശദാംശങ്ങൾ ചോദിച്ചു മനസ്സിലാക്കി രണ്ട് കമ്പ്യൂട്ടറുകൾ വാഗ്ദാനം ചെയ്തു. മാനന്തവാടിക്കടുത്ത് മുള്ളന്തറ കോളനിയിലെ ശ്മശാന ഭൂമിക്ക് ചുറ്റുമതിൽ കെട്ടാനാവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് അവിടെനിന്നും ലഭിച്ച ഫോൺ കോളിനുള്ള മറുപടിയിൽ മന്ത്രി ഉറപ്പു നൽകി. വരദൂർ ആദിവാസി കോളനിയിലെ മൂന്നു പേർക്ക് സർക്കാർ പതിച്ചു നൽകിയ നാലു സെന്റ് ഭൂമിയിൽ വയൽ പ്രദേശമായതിന്റെ പേരിൽ വീടു വെക്കാൻ സഹായധനം നിഷേധിച്ച പഞ്ചായത്ത് നടപടിയിൽ, പ്രദേശവാസിയായ പൊതു പ്രവർത്തകന്റെ പരാതി ഫോണിൽ ശ്രവിച്ച മന്ത്രി പ്രശ്ന പരിഹാരത്തിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കാമെന്ന് അറിയിച്ചു. റേഡിയോ മാറ്റൊലിയിൽ നടക്കുന്ന ഫോൺ - ഇൻ - പരിപാടികളിലൂടെ ജനങ്ങളുടെ നിരവധി നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരങ്ങളുണ്ടാകാറുണ്ട്.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

# CHRISTIAN CIVIC SERVICE SOCIETY (CCSS)

## ക്രിസ്റ്റ്യൻ സിവിക് സർവ്വീസ് സൊസൈറ്റി നിവേദനം നൽകി

കേന്ദ്ര സംസ്ഥാന സർക്കാറുകൾ നടപ്പിലാക്കുന്ന ന്യൂനപക്ഷ ക്ഷേമ പദ്ധതികളിൽ ക്രൈസ്തവ പങ്കാളിത്തം ഉറപ്പാക്കാതെയും അവഗണനയോടെയുമുള്ള നീക്കങ്ങൾ അവസാനിപ്പിക്കണമെന്നും അർഹമായ പ്രാതിനിധ്യം എല്ലാ പദ്ധതികളിലും എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും ഉറപ്പു വരുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ന്യൂനപക്ഷക്ഷേമ മന്ത്രി ശ്രീ. മഞ്ഞളാംകുഴി അലിക്ക് സിസിഎസ്എസ്, സിസിഎഫ് ഭാരവാഹികളായ റവ. ഫാ. ജോസ് പുളിക്കത്തറ, ശ്രീ. സാലു അബ്രാഹം, അഡ്വ. ജോസ് തേരകം, ശ്രീ. ജേക്കബ് ജോസഫ്, ശ്രീ. ജോസഫ് പ്ലേറ്റോ എന്നിവർ ചേർന്ന് നിവേദനം നൽകി.

## വയനാട്ടിലെ കത്തോലിക്കാ രൂപതകളുടെ വിശ്വാസവർഷ സംയുക്ത സമ്മേളനവും റാലിയും നവംബറിൽ

വയനാട്ടിൽ സാന്നിദ്ധ്യമുള്ള നാലു കത്തോലിക്കാ രൂപതകൾ സംയുക്തമായി വിശ്വാസ വർഷത്തോടനുബന്ധിച്ച് വിശ്വാസ പ്രഘോഷണ റാലിയും, സമ്മേളനവും നടത്തുവാനും, ആഗസ്റ്റ് 25-ന് കാണ്ഠമാൽ ദിനം - ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷി ദിനമായി - ആചരിക്കുവാനും ദ്വാരകയിൽ ചേർന്ന വിവിധ കത്തോലിക്കാ രൂപതകളിലെ അഭിവന്ദ്യ പിതാക്കന്മാരുടെയും വൈദികരുടെയും മേജർ സുപ്പീരിയേഴ്സിന്റെയും സംയുക്ത സമ്മേളനം നിർദ്ദേശിച്ചു.

## കൽപ്പറ്റയിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സൗജന്യ എൻട്രൻസ് പരിശീലന കേന്ദ്രം ആരംഭിച്ചു.

വയനാട് ജില്ലയിൽ സംസ്ഥാന സർക്കാർ ആരംഭിച്ച ന്യൂനപക്ഷ സൗജന്യ പരിശീലന കേന്ദ്രം കൽപറ്റ പഴയ ബസ്സ്റ്റാൻഡ് പരിസരത്ത് ആരംഭിച്ചു. 40 പേരടങ്ങുന്ന ഒരു ബാച്ചിന് 500 മണിക്കൂർ നീളുന്ന (ആറ് മാസക്കാലം) പരിശീലനം കേന്ദ്രത്തിൽനിന്ന് സൗജന്യമായി ലഭിക്കും. ഉദ്യോഗസ്ഥർക്ക് ജോലിക്കയറ്റത്തിനും മറ്റ് ഉന്നത ജോലി ലഭിക്കാനും സഹായിക്കുന്ന 200 മണിക്കൂർ (ശനി, ഞായർ) ദൈർഘ്യമുള്ള പരിശീലനവും കേന്ദ്രത്തിൽ നിന്ന് ലഭിക്കും. പ്ലസ് ടു പാസായ ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട ആർക്കും പരിശീലനത്തിന് അപേക്ഷിക്കാം. മാർക്കിന്റെ അടിസ്ഥാനത്തിലാണ്

തിരഞ്ഞെടുപ്പ്. രാവിലെ 10 മുതൽ നാല് മണി വരെയാണ് പരിശീലനം. പി.എസ്.സി., യു.പി.എസ്.സി., ബാങ്കിങ്, നെറ്റ്, സെറ്റ്, ടെറ്റ് പരീക്ഷാ പരിശീലനങ്ങൾ തുടങ്ങി സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്കുംവരെ ആവശ്യമായ പരിശീലനം കേന്ദ്രത്തിൽ നിന്ന് ലഭിക്കും.

**ഫാ. ബാബു മാപ്ലശേരി**
സെക്രട്ടറി CCSS

---

# *മീഡിയാ കമ്മീഷൻ*

ദൈവപുത്രന്റെ ത്യാഗസ്മരണകളുടെ പുണ്യവഴികളിലൂടെ ഒരു തീർത്ഥാടനമായി വലിയ ആഴ്ചയോടനുബന്ധിച്ച് 'വിശുദ്ധവാരം' എന്ന പേരിൽ മാനന്തവാടി രൂപത മീഡിയാ കമ്മീഷൻ തയ്യാറാക്കിയ ടെലിവിഷൻ പ്രോഗ്രാം ഓശാന മുതൽ ഉയിർപ്പുവരെയുള്ള ദിവസങ്ങളിൽ രാവിലെയും വൈകുന്നേരവും മലനാട്, വയനാട് വിഷൻ ചാനലുകളിൽ സംപ്രേഷണം ചെയ്തു. ഏറെ ജനശ്രദ്ധയാകർഷിച്ച പ്രസ്തുത പ്രോഗ്രാമിനോട് സഹകരിച്ച അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം, അഭിവന്ദ്യ സഖറിയാസ് മാർ പീലക്സിനോസ് പിതാക്കന്മാരോടും, ബഹു. വൈദീകരോടും എസ്.കെ.ഡി., സി.എം.സി. സിസ്റ്റേഴ്സ്, വിവിധ ഇടവകാംഗങ്ങൾ, മീഡിയാ കമ്മീഷൻ ടീമംഗങ്ങൾ, ഫോട്ടോഗ്രാഫിയും എഡിറ്റിങ്ങും നിർവ്വഹിച്ച ശ്രീ. ക്ലീറ്റസ് മാനിക്കൽ, മലനാട്, വയനാട് വിഷൻ ചാനൽ പ്രവർത്തകർ എല്ലാവർക്കും പ്രത്യേകം നന്ദി.

**ഫാ. ബാബു മാപ്ലശേരി**
ഡയറക്ടർ, മീഡിയാ കമ്മീഷൻ
Ph. 9447545460, 9544256990, 04936-289042
Email: frbabum@gmail.com,
mediacommissionmananthavady@gmail.com
മീഡിയാ കമ്മീഷൻ - 04935-240066
ചരിത്രകമ്മിറ്റി ഓഫീസ് - 8943600554



# അറിയിപ്പുകൾ

## 1) ക്രിസ്തുദാസി സമൂഹത്തിന് റീജനുകൾ

'ഇതാ കർത്താവിന്റെ ദാസി' എന്ന പരി. അമ്മയുടെ പ്രത്യുത്തരം ആപ്തവാക്യമായും, ക്രിസ്തുവിനോടുള്ള ദാസ്യം (ഫിലി.3:6-7) കാരിസമായും സ്വീകരിച്ച് 1977-ൽ മാനന്തവാടി രൂപതയിൽ മാർ ജേക്കബ് തൂങ്കുഴി പിതാവിനാൽ സ്ഥാപിതമായ ക്രിസ്തുദാസി സമൂഹം ദൈവകൃപയാലും ദൈവനിയോഗത്താലും അനേകരുടെ സഹായസഹകരണത്താലും വളർന്നുകൊണ്ടിരിക്കുന്നു എന്നത് നന്ദിയോടെ അറിയിക്കുന്നു. 2006 മാർച്ച് 25-ാം തീയതി സീറോ മലബാർ സഭയുടെ ശ്രേഷ്ഠമെത്രാപ്പോലീത്ത കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ ക്രിസ്തുദാസി സമൂഹത്തിന് ശ്രേഷ്ഠമെത്രാപ്പോലീത്തൻ പദവി നൽകി അംഗീകരിച്ചു.

2003 മുതൽ സമൂഹത്തിന്റെ വളർച്ചക്കും, ഭരണസൗകര്യത്തിനുമായി 3 Region കളായി സമൂഹം പ്രവർത്തിച്ചു പോരുകയായിരുന്നു. 2012 ഏപ്രിൽ 21-28 ക്രിസ്തുദാസി ജനറലേറ്റിൽവച്ച് നടത്തിയ ജനറൽ സിനാക്സിസിൽ, രൂപതാടിസ്ഥാനത്തിൽ option നോടുകൂടി 3 Region - കളായി തിരിയാൻ ഔദ്യോഗികമായി തീരുമാനമെടുക്കുകയും, തദനുസാരം Major Archbishop George Cardinal Alencherry-ക്ക് സമർപ്പിച്ച അപേക്ഷ അംഗീകരിക്കുകയും ചെയ്തിരിക്കുന്നു. 2013 മാർച്ച് 25 ലെ മംഗളവാർത്ത തിരുനാൾ ദിനത്തിൽ option അനുസരിച്ച് 3 റീജനുകൾ പ്രാബല്യത്തിൽ വരികയാണ്. റീജനുകൾ താഴെ പറയുന്നവയാണ്.

| Name of the region | Regional House & Address |
|---|---|
| 1. Mary Matha Region, Mananthavady | Little Flower Convent, Kammana<br>Kammana P.O., Mananthavady - 670645<br>Ph: 04935 - 244585 |

2. St. Joseph's Region, Thalassery — Kristudasi Convent, Kallumutty
Iritty - 670703, Ph: 0490 - 2492474

3. St. Mary's Region, Thrissur — Kristudasi Convent, Kozhukully
Kozhukully P.O., Nadathara - 680 752
Ph: 0487-2315186

തുടർന്നും സഹായസഹകരണവും പ്രാർത്ഥനകളും അഭ്യർത്ഥിച്ചു കൊണ്ട്,

**സി. ക്രിസ്റ്റീന എസ്.കെ.ഡി.** – സി. ജനറൽ

• • •

## 2) കോസ്മോ പ്രിൽഗ്രിമേജ് (വിശ്വതീർത്ഥാടനം) ഒരുക്കുന്ന 14-ാം വർഷത്തെ വിശുദ്ധയാത്രകൾ

വിശ്വാസവർഷം പ്രമാണിച്ച് 2013-ൽ വിവിധങ്ങളായിട്ടുള്ള പ്രത്യേക തീർത്ഥയാത്രകൾ ഒരുക്കിയിരിക്കുന്നു.

**കോസ്മോ പിൽഗ്രിമേജ് 2013 ലെ തീർത്ഥയാത്രകൾ**

1. വചനം മാംസമായ യേശുവിന്റെ പാദസ്പർശനമേറ്റ് പരിപാവനമായ ഇസ്രായേൽ, ഈജിപ്ത്, ജോർദ്ദാൻ, പാലസ്തീന തുടങ്ങിയ പുണ്യസ്ഥലങ്ങൾ 2013 ഏപ്രിൽ മാസത്തിൽ. വൈദികർക്കായി ജൂൺ മാസത്തിൽ പ്രത്യേക തീർത്ഥാടനം ഒരുക്കിയിരിക്കുന്നു.
2. യു.എസ്.എ. ഓഗസ്റ്റ് – സെപ്റ്റംബർ മാസങ്ങളിൽ.
3. സ്വിറ്റ്സർലാന്റ്, ഫ്രാൻസ്, സ്പെയിൻ, ഇറ്റലി, വത്തിക്കാൻ, ജർമ്മനി, ബൽജിയം തുടങ്ങിയ ഏഴ് രാജ്യങ്ങളിലേയ്ക്ക് ഒക്ടോബർ - നവംബർ മാസങ്ങളിൽ.

ഈ തീർത്ഥയാത്രകളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ഉടനെ ബന്ധപ്പെടുക.

ഫാ. വിൻസെന്റ് പുതുശ്ശേരി, സെന്റ് ആന്റണീസ് ചർച്ച് പഴൂർ
ചീരാൽ പി.ഒ., വയനാട് – 673 595, ഫോൺ: 09388431601, 04936-262741
E-mail: vincentpudussery@gmail.com, Web: www. cosmopilgrimage.com

• • •

## 3) എമ്മാവൂസ്‌വില്ല സ്പെഷ്യൽ സ്കൂളിൽ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

മലബാർ മിഷനറി ബ്രദേഴ്സ്, സന്യാസ സമൂഹത്തിന്റെ മാനന്തവാടി രൂപതയിൽ തോണിച്ചാലിലുള്ള എമ്മാവൂസ്‌വില്ല സ്പെഷ്യൽ സ്കൂളിൽ 2013-2014 അധ്യയനവർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് : Bro. Franco Kannampuzha
Manager, Emmaus Villa, Special School
Tonichal, Nalloornad P.O., Mananthavady
Ph: 04935-240667, 9447111351

## 4) വത്തിക്കാൻ കൗൺസിൽ II മെഗാ ക്വിസ്

## കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത

രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയെക്കുറിച്ച് പഠിക്കുക, പഠിപ്പിക്കുക, സംവദിക്കുക, പ്രചരിപ്പിക്കുക എന്നീ ഉദ്ദേശങ്ങളോടുകൂടി വിശ്വാസവർഷാചരണത്തിന്റെ ഭാഗമായി എ.കെ.സി.സി. പാലാ രൂപതാ സമിതി 'മെഗാ ക്വിസ്' പ്രോഗ്രാം സംഘടിപ്പിക്കുന്നു. മൂന്ന് ഘട്ടങ്ങളിലായി നടത്തപ്പെടുന്ന ക്വിസ് മത്സരത്തിൽ എഴുത്തു പരീക്ഷ, ചോദ്യോത്തര രീതി, ടെലിക്വിസ്, തുടങ്ങിയ വിവിധ രീതികൾ ഉപയോഗപ്പെടുത്തുന്നതും വിജയികൾക്ക് ആകർഷകസമ്മാനങ്ങൾ നൽകുന്നതുമാണ്. ഏവരുടെയും പങ്കാളിത്തവും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട്,

**മെഗാക്വിസ് മത്സരം**

1. ഒന്നാം റൗണ്ട് - 2013 ജൂലൈ 13, ശനി-11 a.m.
   സെന്റ് മേരീസ് ചർച്ച്, ളാലം (ഓൾഡ്), പാലാ
2. രണ്ടാം റൗണ്ട് - 2013 ജൂലൈ 28, ഞായർ - 2 p.m.
   സെന്റ് ജോർജ് ചർച്ച് (ളാലം ന്യൂ), പാലാ

F. ഗ്രാന്റ് ഫിനാലെ - 2013 ആഗസ്റ്റ് 11, ഞായർ - 2 p.m.
   സെന്റ് തോമസ് കത്തീഡ്രൽ, പാലാ

**അവാർഡുകൾ**

**1-ാം സമ്മാനം** - **1 ലക്ഷം രൂപ** ക്യാഷ് അവാർഡും പ്രശംസാപത്രവും
(വിശ്വാസവർഷ പ്രതിഭാ പുരസ്കാരം)
(പാണ്ടിയാമ്മാക്കൽ പാപ്പൻ (ദേവസ്യാ), മോനിപ്പള്ളി മെമ്മോറിയൽ)

**2-ാം സമ്മാനം** - **50,000 രൂപ** ക്യാഷ് അവാർഡും പ്രശംസാപത്രവും
(പടിഞ്ഞാറേക്കര ജോസ് തോമസ് മെമ്മോറിയൽ)

**3-ാം സമ്മാനം** - **25,000 രൂപ** ക്യാഷ് അവാർഡും പ്രശംസാപത്രവും
(ഇടയോടിയിൽ ജോസഫ് തോമസ് (ഔസേപ്പച്ചൻ) മെമ്മോറിയൽ)

**കാറ്റഗറി അവാർഡുകൾ 10,000 രൂപ ക്യാഷ് അവാർഡ് വീതം 11 പേർക്ക്**

**നിബന്ധനകൾ**

1. മത്സരം വ്യക്തിഗത തലത്തിലായിരിക്കും.
2. വിവിധ കാറ്റഗറികൾ

ഓരോ കാറ്റഗറിയിലും പുരുഷ, വനിതാ വിഭാഗങ്ങൾ വെവ്വേറെ ഉണ്ടായിരിക്കും.

| | |
|---|---|
| 18 വയസിൽ താഴെ | A1 (ബോയ്സ്) / A2 (ഗേൾസ്) |
| 18 - 35 | B1 (പുരുഷൻ) / B2 (സ്ത്രീ) |
| 36 - 55 | C1 (പുരുഷൻ) / C2 (സ്ത്രീ) |
| 55 വയസ്സിനു മുകളിൽ | D1 (പുരുഷൻ) / D2 (സ്ത്രീ) |
| റവ. ഫാദേഴ്സ് & റവ.ബ്രദേഴ്സ് | F |
| റവ. സിസ്റ്റേഴ്സ് & സന്യാസർത്ഥിനികൾ | S |
| എ.കെ.സി.സി. മെമ്പേഴ്സ് | K |

(പ്രായം 2013 ഓഗസ്റ്റ് 11-ാം തീയതി അടിസ്ഥാനമാക്കി നിശ്ചയിക്കുന്നതാണ്)

3. മത്സര രീതി

**ഒന്നാം റൗണ്ട് :**

• എഴുത്തു പരീക്ഷ (ഒന്നര മണിക്കൂർ), • ഉത്തരങ്ങൾ ഒരു വാക്ക്/വാക്യത്തിലുള്ളവ

**രണ്ടാം റൗണ്ട് :**

• പ്രവേശനം - ആദ്യ റൗണ്ടിലെ ഓരോ കാറ്റഗറിയിൽ നിന്നും 20 പേർ വീതം 220 പേർക്ക്.

• എഴുത്തു പരീക്ഷ (2 മണിക്കൂർ) ഉത്തരങ്ങൾ ഒന്നോ അതിലധികമോ വാക്യങ്ങളുള്ളവ.

• വിവിധ കാറ്റഗറി തിരിച്ചുള്ള സമ്മാനങ്ങൾ (10,000/-) വീതം- ഈ റൗണ്ടിൽ തീരുമാനിക്കപ്പെടുന്നു.

**ഫൈനൽ:**

- പ്രവേശനം - രണ്ടാം റൗണ്ടിൽ നിന്ന് 22 പേർ ഫൈനൽ റൗണ്ടിൽ.
- എഴുത്തു പരീക്ഷ ഒഴികെയുള്ള വിവിധ മത്സരരീതികൾ അവലംബിക്കുന്നു.
- ഫൈനൽ വിജയികൾക്ക് കാറ്റഗറി അടിസ്ഥാനമാക്കിയുള്ള സമ്മാനങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

4. സമ്മാനാർഹരാകുന്നവർ മാമ്മോദീസാ സർട്ടിഫിക്കറ്റ്, ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.
5. ചോദ്യങ്ങൾ P.O.C. പ്രസിദ്ധീകരിച്ചിട്ടുള്ള '2-ാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ' എന്ന ഗ്രന്ഥത്തെ അടിസ്ഥാനമാക്കിയുള്ളതായിരിക്കും.
6. ഇതിന് സഹായകരമായി AKCC പുറത്തിറക്കുന്ന 'വത്തിക്കാൻ കൗൺസിൽ - പഠനസഹായി'യിൽ നിന്നും നിശ്ചിത ശതമാനം ചോദ്യങ്ങൾ ഉണ്ടായിരിക്കും.
   പഠനസഹായി AKCC പാലാ രൂപതാ ഓഫീസിൽ ലഭ്യമാണ്.
7. രജിസ്ട്രേഷൻ ഫീസ് - 50 രൂപ.
8. രജിസ്ട്രേഷൻ അവസാനതീയതി - 2013 ഏപ്രിൽ 30
   നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച് AKCC പാലാ രൂപതാ ഓഫീസിൽ നേരിട്ടോ, തപാൽ മുഖേനയോ രജിസ്ടേഷൻ നടത്താവുന്നതാണ്. കൂടാതെ www.akccpala.com എന്ന വെബ്സൈറ്റിൽ ഓൺലൈൻ രജിസ്ട്രേഷൻ നടത്താവുന്നതുമാണ്.
9. ഓരോ പ്രദേശത്തുനിന്നും AKCC ഭാരവാഹികൾ വഴിയോ ഇടവകയിലെ മറ്റ് ഉത്തരവാദിത്തപ്പെട്ടവർ വഴിയോ ഒരുമിച്ച് രിജ്സ്ട്രേഷൻ നടത്താവുന്നതാണ്.
10. ഏതൊരു കത്തോലിക്കാവിശ്വാസിക്കും ഇതിൽ പങ്കുചേരാവുന്നതാണ്.
11. ക്വിസ് മത്സരത്തിൽ അവലംബിക്കുന്ന ഭാഷ മലയാളമായിരിക്കും.
12. ജഡ്ജിംഗ് പാനലിന്റെ തീരുമാനം അന്തിമമായിരിക്കും.

**Office Address:** The Secretary, A.K.C.C. Diocesan Committee
Opp.St. Thomas Press, Pala P.O., Kottayam Dist., Kerala - 686575

**വിശദവിവരങ്ങൾക്ക്**

ജോസ് പരുത്തിയിൽ, Ph: 9562923826, ജോസ് വട്ടുകുളം, Ph : 9446921795
ബേബിച്ചൻ അഴിയാത്ത്, Ph : 9744627123 (കോ-ഓർഡിനേറ്റേഴ്സ്)



# *Programme*

## PASTORAL CENTRE, DWARAKA

**April 2013**

| | | |
|---|---|---|
| 05F | - | Zion CRC: Night Vigil |
| 06S | - | Zion CRC: Prayer Day |
| 09T | - | CMA Executive |
| 09T-10W | - | Catechism: Valuation Camp |
| 11T-14S | - | Marriage Preparation Course |
| 12F | - | Jesus Youth: Vigil |
| 13S | - | Jesus Youth - Prayer Day |
| 15M-18T | - | Diocesan Convention |
| 20S | - | CMA Diocesan Competition |
| 21S-25T | - | Christeen Retreat |
| 25T-28S | - | Marriage Preparation Course |
| 29M-30T | - | Diocesan Day Preparations |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# *Bishop's Programme*

***APRIL - 2013***

*01 Mon ............... Engaged*
*02 Tue 04 Thu......... Major Seminarians' Gathering*
*04 Thu .................. Pattanikoop: Ordination of Jimil Mailakarapurath VC*
*.................... Major Seminarians' Gathering*
*05 Fri ..................... Cathedral:Death Anniversary of Mar Emmaunel Pothanamuzhy*
*06 Sat Morning... Calicut*
*Afternoon... Kayakkunnu: Holy Mass at La Salette Ashram*
*07 Sun ................. Sreerangapatanam: Jubilee of Jeevan Jyothi Mission Orientation Centre*
*08 Mon ................. Kurumbala: Blessing of FCC Convent*
*09 Tue ................. Peria : Blessing of the Church*
*10 Wed ................. Thonichal: Jubilee of SKD Sisters*
*11 Thu ................. Puthiyidomkunnnu: Blessing of Presbytery. First communion & Confirmation*
*12 Fri .................. Out of Station*
*13 Sat .................. Vanjode: Blessing of Presbytery*
*15 Mon 18 Thu ...... Dwaraka:Diocesan Bibile Convention*
*19 Fri ................. Out of Station*
*20 Sat Morning... Elapeedika: Ordination of Jerry Madathiparambil OSB*
*Afternoon... Santhigiri: First Communion & Confirmation*

| | | |
|---|---|---|
| *21 Sun* | *..................* | *Seethamount : First Communion & Confirmation* |
| *22 Mon* | *.................* | *Out of Station* |
| *23 Tue* | *.................* | *Narivalamunda : First Communion & Confirmation* |
| *24 Wed* | *.................* | *Deepthi Bhavan: Jubilee of FCC Sisters* |
| *25 Thu* | *.................* | *Dwaraka: Vestiton of SABS novices* |
| *26 Fri* | *.................* | *Out of Station* |
| *27 Sat* | *.................* | *Mandya: Blessing of Bishop's House* |
| *28 Sun* | *.................* | *Theneri : First Communion & Confirmation* |
| *29 Mon* | *.................* | *Engaged* |
| *30 Tue* | *.................* | *Nadavayal: Vestition of CMC Novices* |

***MAY - 2013***

| | | |
|---|---|---|
| *01 Wed* | *..................* | *Diocesan Day* |
| *02 Thu* | *..................* | *Rippon : First Communion & Confirmation* |
| *03 Fri* | *..................* | *Out of Station* |
| *04 Sat* | *..................* | *Kanniambetta: First Communion & Confirmation* |
| *05 Sun* | *.................* | *Pazhoor: First Communion & Confirmation* |
| *06 Mon* | *.................* | *Engaged* |
| *07 Tue* | *.................* | *Dwaraka: Jubilee of SH Sisters* |
| *08 Wed* | *..................* | *Engaged* |
| *09 Thu* | *..................* | *Beenachi: MSFS House Blessing* |
| *10 Fri* | *..................* | *Out of Station* |
| *11 Sat* | *..................* | *Anniversary of Vincent De Paul Society* |
| *12 Sun* | *..................* | *Njarapadam: Pastoral Visit & Blessing of Grotto* |
| *13 Mon* | *.................* | *Minor Seminary Interview* |
| *14 Tue* | *.................* | *Engaged* |
| *15 Wed* | *.................* | *Arulnilayam: Blessing of the Church* |
| *16 Thu 17 Fri* | *.........* | *Out of Station* |

| | | |
|---|---|---|
| *19 Sun* | *..................* | *Valeri : Blessing of the Church* |
| *20 Mon* | *..................* | *Visitors' Day* |
| *21 Tue* | *..................* | *Engaged* |
| *22 Wed* | *.................* | *Visitors' Day* |
| *23 Thu* | *.................* | *Engaged* |
| *24 Fri* | *.................* | *Out of Station* |
| *25 Sat* | *.................* | *Dwaraka: Catechism HM & PP Conference* |
| *26 Sun* | *Morning...* | *Moolankavu: First Communion and Confirmation* |
| | *Afternoon...* | *Panamaram: Inauguration of the New Parish* |
| *27 Mon* | *.................* | *Kallody: Ordination of Dn Thomas Peechappilly PSDP* |
| *28 Tue* | *..................* | *Deacons' Parents Meet* |
| *29 Wed* | *.................* | *Visitors' Day* |
| *30 Thu 31Fri* | *...........* | *Out of Station* |